ബലാഗ്
Message മാസിക

അൽകൗസർ ഉലമാ കൗൺസിൽ
പ്രസിദ്ധീകരണം

നൂറുൽ ഹുദാ മസ്ജിദ് ബിൽഡിംഗ്,
II ഫ്‌ളോർ എറണാകുളം നോർത്ത്,
കൊച്ചി – 682018

പുസ്തകം 25 | ലക്കം 5
1 ആഗസ്റ്റ് 2022
1443 മുഹർറം – സഫർ

**രക്ഷാധികാരി**
ഇ. എം. സുലൈമാൻ മൗലവി
അൽകൗസരി

**ഡയറക്ടർ**
റ്റി. എ അബ്ദുൽ ഗഫാർ മൗലവി
അൽ കൗസരി

**ചീഫ് എഡിറ്റർ**
ഹാഫിസ് മുസമ്മിൽ മൗലവി
അൽകൗസരി

**അസോസിയേറ്റ് എഡിറ്റർ**
പി. എച്ച്. സൈനുൽ ആബിദീൻ
മൗലവി അൽകൗസരി

**ഫൗണ്ടർ**
ഹാഫിസ് അബ്ദുശ്ശുക്കൂർ മൗലവി
ഖാസിമി

**മാനേജിംഗ് എഡിറ്റർ**
ഹാഷിം ജവാദ് മൗലവി അൽ
കൗസരി

**ട്രഷറർ**
സുബൈർ കൗസരി

**മാനേജർ**
ശിഫാർ കൗസരി

**സർകുലേഷൻ മാനേജർ**
യൂനുസ് മൗലവി അൽകൗസരി

# ഉള്ളടക്കം

കത്തുകൾ .......... 4
എഡിറ്റോറിയൽ .......... 5
മആരിഫുൽ ഖുർആൻ .......... 6

**കവർ സ്റ്റോറി**

09 **സ്വാതന്ത്ര്യ സമരവും രാഷ്ട്ര സംരക്ഷണവും**
മൗലാനാ സയ്യിദ് അർഷദ് മദനി

14 **മനുഷ്യകുലത്തിന്റെ പ്രവാചകൻ**
മൗലാനാ ഖാലിദ് സൈഫുല്ലാഹ് റഹ്മാനി

**കർബലയും ശിയാക്കളും** 20
പ്രൊഫസർ അബ്ദുർറഹ്മാൻ ആദൃശ്ശേരി

**ലേഖനം**

ചോദ്യോത്തരങ്ങൾ .......... 19

മുഹർറം: വിശ്വാസിയുടെ പുതുവത്സരം..
ഹാഫിസ് ഹുസൈൻ ഖാസിമി തളിപ്പറമ്പ .......... 26

പ്രതീക്ഷയോടെ പുതിയ മുഹററത്തെ വരവേൽക്കാം
പി ടി ശുക്കൂർ ഹുസ്നി, മേൽമുറി .......... 29

ഹൃദയസ്പർശമാണ് ദാറുൽ ഉലൂം ദയൂബന്ദ്
അൽ ഹാഫിസ് ഫിറോസ് ഖാൻ കൗസരി - ചിലവ് .......... 31

അഷ്റഫ് അലി ത്ഥാനവി (റഹ്) കാലഘട്ടത്തിന്റെ ഇതിഹാസ പണ്ഡിതൻ
അബ്ദുല്ല ഹസനി തലനാട് .......... 34

കാർഗുസാരി/സന്താനോ ഡു ലിവർമെന്റൊ -ബ്രസീലിൽ ദീനി അന്തരീക്ഷമുള്ള ഒരു നാട്
ഇബ്നു അബ്ദുൽ അസീസ് .......... 37

ഹസ്രത്ത് ഹുസൈൻ (റ) ഘാതകർ ശിയാക്കൾ
സാലിഹ് പുതുപൊന്നാനി .......... 41

## കത്തുകൾ



# ആദർശ മേൽവിലാസം

ചിന്തോദ്ദീപകമായ എഡിറ്റോറിയലോടൊപ്പം അണിഞ്ഞൊരുങ്ങി എത്തിയ ബലാഗ് പ്രഥമ പേജുകളിൽ തന്നെ ഹൃദയാന്തരങ്ങളിൽ സ്പർശിച്ചു. ഇസങ്ങളും, ദർശനങ്ങളും, ആൾക്കൂട്ടങ്ങളും, കാഴ്ചപ്പാടുകളും, സോഷ്യൽ ഇടങ്ങളും, അധികാര കേന്ദ്രങ്ങളും, മതത്തെ ഉപാസിച്ച് കഴിയുന്നവരും, മതനിരാസത്തെ മതമായി സ്വീകരിച്ചവരും, തൊഴിലാളി പാർട്ടിയും, മുതലാളി പാർട്ടിയും, തോളോട് തോൾ ചേർന്ന് നിരന്നു നിന്ന് ആഞ്ഞ് ഓങ്ങി ഊതിപ്പറത്താൻ സർവ്വ ശക്തിയും സാംശീകരിക്കുമ്പോഴും അനുയായികളുടെ ആവേശ ചിന്തയും മർദ്ദിതരുടെ വിമോചന ഗീതവും ആത്മപുഷ്കലതയ്ക്ക് പ്രയത്നിക്കുന്നവരുടെ മനസ്സ് എത്തി ഉടക്കി നിൽക്കുന്ന ഏക പ്രതീക്ഷയും, അക്രമവും അനീതിയും അരാജകത്വവും അഴിമതിയും സ്വാർത്ഥതയും വിദ്വേഷവും വിരോധവും കളമൊഴിഞ്ഞ ശോഭനമായ ഭാവിക്കായി പ്രാർത്ഥന നിരതരായ സർവ്വരുടെയും മനസ്സിൽ തെളിഞ്ഞു നിൽക്കുന്ന ഏക പ്രകാശകിരണമായി ഇസ്ലാം ജ്വലിക്കുന്നത് 'കാട്ടു തീയിൽ കുരുത്തത് വെയിലേറ്റ് വാടാനുള്ളതല്ല' എന്ന ആപ്തവാക്യത്തിന് അടിവരയിട്ടു കൊണ്ടാണെന്ന് എഡിറ്റോറിയലിന്റെ ഓരോ അക്ഷരവും സാന്ത്വനം നൽകിയത്.

താബൂതും, അസ്വയും തസ്ഖീറുർരീഹും, തൽയീനുൽ ഹദീദും, തഅ് വീലുൽ അഹാദീസും, മുൽകൻ ലാ യൻബഗീ ലി അഹദിൻ മിമ്പഅ്ദീ... തുടങ്ങി യാതൊന്നും കൂടെയില്ലാതെ ഒരു പ്രവാചകൻ മില്ലത്തിന്റെ പിതാവായി വാണരുളുന്ന തേജോഹരമായ കാഴ്ച കാണുമ്പോൾ ഏത് വിശ്വാസിയുടെ ഉള്ളമാണ് തുടിച്ചു പോകാത്തത്? ത്വാഗൂത്തുകൾ അരങ്ങ് തകർത്തു വേതാള പ്രകടനങ്ങളിലൂടെ ചുടലക്കളം തീർത്ത് മുന്നേറുമ്പോൾ തരിമ്പും അസ്വസ്ഥതപ്പെടാതെ വർദ്ധിത പ്രതീക്ഷയോടെ പുഞ്ചിരിച്ചു നിൽക്കാൻ വിശ്വാസിക്ക് വേണ്ടുന്ന അഗ്നിസ് പുല്ലിംഗങ്ങൾ ആവോളം നിറഞ്ഞു തുളുമ്പുന്ന ഇബ്രാഹിമീ മില്ലത്ത് നമ്മുടെ നെഞ്ചകത്ത് നിറഞ്ഞു നിൽക്കാൻ നാം ഓരോരുത്തരും കൂടുതൽ ശ്രദ്ധാലുക്കളാവുക.

ഇലാഹും കൂടെ ചിലരും...

കൂടെ ഒന്നുമില്ലാത്ത വഹ്ദഹു ആയ ഇലാഹിനെ ചിന്തിക്കാൻ കഴിയാതിരുന്ന ചില പാവം മനുഷ്യർ വാണരുളിയിരുന്ന നാട്ടിലേക്ക് അഷ്ടദിക്കുകളിൽ ഏതു വഴിയ്ക്കാവട്ടെ, ഏതാവശ്യത്തിന് വേണ്ടിയാകട്ടെ കടന്നുവരണമെങ്കിൽ തൊണ്ട പൊട്ടുമാറുച്ചത്തിൽ ലാ ശരീക ലക, ലാ ശരീക ലക, എന്നു വിളിച്ചുകൊണ്ടു മാത്രമേ ആകാവൂ എന്നു വരികിൽ അൽ മില്ലത്തുൽ ഇബ്രാഹിമിയ നമുക്ക് തരേണ്ട ആത്മവിശ്വാസം എന്തുമാത്രം ജാജ്വല്യമാനം ആയിരിക്കണം എന്ന് പലതവണ ചിന്തിച്ചു പോയി. വിശുദ്ധ ഇസ്ലാം തനത് ശൈലിയിൽ ഞങ്ങൾക്കെത്തിച്ചു തരാൻ വേണ്ടി ബലാഗിനെ അരങ്ങത്ത് എത്തിക്കാൻ പ്രയത്നിക്കുന്ന അൽ കൗസറിനും ബലാഗിന്റെ അണിയറ ശിൽപ്പികൾക്കും പ്രതിബന്ധങ്ങളെ അവഗണിച്ചു മുന്നോട്ടു പോകാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കണമേയെന്ന് അല്ലാഹുവിനോട് ദുആഅ് ഇരക്കുന്നു.

**– അബൂ അബ്ദില്ല, കോട്ടയം.**

## എഡിറ്റോറിയൽ

**പ്രപഞ്ചനാഥന്റെ അനുഗ്രഹത്താൽ**

# ഹിജ്റ

ഒരു ഹിജ്റ വർഷം കൂടി ആരംഭിച്ചു. ഇസ്‌ലാമിക ചരിത്രത്തിലെ അവിസ്മരണീയമായ മുഹൂർത്തമാണ് ഹിജ്റ. പ്രവാചക ജീവിത ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിലേക്കുള്ള പ്രധാന ചുവടുവയ്പ്പെന്ന് ഹിജ്റയെ വിശേഷിപ്പിക്കാം. അന്ത്യ നാൾ വരെ വരുന്ന മനുഷ്യ കുലത്തിന് സത്യ സന്ദേശം കൈമാറുക എന്ന മഹത്തായ ലക്ഷ്യം സാധൂകരിക്കുന്നത് തിരുദൂതരുടെയും അനുചരന്മാരുടേയും ഹിജ്റയിലൂടെയാണ്.

നബി തങ്ങൾക്ക് മുമ്പ് പല നബിമാരും ഹിജ്റ നടത്തിയതായി ചരിത്രത്തിലുണ്ട്. ഇറാഖിൽ നിന്ന് പുറപ്പെട്ട് ഈജിപ്തും ഫലസ്തീനും പിന്നിട്ട് മക്കയിലെത്തി വീണ്ടും തിരിച്ചു ഷാമിലേക്ക് പോയ ഇബ്രാഹീം നബിയുടെ ദേശാടനവും ഈജിപ്തിൽനിന്നും മദ്‌യനിലേക്കുള്ള മൂസാ പ്രവാചകരുടെ പലായനവും അവിടെ നിന്നു വീണ്ടും ഈജിപ്തിലേക്കും ശേഷം ഫലസ്തീനിലേക്കും മൂസാ നബി നയിച്ച വിമോചനയാത്രയും ഇതിനുദാഹരണങ്ങളാണ്.

എന്നാൽ, പ്രവാചക(സ)ന്റെ ഹിജ്റ ഏറ്റവും ത്യാഗപൂർണ്ണമായിരുന്നു. മക്കയിൽ പരസ്യ പ്രബോധനം ആരംഭിച്ചതു മുതൽക്കു തന്നെ നബിക്കും സഹാബികൾക്കും പീഡനങ്ങളേൽക്കേണ്ടിവന്നിരുന്നു. ഓരോ ദിനവും അതു കൂടികൊണ്ടിരുന്നു. പീഡനങ്ങൾ അസഹനീയമായ തലത്തിലേക്കുയർന്നപ്പോൾ ഹിജ്റക്ക് അല്ലാഹുവിന്റെ അനുമതിയുണ്ടായി.. വിശ്വാസികൾ ഒളിഞ്ഞും മറഞ്ഞും മദീനയിലേക്ക് യാത്ര തിരിച്ചു. ഉമർ(റ) ഹംസ (റ)യെപ്പോലെ അല്പം ചിലർ മാത്രം പരസ്യമായും. വിശ്വാസികളുടെ ഒഴിഞ്ഞു പോക്കു മക്കയിൽ വ്യാപകമായി. ആളൊഴിഞ്ഞ വീടുകളും കുടിലുകളും കണ്ട അബൂ ജഹലും കൂട്ടരും സന്തോഷിക്കുകയല്ല ചെയ്തത്. മറുപുറത്തു സമ്മേളിക്കുന്ന വിശ്വാസികൾ കരുത്താർജ്ജിക്കും എന്ന ഭീതിയാണ് അവരെ അലട്ടിയത്. അതുകൊണ്ട് തന്നെ കടുംകൈ ചെയ്യാൻ ആ കുടിലന്മാർ തീരുമാനിച്ചു. അതായത്, പ്രവാചകരെ വധിക്കാൻ അവർ പദ്ധതി തയ്യാറാക്കി.

ഒടുവിൽ പ്രവാചകർക്കും അല്ലാഹുവിന്റെ അനുമതിയെത്തി. അബൂബകർ സിദ്ദീഖ്(റ)നെ കൂടെക്കൂട്ടി നബി(സ) യാത്രയ്ക്കുള്ള സജ്ജീകരണങ്ങൾ നടത്തി. യാത്രയ്ക്കിടയിൽ ശത്രുക്കളുടെ കണ്ണിൽ പെടാതിരിക്കാൻ അബൂബക്റി(റ)നോടൊപ്പം സൗർ ഗുഹയിൽ അഭയം പ്രാപിച്ചു.

മൂന്നു ദിവസം പുറംലോകം കാണാതെ സൗറിന്റെ കൂരിരുട്ടിൽ കഴിഞ്ഞു.. തൗഹീദിന്റെ നിലനില്പിനു വേണ്ടിയുള്ള സമരത്തിലെ ത്യാഗത്തിന്റെയും സാഹസികതയുടെയും അധ്യായങ്ങളായിരുന്നു അത്. സൗർ ഗുഹാമുഖത്തോളം ശത്രുക്കളെത്തി. പിടിക്കപ്പെടുമെന്ന ഭീതിയാൽ അബൂബക്ർ(റ) അസ്വസ്ഥനായി. പ്രവാചകൻ അദ്ദേഹത്തെ ആശ്വസി

പ്പിച്ചു: 'അബൂബകർ, ഭയപ്പെടരുത്. അല്ലാഹു നമ്മോടൊപ്പമുണ്ട്.' അവസാനം മുഹമ്മദി(സ)നെ കണ്ടെത്താൻ കഴിയാത്ത നിരാശയാൽ ശത്രുക്കൾ പിന്തിരിഞ്ഞു. അല്ലാഹു പറയുന്നു "നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ, അവർ രണ്ടുപേരും (നബിയും അബൂബക്റും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, 'ദുഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്' എന്ന് പറയുന്ന സന്ദർഭം, അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുക്കുകയും നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിന്‍ബലം നല്കുകയും, സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്നു നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (വി.ഖു. 9:40)

ഖുറൈശികൾ അന്വേഷണം മതിയാക്കിയെന്നറിഞ്ഞപ്പോൾ നാലാം നാൾ മദീന ലക്ഷ്യമാക്കി നബി(സ)യും അബൂബകറും(റ) യാത്ര തുടർന്നു. മക്കയിൽ നിന്ന് പ്രവാചകൻ രക്ഷപ്പെട്ടതറിഞ്ഞ മദീനാ നിവാസികൾ അവിടുത്തെ ആഗമനവും പ്രതീക്ഷിച്ച് ആകാംക്ഷയോടെ കാത്തിരിപ്പായി. മരുഭൂമിയിലൂടെയുള്ള എട്ടു ദിവസത്തെ തുടർച്ചയായ യാത്രയ്ക്കൊടുവിൽ പ്രവാചകൻ മദീനയുടെ അടുത്ത ഭാഗത്തുള്ള 'ഖുബാഅ്' എന്ന സ്ഥലത്തെത്തിച്ചേർന്നു. നാലു ദിവസം അവിടെ തങ്ങിയ ശേഷം പ്രവാചകൻ യസ്‌രിബ് (മദീനാ) ലക്ഷ്യം വെച്ചു. നഗരവാസികൾ പ്രവാചകനെ തക്ബീർ ധ്വനികളുയർത്തിയും ദഫ് മുട്ടി കവിതകൾ ആലപിച്ചും എതിരേറ്റു. അങ്ങനെ ലോകത്തിന്റെ ഗതി മാറ്റിയ പുതിയ ഒരു അധ്യായം രചിക്കപ്പെട്ടു.

പ്രവാചകന്റെ ഹിജ്റ വിശ്വാസികൾക്കു വലിയ സന്ദേശങ്ങൾ നൽകുന്നുണ്ട്; തൗഹീദിന്റെ നിലനില്പിന്നു വേണ്ടി അല്ലാഹുവിന്റെ മാർഗത്തിൽ എന്തും ത്യജിക്കാൻ വിശ്വാസികൾ സന്നദ്ധമായാൽ ഏതു പ്രതിസന്ധിയും തരണം ചെയ്യാൻ കഴിയും എന്നതറയിക്കുന്നുണ്ട്. ഈ ദീൻ വിശ്വാസികളുടെ ത്യാഗത്തിൽ കൂടി മാത്രമേ അവരിൽ നിലനിൽക്കൂ എന്നു വിളിച്ചു പറയുന്നുണ്ട്. ദീനിനുവേണ്ടി പ്രിയപ്പെട്ടതൊക്കെ സമർപ്പിക്കാൻ സന്നദ്ധത കാണിക്കുന്ന വിശ്വാസികൾ വസിക്കുന്ന പ്രദേശങ്ങൾ ഇസ്‌ലാമിക പ്രഭ പരത്തുന്ന കേന്ദ്രങ്ങളാകും എന്നു സുവിശേഷം അറിയിക്കുന്നുണ്ട്. എത്ര വലിയ വിദ്വേഷത്തിന്റെയും കുടിപ്പകയുടേയും വക്താക്കളെയും സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും മാതൃകകളായി പരിവർത്തിപ്പിക്കാൻ ഈ ദീനിന് നിഷ്പ്രയാസം സാധിക്കും എന്നു ബോധ്യപ്പെടുത്തുന്നുണ്ട്. ഇസ്‌ലാമിക ആദർശ ബന്ധത്തിന്റെ പേരിലുള്ള സഹകരണം വിശ്വാസികളെ അല്ലാഹുവിന്റെ ഇഷ്ടക്കാരാക്കും. ഹിജ്റ പിൻഗാമികളായ വിശ്വാസികളെ മുൻഗാമികളോടൊപ്പം ചേർക്കുന്നു. കാരണം, ഹിജ്റ വിശ്വാസികളിൽ രണ്ടു മഹത്തായ വിഭാഗത്തെ സൃഷ്ടിച്ചു. മുഹാജിറുകളും അൻസാറുകളും. അവരെ നന്മയിൽ പിൻതുടരുന്നവരും അല്ലാഹുവിന്റെ പ്രീതിയിൽ എത്തിച്ചേർന്നവരാണ് എന്ന് അല്ലാഹു പ്രഖ്യാപിച്ചു.

**■ ചീഫ് എഡിറ്റർ**

**മൗലാനാ മുഫ്തി മുഹമ്മദ് ശഫീഅ് (റഹ്)**
വിവ. ശൈഖുൽ ഹദീസ് മൗലാനാ
അബ്ദുൽകരീം റഷാദി അൽഖാസിമി (റഹ്)

# അദൃശ്യ കാര്യങ്ങളുടെ അറിവ് അല്ലാഹുവിൽ മാത്രം

**അദൃശ്യകാര്യങ്ങളുടെ താക്കോലുകൾ അവന്റെ പക്കലാകുന്നു. അവനല്ലാതെ അവ അറിയുകയില്ല, കരയിലും കടലിലുമുള്ളത് അവനറിയുന്നു. അവനറിയാതെ ഒരിലപോലും കൊഴിയുന്നില്ല; ഭൂമിയുടെ ഇരുളുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയും, പച്ചയോ ഉണങ്ങിയതോ ആയ ഒരു വസ്തുവും വ്യക്തമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെ ഉണ്ടാവില്ല. അവനത്രെ രാത്രിയിൽ നിങ്ങളെ പിടിച്ചെടുക്കുന്നവൻ; പകലിൽ നിങ്ങൾ പ്രവർത്തിച്ചതെല്ലാം അവൻ അറിയുകയും ചെയ്യുന്നു. പിന്നീട് നിശ്ചിതമായ ജീവിതാവധി പൂർത്തിയാക്കപ്പെടുന്നതിനുവേണ്ടി പകലിൽ അവൻ നിങ്ങളെ ഉണർത്തെഴുന്നേൽപ്പിക്കുന്നു. പിന്നീട് അവനിലേക്കത്രെ നിങ്ങളുടെ മടക്കം. അനന്തരം നിങ്ങൾ ചെയ്തുകൊണ്ടിരുന്നതിനെ പറ്റിയെല്ലാം അവൻ നിങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യും. തന്റെ ദാസന്മാരുടെമേലുള്ള പരമാധികാരി അവനത്രെ. നിങ്ങളുടെ മേൽ കാവൽക്കാരെ അവൻ നിശ്ചയിക്കുന്നു. അങ്ങിനെ നിങ്ങളിൽ ആർക്കെങ്കിലും മരണം ആസന്നമാകുമ്പോൾ നമ്മുടെ ദൂതന്മാർ പൂർണ്ണമായി അവനെ പിടിച്ചെടുക്കുന്നു. ഒരു വീഴ്ചയും അവർ വരുത്തുകയില്ല. അനന്തരം തങ്ങളുടെ യഥാർത്ഥ അധിപനായ അല്ലാഹുവിലേക്ക് അവരെ മടക്കിക്കൊണ്ടുവരപ്പെടും, അറിയുക; തീരുമാനാധികാരം അവനുമാത്രമാണ്. വിചാരണ ചെയ്യുന്നതിൽ അവൻ അതിവേഗതയുള്ളവനാണ്.**

**ആശയസംഗ്രഹം:**

അദൃശ്യ വസ്തുക്കളുടെ ഖജനാവുകളെല്ലാം അല്ലാഹുവിന്റെ ആധിപത്യത്തിലാണ്. അതിൽ നിന്നും അവൻ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്ന സമയത്ത് ഉദ്ദേശിക്കുന്ന അളവിൽ വെളിവാക്കുന്നു. ശിക്ഷയുടെ വിഭാഗങ്ങളും അതിൽ ഉൾപ്പെടുന്നു. അവനല്ലാതെ മറ്റാർക്കും അതിലൊന്നിനും കഴിവില്ല. അതിനുള്ള കഴിവ് അവന് മാത്രമുള്ളതാണെന്ന പോലെ അത് സംബന്ധിച്ചുള്ള പൂർണ്ണമായ അറിവും അവന് മാത്രമുള്ളതാണ്. ആകയാൽ അവ്യക്തമായ ആ ഖജനാവുകളൊന്നും അവനല്ലാതെ മറ്റാരും അറിയുകയില്ല. കരയിലും കടലിലുമുള്ള മുഴുവൻ വസ്തുക്കളെയും അവൻ അറിയുന്നു. ഒരു വൃക്ഷത്തിൽ നിന്നും ഒരിലപോലും അവനറിയാതെ കൊഴിഞ്ഞു വീഴുന്നില്ല. ഭൂമിയുടെ ഇരുളറയിൽ ഒരു ധാന്യമാകട്ടെ പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവു

മാകട്ടെ വ്യക്തമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെയില്ല. ഒരു വസ്തുവും വീഴുകയോയില്ല. രാത്രിയിൽ ഉറങ്ങുമ്പോൾ നിങ്ങളുടെ ജീവനെ പിടിക്കുന്നവനും അവനാണ്. അഥവാ നിങ്ങളുടെ പ്രവർത്തനശക്തിയെ അവൻ ഇല്ലാതാക്കുന്നു. നിങ്ങൾ പകലിൽ പ്രവർത്തിക്കുന്നതെല്ലാം അവൻ അറിഞ്ഞുകൊണ്ടിരിക്കുന്നു. പിന്നീട് ഭൗതിക ജീവിതത്തിൽ നിങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ജീവിതം നിങ്ങൾ പൂർത്തിയാക്കുന്നതിന് വേണ്ടി പകലിൽ അവൻ നിങ്ങളെ ഉണർത്തെഴുന്നേൽപ്പിക്കുന്നു. പിന്നീട് മരണ ശേഷം അവനിലേക്ക് തന്നെയാണ് നിങ്ങളുടെ മടക്കവും അപ്പോൾ ഇഹലോകത്ത് നിങ്ങൾ ചെയ്തിരുന്നതിനെ പറ്റിയെല്ലാം അവൻ നിങ്ങളെ പറഞ്ഞറിയിക്കുകയും അതിനനുസൃതമായ പ്രതിഫലമോ ശിക്ഷയോ അവൻ നിങ്ങൾക്ക് നടപ്പിലാക്കുകയും ചെയ്യും.

തന്റെ മുഴുവൻ അടിമകളെയും അവൻ അടക്കിഭരിക്കുന്നവനാണ്. (അവരോട് അല്ലാഹു ആഹ്വാനം ചെയ്യുന്നു:) നിങ്ങളുടെ മരണം വരെയുള്ള അമലുകളെല്ലാം നോക്കുന്നതിനും നിങ്ങളെ സംരക്ഷിക്കുന്നതിനും ദൂതന്മാരെ നിങ്ങളിലേക്ക് അവൻ അയച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ നിങ്ങളിലോരോരുത്തർക്കും മരണം ആസന്നമാകുമ്പോൾ നിങ്ങളുടെ റൂഹുകളെ ആ ദൂതന്മാർ പിടിച്ചെടുക്കുന്നു. അതിൽ അവർ ഒരു വീഴ്ച്ചയും വരുത്തുകയില്ല. അതായത് നിങ്ങളെ സംരക്ഷിക്കാനുള്ള നിർദ്ദേശമുണ്ടാകുന്നത്വരെ അതിനു ചുമതലപ്പെടുത്തപ്പെട്ട മലക്കുകൾ നിങ്ങളെ സംരക്ഷിക്കുകയും നിങ്ങളുടെ മരണം ആസന്നമാകുമ്പോൾ നിങ്ങളുടെ റൂഹിനെ പിടിക്കുന്ന മലക്കുകളോടൊപ്പം അവർ ഒരുമിച്ചുകൂടുകയും ചെയ്യും. പിന്നീട് നിങ്ങളുടെ ഉടമസ്ഥനായ അല്ലാഹുവിലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടും അപ്പോൾ അല്ലാഹു മാത്രമായിരിക്കും തീരുമാനമെടുക്കുക മറ്റാർക്കും അതിൽ യാതൊരു പങ്കുമുണ്ടായിരിക്കുകയില്ല. വളരെ വേഗം അവൻ വിചാരണ നടത്തുകയും ചെയ്യും.

### വിവരണവും വ്യാഖ്യാനവും

### പാപത്തിൽ നിന്നും രക്ഷനേടാനുള്ള ഏക മാർഗ്ഗം

മറ്റ് മതങ്ങളിൽ നിന്നും ഇസ്‌ലാമിനെ വേർതിരിക്കുന്ന ഏറ്റവും മർമ്മപ്രധാനമായ കാര്യം ഏകത്വവിശ്വാസമാണ്. പക്ഷെ അല്ലാഹു ഒരുവനാണെന്നോ ഏകനാണെന്നോ മാത്രം അറിയുന്നതിന്റെ പേരല്ല ഏകത്വ വിശ്വാസം. മറിച്ച് സമ്പൂർണ്ണതയുടെ എല്ലാ വിശേഷണങ്ങളിലും അവൻ ഒരുവൻ മാത്രമേയുള്ളുവെന്നും ആ വിശേഷണങ്ങളിലൊന്നിലും അവന് തുല്യമായി ആരുമില്ലെന്നും അറിയുന്നതിനാണ് ഏകത്വവിശ്വാസമെന്ന് പറയുന്നത്.

അസ്തിത്വം, അറിവ്, കഴിവ്, കേൾവി, കാഴ്ച്ച, ഉദ്ദേശം, വേണ്ടുക, സൃഷ്ടിക്കുക, ഭക്ഷണം നൽകുക മുതലായ വിശേഷണങ്ങളിൽ അവൻ സമ്പൂർണ്ണനും ഏകനുമാണ്. ഇത്തരം വിശേഷണങ്ങളിലൊന്നിലും സൃഷ്ടികളിലാരും അവന് തുല്യമായില്ല. ഇവയിൽ രണ്ടു വിശേഷണങ്ങൾ കൂടുതൽ സവിശേഷതയുള്ളതാണ് ഒന്ന്: അറിവ് രണ്ട്: കഴിവ്. അല്ലാഹുവിന്റെ അറിവ്, നിലവിലുള്ളതും ഇല്ലാത്തതും ദൃശ്യവും അദൃശ്യവും ചെറുതും വലുതുമായ സർവ്വ വസ്തുക്കളെയും ഉൾക്കൊള്ളുന്നതാണ്. അവന്റെ കഴിവും സർവ്വ വസ്തുക്കളുടെ മേലും സമ്പൂർണ്ണമാണ്. മേൽ പറയപ്പെട്ട രണ്ടായത്തുകളിലും ഈ രണ്ട് വിശേഷണങ്ങളെ സംബന്ധിച്ച വിവരണമാണ്. അല്ലാഹുവിന്റെ ഈ രണ്ട് വിശേഷണങ്ങളിൽ പൂർണ്ണമായ ഉറപ്പുണ്ടാകുകയും അതെപ്പോഴും തന്റെ ഓർമ്മയിലുണ്ടായിരിക്കുകയും ചെയ്യുന്ന പക്ഷം മനുഷ്യനിൽ നിന്ന് ഒരു തെറ്റോ പാപമോ ഉണ്ടാകുക സാധ്യമല്ല. തന്റെ മുഴുവൻ വാക്കുകളും പ്രവർത്തികളും അനക്കങ്ങളും അടക്കങ്ങളും എന്നല്ല തന്റെ ഉള്ളും പുറവും ഹൃദയത്തിന്റെ വികാര വിചാരങ്ങൾ വരെയും സർവ്വജ്ഞനും സർവ്വ ശക്തനുമായ നാഥൻ അറിഞ്ഞുകൊണ്ടിരിക്കുന്നുവെന്ന ചിന്ത മനുഷ്യഹൃദയങ്ങളിൽ നിലനിൽക്കുന്നിടത്തോളം അവന്റെ ഒരു പാദവും അല്ലാഹുവിന് അനുസരണക്കേട് കാണിക്കുന്നതിൽ ചലിക്കുകയില്ല. അത്കൊണ്ട് ഈ രണ്ടായത്തും മനുഷ്യനെ പൂർണ്ണ മനുഷ്യനാക്കുന്നതിനും വാക്കുകളിലും പ്രവർത്തികളിലും സ്വഭാവങ്ങളിലും അവനെ നേരെയാക്കുന്നതിനുമുള്ള മരുന്നാണ്.

ആദ്യ ആയത്തിൽ അല്ലാഹു പറയുന്നു: (അദൃശ്യമായ ഖജനാവുകൾ അവന്റെയടുക്കലുണ്ട് അവനല്ലാതെ അത് അറിയുകയില്ല) മഫാതിഹ് എന്നത് മഫ്തഹ് ന്റെ ബഹുവചനമാകാം. അപ്പോൾ ഖജനാവുകൾ എന്നാണിതിനർത്ഥം അല്ലെങ്കിൽ മഫ്തഹ് ന്റെ ബഹുവചനമാകാം. അപ്പോൾ താക്കോലുകൾ എന്നാണിതിനർത്ഥം. ആയത്കൊണ്ട് ചില ഖുർആൻ പണ്ഡിതന്മാർ ഇതിന് ഖജനാവുകൾ എന്നും ചിലർ താക്കോലുകൾ എന്നും അർത്ഥം നൽകിയിട്ടുണ്ട്. രണ്ടിന്റെയും താൽപര്യം ഒന്ന് തന്നെയാണ് കാരണം താക്കോലുകളുടെ ഉടമയാകുന്നതിനോടെ ഖജനാവുകളുടെയും ഉടമയായിത്തീരുന്നു.

കവർ സ്റ്റോറി

മൗലാനാ സയ്യിദ് അർഷദ് മദനി
വിവ: അബൂഉമാമ അൽഖാസിമി

# സ്വാതന്ത്ര്യ സമരവും രാഷ്ട്ര സംരക്ഷണവും

ഇന്ത്യ നമ്മുടെ മാതൃരാജ്യമാണ്. ജനിച്ച മണ്ണിനോടുള്ള കൂറും സ്നേഹവും പ്രകൃതിപരമാണ്. കൂടാതെ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഈ നാടിനോടുള്ള സ്നേഹാദരവുകൾക്ക് വേറെയും കാരണങ്ങളുണ്ട്. ആദം(അ), നൂഹ്(അ) മുതലായ പ്രവാചകന്മാരുടെ കർമ്മമണ്ഡലമാണ് ഭാരതം. അന്ത്യ പ്രവാചകൻ മുഹമ്മദ് റസൂലുല്ലാഹി (സ) ഈ രാജ്യത്തെ സ്നേഹിക്കുകയും വാഴ്ത്തുകയും ചെയ്തു. ആദരണീയ സഹാബത്തിൽ പലരും ഈ രാജ്യത്ത് വന്നണഞ്ഞു. ആയിരക്കണക്കിന് ഔലിയാക്കൾ ഇവിടെ ജനിക്കുകയും വളരുകയും ലോകം മുഴുവൻ സന്മാർഗ്ഗം പരത്തുകയും അവസാനം ഇവിടെ തന്നെ വിശ്രമിക്കുകയും ചെയ്യുന്നു. ലക്ഷക്കണക്കിന് മസ്ജിദുകളും പതിനായിക്കണക്കിന് ഇസ്‌ലാമിക വിജ്ഞാന കേന്ദ്രങ്ങളും സംസ്കരണ- പ്രബോധന സ്ഥാപനങ്ങളും ഇവിടെ നിറഞ്ഞു നിൽക്കുന്നു. ആകയാൽ ഈ രാജ്യത്തോടുള്ള സ്നേഹവും കൂറും ഈ രാഷ്ട്രത്തിന്റെ നന്മയും പുരോഗതിയും ആഗ്രഹിക്കലും പരിശ്രമിക്കലും മതപരമായ ബാധ്യത കൂടിയാണ്.

മുൻഗാമികളായ മഹത്തുക്കൾ ഈ കർത്തവ്യത്തിനായി ഉണർന്നു ഈ വഴിയിലൂടെ മുന്നോട്ട് നീങ്ങി. തൽഫലമായി ഇവിടെ മുസ്‌ലിം ഭരണം സംജാതമായി. എണ്ണൂറ് വർഷം നീണ്ട മുസ്‌ലിം ഭരണത്തിലൂടെ ഇന്ത്യ വളരെ അധികം പുരോഗതി പ്രാപിച്ചു എന്നത് ചരിത്ര വസ്തുതയാണ്. ഇത് കണ്ട ബ്രിട്ടീഷുകാർക്ക് ഇന്ത്യയിൽ ആഗ്രഹമുദിച്ചു. മറുഭാഗത്ത് സുൽത്താൻ മുഹിയിദ്ദീൻ ഔറംഗസീബ് ആലംഗീറിനു ശേഷം മുസ്‌ലിം രാഷ്ട്രം താറുമാറായി. ഈ പഴുതിലൂടെ ബ്രിട്ടീഷുകാർ ഇന്ത്യയിലേക്ക് നുഴഞ്ഞുകയറി. പതുക്കെ പതുക്കെ ഇന്ത്യ കീഴടക്കുകയും ക്രൈസ്തവത പ്രചരിപ്പിക്കുകയും ഇസ്‌ലാമി നെ തുടച്ചു നീക്കാൻ കുത്സിത ശ്രമങ്ങൾ നടത്തുകയും ചെയ്തു.

ഇത് ശരിക്കും മനസ്സിലാക്കിയ ആത്മാഭിമാനികളും രാഷ്ട്രസ്നേഹികളുമായ വ്യക്തിത്വങ്ങൾ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി സമരരംഗത്തിറങ്ങി. ഈ വഴിയിൽ നടത്തപ്പെട്ട പ്രഥമ പോരാട്ടം മൈസൂർ സിംഹമായ സുൽത്താൻ ഫത്ഹ് അലി ടിപ്പുസുൽത്താൻ ശഹീദിന്റേതായിരുന്നു. ബ്രിട്ടീഷുകാർക്കെതിരിൽ ശക്തമായ ചെറുത്തു നിൽപ്പു മാത്രമല്ല, മുന്നേറ്റങ്ങൾ തന്നെ നടത്തിയ ടിപ്പുവിനെ പക്ഷെ, ചതി പ്രയോഗത്തിലൂടെ ക്രി: 1799-ൽ ബ്രിട്ടീഷുകാർ വധിച്ചു. ടിപ്പുവിന്റെ ചോരയിൽ കുളിച്ചു കിടന്ന മൃതദേഹത്തിൽ നിന്നുകൊണ്ട് ബ്രിട്ടീഷുകാരൻ വിളിച്ചു പറഞ്ഞു. “ഇന്നു മുതൽ ഇന്ത്യ നമ്മുടേതാണ്”

പക്ഷേ, രാജ്യസ്നേഹികൾ അടങ്ങിയിരുന്നില്ല. കഴിയുന്ന നിലകളിൽ പോരാടിക്കൊണ്ടിരുന്നു. ബ്രിട്ടീഷുകാർ അവരെയെല്ലാം ഒന്നൊന്നായി വകവരുത്തി അവസാനം 1803-ൽ ഡൽഹി പിടിച്ചടക്കികൊണ്ട് അവർ പ്രഖ്യാപിച്ചു. “സൃഷ്ടികൾ ദൈവത്തിനുള്ളത്, രാജ്യം രാജാവിന്റേത്, അധികാരം നമ്മുടേത്.” ഇത് കേട്ട ഡൽഹിയിലെ മഹാ പണ്ഡിതനും നവോത്ഥാന നായകനും ഇമാം ശാഹ് വലിയുല്ലാഹി ദ്ഹ്‌ലവിയുടെ മുതിർന്ന മകനുമായ ശാഹ് അബ്ദുൽ അസീസ് ദഹ്‌ലവി ആഹ്വാനം ചെയ്തു. “നമ്മുടെ രാജ്യം അടിമയാക്കിയിരിക്കുന്നു. ഇതിനെ മോചിപ്പിക്കാൻ പോരാടേണ്ടത് എല്ലാവരുടേയും മേൽ നിർബന്ധമാണ്” ഇന്ത്യയിൽ മറ്റാരും നടത്താൻ ധൈര്യപ്പെടാതിരുന്ന ഈ ആഹ്വാനം ജനങ്ങളെ ഇളക്കി മറിച്ചു. ബ്രിട്ടീഷുകാർ അദ്ദേഹത്തിനെ ക്രൂരമായി പീഡിപ്പിച്ചു. വിഷം നൽകി. മഹാനായ ആ മുഹദ്ദിസിന്റെ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. പക്ഷേ, അദ്ദേഹം ആഹ്വാനത്തിൽ ഉറച്ചുനിന്നു. 1824-ൽ ഇഹലോഹവാസം വെടിഞ്ഞു. തുടർന്ന് മുഹദ്ദിസ് ദഹ്‌ലവിയുടെ പ്രധാന ആത്മീയ ശിഷ്യനായ സയ്യിദ് അഹ്മദ് ശഹീദിന്റെ നേതൃത്വത്തിൽ ഒരു അനുഗ്രഹീത സംഘം രംഗ

ത്തിറങ്ങി. ആദ്യം രാജ്യം മുഴുവൻ യാത്രകൾ നടത്തി ജനങ്ങളെ പ്രേരിപ്പിച്ചു. രാജ്യ സ്നേഹികൾ ഇതിനെ സ്വാഗതം ചെയ്തു.

മുസ്‌ലിംകൾക്കുപോലും അറിവില്ലാത്ത ഈ സ്വാതന്ത്ര്യ സമരത്തിലെ ഒരു സംഭവം മാത്രം ശ്രവിക്കുക. സയ്യിദും കൂട്ടരും ബീഹാറിലെ ഗാസിപൂരിൽ എത്തിയപ്പോൾ അവിടത്തെ ഒരു സമ്പന്നൻ അലീഖാൻ സ്വാതന്ത്ര്യ സമരത്തിനായി ഒരു ലക്ഷം വെള്ളിനാണയം ദാനം ചെയ്തു. മാത്രമല്ല തന്റെ മക്കളിൽ യുവാവായ ഒരു മകനെ സയ്യിദിനെ ഏൽപ്പിച്ചുകൊണ്ട് പറഞ്ഞു. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് പോരാടുന്നതിന് ഞാൻ ഇവനെ താങ്കളെ ഏൽപ്പിക്കുന്നു. ഈ ചരിത്രങ്ങൾ ഇന്നത്തെ മുസ്‌ലിംകൾക്ക് പോലും അറിയില്ല, പിന്നെ മറ്റുള്ളവർ എന്തറിയാനാണ്. മുൻഗാമികളുടെ ത്യാഗങ്ങളും, ആഗ്രഹങ്ങളും അറിയാത്തവർ എങ്ങനെ മുന്നോട്ട് നീങ്ങാനാണ്?

സയ്യിദും കൂട്ടരും ആളുകളെയും കൂട്ടി പോരാട്ടം ആരംഭിച്ചു. എന്നാൽ അദ്ദേഹം കേന്ദ്രമായി തിരഞ്ഞെടുത്ത നാട്ടുകാരുടെ വഞ്ചന കാരണം 1830-ൽ ബാലാക്കോട്ട് വെച്ച് നടന്ന യുദ്ധത്തിൽ രക്തസാക്ഷിത്വം വഹിച്ചു. അവശേഷിച്ചവർ വീണ്ടും പരിശ്രമങ്ങൾ തുടർന്നു. അങ്ങനെ 1857-ൽ ഒരു പ്രധാനപ്പെട്ട സ്വാതന്ത്ര്യ സമരം നടന്നു. ബ്രിട്ടീഷുകാർ ഇതിനെ ലഹള എന്നും ഇന്ത്യൻ ചരിത്രകാരന്മാർ ഒന്നാം സ്വാതന്ത്ര്യസമരം എന്നും വിളിക്കുന്നു. രണ്ടും തെറ്റാണ്. ഇത് വളരെ മുമ്പ് തന്നെ ആരംഭിക്കുകയും ധാരാളം ത്യാഗങ്ങൾ നടക്കുകയും ചെയ്ത ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ഒരു പ്രധാന അദ്ധ്യായമാണ്.

1857-ലെ സ്വാതന്ത്ര്യ സമരത്തിന് ഒരു പ്രത്യേകത ഉണ്ട്. ഇതുവരേയും നടന്ന പോരാട്ടങ്ങൾ ഏതാണ്ട് എല്ലാം തന്നെ മുസ്‌ലിംകൾ ഒറ്റക്കായിരുന്നു. എന്നാൽ ഇതിൽ മുസ്‌ലിംകളോടൊപ്പം ഹൈന്ദവരും അണിനിരന്നു. പക്ഷേ, നായകത്വം വഹിച്ചതും ത്യാഗങ്ങൾ സഹിച്ചതും മുസ്‌ലിംകൾ തന്നെയായിരുന്നു. ഡൽഹിയിലും പരിസര നാടുകളിലും ഈ സമരം കൊടുമ്പിരി കൊണ്ടു. ദാറുൽ ഉലൂം ദേവ്ബന്ദിന്റെ സ്ഥാപകൻ മൗലാനാ മുഹമ്മദ് കാസിം ചീഫ് കമാന്ററായി മുസഫർ നഗറിലെ ശാംലിയിൽ മഹായുദ്ധം തന്നെ നടന്നു.

ദാറുൽ ഉലൂമിന്റെ ആത്മീയ നായകൻ ഹാജി ഇംദാദുല്ലായുടെ നേതൃത്വത്തിൽ പുതിയ ഭരണസംവിധാനം നിലവിൽ വരികയും ചെയ്തു. ദക്ഷിണേന്ത്യയിലെ പ്രധാന ദീനീവിജ്ഞാന കേന്ദ്രമായ ബാഖിയാത്തു സ്സാലിഹാത്തിന്റെ സ്ഥാപകൻ അല്ലാമാ അബ്ദുൽ വഹാബ് ഹസ്റത്തിന്റെ ഗുരുനാഥൻ അല്ലാമാ റഹ്മത്തുല്ലാഹ് ഉസ്മാനിയുടെ നേതൃത്വത്തിൽ കീരാനയിൽ വൻപോരാട്ടം നടന്നു. മുറാദാബാദിൽ ഒരു മഹല്ലിന്റെ ഇന്നത്തെ പേര് “ഗലെ ശഹീദ്” (ശുഹാദാക്കളുടെ ചോര കൊണ്ട് ചുവന്ന മണ്ണ്) എന്നാണ്. അതിന് നേതൃത്വം നൽകിയ മജ്ജുഖാനെയും കൂട്ടരെയും ചതിപ്രയോഗത്തിലൂടെ ബ്രിട്ടീഷുകാർ പിടികൂടി. മജ്ജുഖാനെ കുതിരയുടെ കാലിൽ കെട്ടിവലിച്ച് ഓടിച്ച് മൃഗീയമായി വധിച്ചു. അവശേഷിച്ചവരെ മൃഗത്തെ അറുക്കുന്നതുപോലെ അറുത്തു. ദൽഹിയിൽ മാത്രം മുപ്പത്തിമുവായിരം പണ്ഡിതരെ വധിച്ചു. ദീനീവിഷയം ചോദിക്കാൻ വിജ്ഞാനകേന്ദ്രമായിരുന്ന ദൽഹിയിൽ വരുന്നവർ ശ്മശാനങ്ങളിലൂടെ നടന്ന് മടങ്ങിപ്പോകുമായിരുന്നു.

ഇത് 1857-ലെ ദൽഹിയിലെയും പരിസരത്തെയും മാത്രം കാര്യമല്ല. ഇന്ത്യ മുഴുവൻ 1857-ൽ ഇളകി മറിഞ്ഞു. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിന്തയും ആഗ്രഹവും പൊട്ടിമുളച്ചു. അതെ, ഈ പ്രക്ഷോഭങ്ങളെ ബ്രിട്ടീഷുകാർ അടിച്ചമർത്തിയെങ്കിലും നിഷ്കളങ്കവും സദുദ്ദേശപരവുമായ ആഗ്രഹത്തെ ഇല്ലാതാക്കാൻ അവർക്കായില്ല.

1857 ന് ശേഷമുള്ള ഇന്ത്യയുടെ ചിത്രം ദാരുണമായിരുന്നു. വഴിയോരങ്ങളിൽ അനാഥർ അലഞ്ഞു തിരിഞ്ഞു. ഇതിനിടയിൽ പാതിരിമാർ രംഗത്തിറങ്ങി. താമസ സൗകര്യങ്ങളും വിജ്ഞാനവും സൗജന്യമായി നൽകാം എന്ന് വാഗ്ദാനം ചെയ്ത് കുട്ടികളെ വേട്ടയാടാൻ തുടങ്ങി. ബ്രിട്ടീഷുകാരോട് പോരാടി രക്തസാക്ഷിത്വം വഹിച്ച മഹത്തുക്കളുടെ അരുമസന്താനങ്ങളെ അടിമകളാക്കാനുള്ള വെള്ളക്കാരന്റെ പുതിയ തന്ത്രം ആരംഭിച്ചു.

പണ്ഡിത മഹത്തുക്കൾ കൂടിയിരുന്ന് ആലോചനകൾ നടത്തി. പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് കൊണ്ട് മദ്റസകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. 1866-ൽ ദാറുൽ ഉലൂം ദേവ്ബന്ദ് സ്ഥാപിതമായി. തുടർന്ന് രാജ്യത്ത് മറ്റ് മദ്റസകൾ സ്ഥാപിക്കപ്പെട്ടു. പണ്ഡിതരും പാതിരിമാരുടെ വാചകം തന്നെ മാറ്റിപ്പറഞ്ഞു. കുട്ടികളെ മദ്റസയിൽ ഏൽപ്പിക്കുക. താമസം, ആഹാരം, വസ്ത്ര സൗകര്യങ്ങളും നൽകുകയും ഉന്നത വിജ്ഞാ നങ്ങൾ പഠിപ്പിക്കുകയും ഉത്തമ പൗരൻമാരാക്കുകയും ചെയ്യാം. അതെ, ഉന്നതലക്ഷ്യത്തിൽ മരണം പുൽകിയ മഹത്തുക്കളുടെ മക്കളെ ഉത്തമ പിൻഗാമികളാക്കി വാർത്തെടുക്കാനുള്ള ഒരു മഹത്തായ പരിശ്രമത്തിന് തുടക്കമായി.

കീറിയ പായകളിലിരുന്ന് ഇത്തരം ഒരു ആഹ്വാനം നടത്തിയ പട്ടിണിപ്പാവങ്ങളായ ഈ പണ്ഡിതരുടെ ശബ്ദം ആദ്യം പലരും അപരിചിതമായി കണ്ടു. പക്ഷേ, അല്ലാഹുവിലുള്ള അചഞ്ചലവിശ്വാസത്തോടെയും പ്രതീക്ഷയോടെയും പരസ്പര കൂടിയാലോചനകളിലൂടെയും ഇവർ മുന്നോട്ടുനീങ്ങി. ഇടയൻ ആടുകളെ വിളിക്കുന്നത് പോലെ ജനങ്ങൾ ഇവർക്ക് ചുറ്റും കൂടി. വർഷങ്ങൾക്കുള്ളിൽ ഇന്ത്യ മുഴുവൻ മദ്റസകളും മക്തബകളും സ്ഥാപിതമായി. സാധുക്കളും അനാഥരുമായ കുഞ്ഞുങ്ങൾ മാത്രമല്ല, സമ്പന്നരും വിദേശികളുമായ വിദ്യാർത്ഥികൾ വരെ വിജ്ഞാനം തേടിയെത്തുന്ന സ്ഥാപനങ്ങളായി അവ മാറി. തുടർന്ന് സ്വാത

ന്ത്ര്യസമരത്തിലും രാഷ്ട്രനിർമ്മാണത്തിലും ഈ സ്ഥാപനങ്ങൾ വഹിച്ച പങ്ക് അനിഷേധ്യമാണ്. എന്നാൽ, ഇതിന്റെ സേവനങ്ങൾ നിശബ്ദവും അടിസ്ഥാനപരവുമായിരുന്നുവെന്ന് മാത്രം. പിന്നീട് വന്നവർ ശബ്ദമുണ്ടാക്കുകയും ഞങ്ങളാണ് എല്ലാമെല്ലാം എന്ന് നടിക്കുകയും ചെയ്തുവെന്ന് വെച്ച് നിശബ്ദവും അടിസ്ഥാനപരവുമായ സേവനങ്ങൾ ഒരിക്കലും അവഗണിക്കപ്പെടാനോ നിന്ദിക്കപ്പെടാനോ പാടില്ല.

അതെ, ഈ മദ്റസകൾ രാജ്യസ്നേഹികളും സത്യത്തിന്റെ വക്താക്കളും രാഷ്ട്രനിർമ്മാതാക്കളുമായ ഉന്നത വ്യക്തിത്വങ്ങളെ സൃഷ്ടിച്ചെടുത്തു. അവരിലൂടെ രാജ്യം സ്വാതന്ത്ര്യത്തിലേക്ക് നീങ്ങി. അവസാനം 1947 ആഗസ്റ്റ് 15 (അന്ന് ഒരു റമസാനുൽ മുബാറക് 27-ാം രാവായിരുന്നു.) അർദ്ധരാത്രിയിൽ ഇന്ത്യൻ പൂവനത്തിൽ സ്വാതന്ത്ര്യത്തിന്റെ അരുണൻ ഉദിച്ചുയർന്നു. ഈ വഴിയിലുള്ള പരിശ്രമങ്ങൾ പൊതുവിൽ പരസ്യമാണെങ്കിലും ഇന്ന് പലരും മറക്കുകയും മറപ്പിക്കുകയും ചെയ്യുന്ന ചില അദ്ധ്യായങ്ങൾ ഇവിടെ ചുരുക്കി വിവരിക്കുകയാണ്.

ദാറുൽ ഉലൂം ദേവ്ബന്ദിന്റെ പ്രഥമ വിദ്യാർത്ഥിയാണ് ശൈഖുൽ ഹിന്ദ് എന്ന പേരിൽ ചരിത്രം വാഴ്ത്തിയ മൗലാനാ മഹ്മൂദുൽ ഹസൻ(റ). പൊക്കം കുറഞ്ഞ മെലിഞ്ഞ് ഒട്ടിയ ഈ ശരീരത്തിനുള്ളിൽ സ്വാതന്ത്ര്യത്തോടുള്ള സ്നേഹം ആളിക്കത്തി. ഇംഗ്ലീഷ് ഗവർണറായിരുന്ന വുസ്റ്റൺ പറയുന്നു: "മൗലാനാ മഹ്മൂദ് ഹസനെ കരിച്ച് ചാരമാക്കിയാലും ബ്രിട്ടീഷ് വിരോധത്തിന്റെ മണം ആ ചാരത്തിനുമുണ്ടായിരിക്കും."

ശൈഖുൽ ഹിന്ദ് പഠനാനന്തരം ദാറുൽ ഉലൂമിൽ തന്നെ അദ്ധ്യാപകവൃത്തിയോടൊപ്പം സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിലും മുഴുകി.

1878-ൽ ഗുരുവര്യൻ മൗലാനാ മുഹമ്മദ് ഖാസിം നാനൂഥവിയുടെ നിർദേശപ്രകാരം ശൈഖുൽ ഹിന്ദ് സ്വാതന്ത്ര്യസമരപ്രവർത്തനങ്ങൾക്ക് പദ്ധതി തയ്യാറാക്കി. പരിശീലനങ്ങൾ ആരംഭിച്ചു. ഇതിന് ആറ് വർഷങ്ങൾക്കുശേഷമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിലവിൽ വന്നത്. ബ്രിട്ടീഷ് ഭരണകൂടത്തിന്റെയും ഇന്ത്യൻ ജനതയുടെയും ഇടയിലുണ്ടായിട്ടുള്ള തെറ്റിദ്ധാരണകൾ ദൂരീകരിക്കുക എന്നതായിരുന്നു കോൺഗ്രസിന്റെ സ്ഥാപകലക്ഷ്യം. അതെ, സ്വാതന്ത്ര്യത്തെ വ്യക്തമായി ആവശ്യപ്പെടാൻ കോൺഗ്രസ് ആദ്യം മടിച്ചു. മുസ്ലിം പണ്ഡിതരുടെ പ്രവർത്തനങ്ങളാണ് കോൺഗ്രസിനെ സ്വാതന്ത്ര്യസമരത്തിലേക്ക് നയിച്ചത് എന്ന കാര്യം ഒരു വസ്തുതയാണ്. തുടർന്ന് കോൺഗ്രസുമായി മുസ്ലിപണ്ഡിതരും പൊതുജനങ്ങളും സഹകരിച്ചു. ഇതിനിടയിൽ നീണ്ട ഒരുക്കങ്ങൾക്കുശേഷം ശൈഖു ൽഹിന്ദ് 1915-ൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ തകർത്തെറിയാനുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ മുന്നിട്ടിറങ്ങി. അക്കാരണത്താൽ അദ്ദേഹത്തിന് ജയിൽവാസം അനുഭവിക്കേണ്ടി വന്നു.

അഞ്ച് വർഷം കഠിനമായ ജയിൽ വാസം അനുഷ്ഠിച്ച ശൈഖുൽ ഹിന്ദ് മൗലാനാ മഹ്മൂദുൽ ഹസൻ അടങ്ങിയിരുന്നില്ല. മാൾട്ടാ ജയിലിൽ ഇരുന്ന് 1918 ൽ ഇന്ത്യൻ മുസ്ലിംകളുടെ മാത്രമല്ല, ഇന്ത്യൻ ജനതയുടെയും മുഴുവൻ ലോകത്തിന്റെയും ഒരു മാതൃകാ പ്രസ്ഥാനമായ ജംഇയ്യത്ത് ഉലമാ എ -ഹിന്ദിന് തുടക്കം കുറിച്ചു. മഹാ പണ്ഡിതനായ മുഫ്തി കിഫായത്തുല്ലാ ദഹ്ലവിയെ അദ്ധ്യക്ഷനാക്കി. പരിശുദ്ധ ഖുർആൻ പ്രചാരണവും മുസ്ലിം മാനവ ഐക്യവുമാണ് ജംഇയ്യത്തിന്റെ ലക്ഷ്യമായി ശൈഖുൽ ഹിന്ദ് പ്രസ്താവിച്ചത്. 1920 ൽ ശൈഖുൽ ഹിന്ദ് ജയിൽ മോചിതനായി ഇന്ത്യയിലെത്തി. ഇതേ വർഷം ഇക്കാര്യത്തിനായി കാലിക വിജ്ഞാനമുള്ളവരെ തയ്യാറാക്കാൻ ജാമിഅ മില്ലിയ്യാ ഇസ്ലാമിയ്യക്ക് ശൈഖുൽ ഹിന്ദ് ശിലാസ്ഥാപനം നടത്തി. തുടർന്ന് ബ്രിട്ടീഷുകാർക്കെതിരിൽ നിരായുധ സമരം നടത്താൻ അദ്ദേഹം ആഹ്വാനം നടത്തി. ഇതിനിടയിൽ ഇന്ത്യ മുഴുവനും ഖിലാഫത്ത് പ്രക്ഷോഭം അതിശക്തമായി അലയടിച്ചുയർന്നു. ശൈഖുൽ ഹിന്ദിന്റെ ത്യാഗനിർഭരമായ പോരാട്ടങ്ങൾക്ക് ശേഷം പ്രിയ ശിഷ്യനും പ്രഗത്ഭ പണ്ഡിതനുമായ മൗലാനാ സയ്യിദ് ഹുസൈൻ അഹ്മദ് മദനി നേതൃത്വം ഏറ്റെടുത്തു. മുസ്ലിംകളും അമുസ്ലിംകളും തോളോട് തോളുരുമ്മി സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടി. അവസാനം ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ സുന്ദര നിമിഷങ്ങളിലേക്കടുത്തു.

എന്നാൽ ഇന്ത്യയിൽ നിന്നും കെട്ട്കെട്ടേണ്ടി വരുമെന്ന് ഉറപ്പിച്ചു ബ്രിട്ടീഷുകാർ ഈ രാജ്യത്തോട് കടുത്ത ക്രൂരത കാട്ടി. മുസ്ലിം ഹിന്ദു ഭിന്നത വർദ്ധിപ്പിക്കുകയും ഇരുവർക്കും ഒരുമിച്ച് കഴിയുവാൻ സാധിക്കില്ലെന്നും ഇരുഭാഗത്തിന്റെയുമിടയിൽ പ്രചരിപ്പിച്ചു. ആയിരത്തിൽപരം വർഷത്തെ അനുഭവ യാഥാർത്ഥ്യത്തിനെതിരായ ഈ പ്രചണ്ഡ പ്രചാരങ്ങളിൽ ഇരുഭാഗത്തും നിന്നുള്ള ചിലർ കുടുങ്ങി. പാക്കിസ്ഥാൻവാദം ശക്തിപ്പെട്ടു. പക്ഷെ, യഥാർത്ഥ മനുഷ്യ സ്നേഹികൾ ഇതിനെ ശക്തിയുക്തം എതിർത്തു. ഈ വഴിയിൽ മൗലാനാ മദനിക്ക് വളരെ ത്യാഗങ്ങൾ സഹിക്കേണ്ടി വന്നു. വിഭജനത്തിനെതിരിൽ മൗലാനായും കൂട്ടരും ശക്തമായി നിലകൊണ്ടു. അവസാനം കോൺഗ്രസ്സിലെ ഒരു പ്രധാന വിഭാഗം ഇതിനെ പിന്തുണച്ചതോടെ വിഭജനം യാഥാർത്ഥ്യമായി. അന്യായവും അശാസ്ത്രീയവുമായ വിഭജനത്തിലൂടെ ഇരുഭാഗത്തും രക്തപ്പുഴകൾ ഒഴുകി.

എന്നാൽ, മുൻഗാമികളുടെ അതിമഹത്തരമായ നിധികൾ അടങ്ങിയ ഇന്ത്യയിൽ നിലയുറപ്പിക്കാനും സമുന്നത ലക്ഷ്യങ്ങൾക്കായി ത്യാഗപരിശ്രമങ്ങൾ നടത്താനും പണ്ഡിതർ തീരുമാനിച്ചു. അവസാനം 1947 ആഗസ്റ്റ് 14 (അന്ന് റമസാൻ മുബാറക് 27 ാം രാവായിരുന്നു) അർദ്ധരാത്രി ഇന്ത്യാ മഹാരാജ്യത്തിന്റെ പൂവനത്തിൽ സ്വാതന്ത്ര്യത്തിന്റെ അരുണൻ ഉദിച്ചുയർന്നു. ദു:ഖത്തി

ന്റെയും ദുരന്തത്തിന്റെയും കാർമേഘങ്ങൾ നാലുപാടും നിറഞ്ഞു നിന്നിരുന്നു. രാജ്യം ആഹ്ലാദത്തിമിർപ്പിൽ ആറാടിയപ്പോൾ പണ്ഡിതർ പുലർകാല നമസ്കാരം നിർവ്വഹിച്ച് പുതിയ പരിശ്രമങ്ങൾക്ക് തുടക്കം കുറിച്ചു.

ആദ്യമായി പുതിയ ഇന്ത്യയുടെ ഭരണഘടന മതേതരമാകാൻ കഠിനാധ്വാനം നടത്തി. ഭരണത്തിന് നേതൃത്വം വഹിച്ച കോൺഗ്രസ്സ് ഇതിന് കഴിഞ്ഞ കാലങ്ങളിലെല്ലാം അനുകൂലമായിരുന്നെങ്കിലും ഭരണം ലഭിച്ച ശേഷം സർദാർ പട്ടേലിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം ഹിന്ദുരാഷ്ട്രത്തിനായി രംഗത്തിറങ്ങി. അവസാനം പണ്ഡിതരുടെ ശക്തമായ വാദങ്ങൾക്ക് മുന്നിൽ മതേതര ഭരണഘടനയ്ക്ക് തീരുമാനമായി.

മറ്റൊരു പ്രധാന നാശം വർഗ്ഗീയവാദമായിരുന്നു. ആരോ ചെയ്ത കുറ്റത്തിന്റെ പേരിൽ ഇന്ത്യൻ മുസ്‌ലിംകളെ ഒറ്റപ്പെടുത്തുകയും സംശയിക്കുകയും മാത്രമല്ല, വംശീയമായും മതപരമായും ഇല്ലാതാക്കാനുള്ള ഗൂഢാലോചനകളും പരിശ്രമങ്ങളും ശക്തമായി. ദൗർഭാഗ്യവശാൽ പകലിൽ മതേതരത്വത്തിന്റെ മേലങ്കി അണിഞ്ഞ പലരും ഇരുളിന്റെ മറവിൽ ഈ കറുത്ത ശക്തികളോടൊപ്പം കൂടി. ഇന്ത്യ മുഴുവൻ വർഗ്ഗീയ കലാപങ്ങളുടെ പരമ്പര ആരംഭിച്ചു. വർഷങ്ങൾ കഴിയുന്തോറും ഇത് കൂടിക്കൊണ്ടിരുന്നു. യഥാർത്ഥ രാജ്യസ്നേഹികൾ ഇത് തിരുത്താൻ പരിശ്രമിച്ച് കൊണ്ടിരുന്നു. നിയമപാലകരുടെയും മാധ്യമ പാദസേവകരുടെയും ചിലയിടങ്ങളിൽ ഭരണകൂടങ്ങളുടെയും പിന്തുണയോടെ വർഗ്ഗീയ കലാപങ്ങൾ കത്തിക്കയറിക്കൊണ്ടിരുന്നു. അവസാനം 2002 ൽ ഗുജറാത്തിലെ കുപ്രസിദ്ധമായ കലാപത്തിൽ കാര്യങ്ങൾ തിരിഞ്ഞു. സാധാരണ മൂടിവെക്കപ്പെട്ട സത്യങ്ങൾ ഇലക്ട്രോണിക് മീഡിയകൾ വഴി ലോകം മുഴുവൻ പ്രചരിച്ചു. വർഗ്ഗീയ വാദികൾ നാണം കെട്ടു. എന്നാൽ വർഗ്ഗീയത നിറുത്തിയില്ല. കൂടാതെ പുതിയൊരു പദ്ധതി ആരംഭിച്ചു. രാജ്യത്തെ വിവിധ സ്ഥലങ്ങളിൽ സ്ഫോടനങ്ങൾ നടത്തിയും കള്ളക്കേസുകൾ ഉണ്ടാക്കിയും മുഴുവൻ രാജ്യത്തിനും പ്രയോജനപ്പെടാൻ സാദ്ധ്യതയുള്ള യുവ പണ്ഡിതരെയും വിദ്യാ സമ്പന്നരെയും വിചാരണത്തടവുകാരാക്കി ജയിലുകളിൽ തള്ളി.

പണ്ഡിതർ തുടക്കം മുതലേ ഇതുമായി യഥാർത്ഥ മുസ്‌ലിംകൾക്ക് ബന്ധമില്ല എന്ന് വ്യക്തിമാക്കിയിട്ടും ഈ നരനായാട്ട് തുടർന്ന് കൊണ്ടിരുന്നു. പക്ഷേ, നീതി എന്നെങ്കിലും പുലരുക തന്നെ ചെയ്യും. ഈ ബോംബ് സ്ഫോടനങ്ങൾക്ക് നേതൃത്വം വഹിച്ചത് രാജ്യ ദ്രോഹികളും ഗാന്ധി ഘാതകരുമായ വർഗ്ഗീയ വാദികളാണെന്ന് നാളുകൾക്കകം വ്യക്തമായി.

അവസാനമായി ഒരുകാര്യം കൂടി ഉണർത്തട്ടെ, നിലവിലുള്ള ദു:ഖകരമായ അവസ്ഥകൾ കണ്ട് നിരാശപ്പെട്ടോ മറ്റോ ചില സഹോദരങ്ങൾ സ്വാതന്ത്ര്യത്തെയും സ്വാതന്ത്ര്യ സമരങ്ങളെയും നിസാരപ്പെടുത്തുകയും നിന്ദിക്കുകയും ചെയ്യുന്നുണ്ട്. ഇത് ശരിയായ അറിവില്ലായ്മയാണ്. സ്വാതന്ത്ര്യവും സഹകരണവും സ്നേഹവും സന്തോഷവും നിറഞ്ഞ ഒരു ഇന്ത്യയ്ക്കാണ് മുൻഗാമികളായ മഹത്തുക്കൾ പോരാടിയത്. തത്ഫലമായി ഒന്നാം ഘട്ടമെന്നോണം ഇന്ത്യ സ്വതന്ത്രമായി. അടിമത്വത്തിന്റെ കരാളദിനങ്ങൾ കണാത്തവർക്ക് അതിന്റെ കടുപ്പം ഗ്രഹിക്കാനാകില്ല. ഇന്ന് നാം സ്വതന്ത്രരാണ്. നമ്മുടെ മേൽ അക്രമങ്ങൾ ഉണ്ടാകുന്നുണ്ട് എന്നത് ശരി തന്നെ. പക്ഷേ, നാം സ്വതന്ത്രരായതിനാൽ അതിനെതിരിൽ ശക്തിയുക്തം ശബ്ദിക്കാൻ നമുക്ക് കഴിയുന്നു. ഈ രാജ്യത്തിന് വേണ്ടി ഏറ്റവും കൂടുതൽ ത്യാഗം സഹിച്ചത് നമ്മുടെ മുൻഗാമികളാണ്. നാം ഇവിടെ എന്നെന്നും ജീവിക്കേണ്ടവരാണ്. അക്രമങ്ങൾ എന്നും നിലനിൽക്കില്ല. അക്രമത്തിലൂടെ മുസ്‌ലിംകൾ ഇല്ലാതാകുന്നതുമല്ല.

അക്രമത്തിലൂടെ ഇസ്‌ലാമും മുസ്‌ലിംകളും ഇല്ലാതാകുമായിരുന്നെങ്കിൽ 14 നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഇല്ലാതാകണമായിരുന്നു. എന്തെല്ലാം ഉത്ഥാനപതനങ്ങളാണ് ഈ സമുദായം കണ്ടിട്ടുള്ളത്. ഇന്നത്തെ അവസ്ഥ തന്നെ നോക്കൂ. അഫ്ഗാനിസ്ഥാനിൽ നിന്നും ഇസ്‌ലാം ഇല്ലാതാക്കാൻ അമേരിക്ക എത്ര പണം ചെലവഴിച്ചു. അവിടെ പരീക്ഷിക്കപ്പെടാത്ത ഒരു ആയുധമെങ്കിലുമുണ്ടോ? പക്ഷേ, അഫ്ഗാനും മുസ്‌ലിംകളും അവിടെ അന്തസ്സോടെ ജീവിക്കുന്നു. ഇറാഖിലും എന്തെല്ലാം അക്രമങ്ങൾ കാട്ടി. പക്ഷേ, ഇസ്‌ലാം അജയ്യമായി ഇന്നും നിലനിൽക്കുന്നു.

കൂടാതെ ക്രൂരവും നിരാശജനകവുമായ അവസ്ഥകൾക്കിടയിലും സ്വതന്ത്ര ഭാരതത്തിൽ മുസ്‌ലിംകൾ നടത്തിയ മുന്നേറ്റങ്ങളെ നാം മറക്കരുത്. മസ്ജിദുകളും മദ്റസകളും എത്ര വർദ്ധിച്ചു. മുസ്‌ലിംകൾ എത്ര കൂടി? പ്രബോധന പ്രഭാഷണ രചനകൾ എത്ര വർദ്ധിച്ചു? എത്ര സംഘടനാ പ്രവർത്തനങ്ങൾ സജീവമായി. ഇതെല്ലാം മുൻഗാമികളായ മഹത്തുക്കളുടെ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളുടെ ദാനമാണ്. ആകയാൽ ഈ രാജ്യം നമ്മുടേതാണ്. ഈ രാജ്യത്തെ നാം സ്നേഹിക്കുക, സേവിക്കുക. ഇന്നല്ലെങ്കിൽ നാളെ സത്യവും ധർമ്മവും ഉയരുക തന്നെ ചെയ്യും.

ഉപസംഹാരമെന്നോണം ജംഇയ്യത്തിന്റെ 29-ാം വാർഷിക സമ്മേളനത്തിൽ വിനീതൻ നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിന്റെ അവസാന ഭാഗങ്ങൾ കൂടി വിവരിച്ച് കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുകയാണ്. ഇവിടെ വളരെ വ്യക്തമായി ചില കാര്യങ്ങൾ ഞങ്ങൾ മുഴുവൻ ഭാരതീയരേയും അറിയിക്കുകയാണ്. ഈ രക്ത ചൊരിച്ചിലും പോലീസ് ഭരണകൂടങ്ങളുടെ ഭീകരതകളും കൊണ്ട് മുസ്‌ലിംകളെ ഇന്ത്യാ രാജ്യത്ത് നിന്ന് ഇല്ലാതാക്കാൻ കഴിയില്ല. ഞങ്ങൾ ഇന്നും ജീവനുള്ള ഒരു സമുദായമാണ്. നാളെയും ജീവനോടെ നിലനിൽക്കുക തന്നെ ചെയ്യും. ഇത്തരം അവസ്ഥകൾ ഞങ്ങൾക്ക് പുതിയതല്ല.

ആയിരത്തിനാനൂറ് വർഷങ്ങളായി ഇത്തരം പ്രളയങ്ങളെ ഞങ്ങൾ അതിജയിച്ച് വന്നവരാണ്. ധാരാളം അക്രമികൾ ലോകത്ത് നിന്നും ഇല്ലാതായി. ഞങ്ങൾ ഇന്നും ജീവിച്ചിരിക്കുന്നു. ലോകാവസാനം വരെ ജീവിച്ചിരിക്കും. ഈ ലോകത്ത് ഞങ്ങൾ ഇല്ലാതാകുന്ന അന്ന് ലോകം തന്നെ ഇല്ലാതാകുന്നതാണ്. ഹിന്ദുക്കളല്ലാത്തവരെല്ലാം വിദേശികളും ഭാരതീയ സംസ്കാരത്തോടെ എതിർപ്പുള്ളവരും രാഷ്ട്ര പുരോഗതിക്ക് തടസ്സവുമാണെന്ന ഗോൾവാക്കറിന്റെ അടിസ്ഥാന രഹിതവും അസത്യവുമായ വാചകത്തെ വേദവാക്യമായി കാണുന്നവരോട് പറയട്ടെ നിങ്ങളുടെ ഈ വാദം തീർത്തും തെറ്റാണ്. ഞങ്ങൾ 1400 ലേറെ വർഷമായി ഇവിടെ താമസിക്കുന്നു. ഒരു ഭാഗത്ത് ഞങ്ങൾ ഈ രാജ്യത്തിന്റെ നന്മക്കും പുരോഗതിക്കും ധാരാളം സംഭാവനകൾ ചെയ്തപ്പോൾ മറുഭാഗത്ത് ഈ രാജ്യത്തിന്റെ എന്നല്ല ലോകത്തിന്റെ തന്നെ മഹത്തായ സംസ്കൃതിയായ ധാർമ്മിക വ്യവസ്ഥിതിക്ക് വെള്ളവും വളവും വെളിച്ചവും നൽകിയവരാണ്. ഞങ്ങളാരും പുറത്ത് നിന്ന് വന്നവരല്ല. ഇവിടെ തന്നെ ജനിച്ച് വളർന്നവരാണ്. ഞങ്ങളുടെ പൂർവ്വികൻമാരിലേക്ക് ആയുധങ്ങളൊന്നുമില്ലാതെ എന്നാൽ സത്യ വിശ്വാസവും സൽക്കർമ്മങ്ങളും വഹിച്ച് കൊണ്ട് ചില മഹത്തുക്കൾ കടന്ന് വന്നു. അവരുടെ സ്വഭാവ ബന്ധങ്ങളും ഭയ ഭക്തിയും വിശ്വസ്തയും കണ്ട ഞങ്ങളുടെ പിതാക്കൾ ഇസ്‌ലാമിനെ പഠിച്ച് സ്വീകരിച്ചു. ഞങ്ങൾ അവരുടെ പിൻഗാമികളായി. ആകയാൽ സ്നേഹത്തിന്റെ മാത്രം സംഗീതം മുഴക്കിയും സുഖ ദുഖ:ങ്ങളിൽ പരസ്പരം സഹകരിക്കുകയും ചെയ്ത ചരിത്രമുള്ള ഈ രാജ്യത്തിൽ പരസ്പര വെറുപ്പും വിദ്വേഷവും ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും നിങ്ങൾ പിൻമാറുക. സ്നേഹവും സാഹോദര്യവും നീതിയും ന്യായവും പ്രചരിപ്പിക്കുക. അവസാനമായി മുസ്‌ലിം സഹോദരങ്ങളോട് പറയട്ടെ നമ്മുടെ രാജ്യമായ ഇന്ത്യ എന്നും വ്യത്യസ്ത മത സംസ്കാരങ്ങളുടെ കേന്ദ്രമായിരുന്നു. വർഗ്ഗീയവാദം കാരണമായി നമുക്ക് ധാരാളം ജീവനും സമ്പത്തിനും നാശ നഷ്ടങ്ങൾ ഉണ്ടായെങ്കിലും ഈ രാജ്യത്തിന്റെ പ്രകൃതി ഐക്യവും സഹകരണവുമാണ്. നമുക്കിടയിൽ ശത്രുതയുടെയും വെറുപ്പിന്റെയും ഭിത്തി അധികം നാളുകൾ നിലനിൽക്കുന്നതല്ല എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ആകയാൽ സഹോദര സമുദായങ്ങളുമായി ശാന്തിയിലും സഹകരണത്തിലും ജീവിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. നാം സമാധാനത്തെ സ്നേഹിക്കുന്ന ഒരു മതത്തിന്റെ വക്താക്കളാണ്. എല്ലാവരുടെയും സുസ്ഥിതിയിലാണ് നമ്മുടെയും നന്മ എന്ന് നാം വിശ്വസിക്കുന്നു. ഇതര മതസ്തരുമായി സഹായ സഹകരണങ്ങൾ നടത്താൻ നമ്മുടെ മതം നമ്മെ ഉപദേശിക്കുന്നു. മത സംബന്ധമായി നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും സ്വന്തം ഭവനങ്ങളിൽ നിന്നും നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്തവർക്ക് നിങ്ങൾ നന്മ ചെയ്യുന്നതും അവരോട് നിങ്ങൾ നീതി പാലിക്കുന്നതും അല്ലാഹു നിങ്ങളോട് വിലക്കുന്നില്ല. നീതി പാലിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെ ചെയ്യുന്നു. (മുംതഹിന) ഇതോടൊപ്പം നമ്മുടെ പ്രവാചകൻ മുഹമ്മദ് (സ) പുലർത്തിയ സൽസ്വഭാവം സഹായ സഹകരണങ്ങൾ നീതി സമത്വം മുതലായ സന്ദേശങ്ങൾ നമ്മുടെ സുവർണ്ണ പാഠങ്ങളാണ്. ആകയാൽ നമ്മുടെ ധർമ്മവും സ്വഭാവവും സഹോദര സമുദായ അംഗങ്ങൾക്ക് താത്പര്യം ജനിക്കുന്നതാകണം. നമ്മുടെ മുൻഗാമികളെപ്പോലെ രാജ്യസ്നേഹത്തിന്റെ സമുന്നത ആവേശം മനസ്സിൽ നിറഞ്ഞവരായി ഈ രാജ്യത്തെ സ്നേഹിക്കാൻ നാംമുന്നിട്ട് ഇറങ്ങുക. ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ നിന്നും നമ്മേ പിന്നോട്ട് തള്ളുന്നതിന് ആസൂത്രിതമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, നാം നിരാശപ്പെടരുത്. എല്ലാ കാലത്തും ഏതെങ്കിലും രൂപത്തിൽ ഈ സമുദായത്തിന് ഉണ്ടായിട്ടുള്ള ഒരു പരീക്ഷണം മാത്രമാണിത്. നിരാശാജനകമായ സാഹചര്യത്തിനിടയിലും പുരോഗതിയുടെ ദിശയിലേക്ക് മുന്നേറുകയും ലക്ഷ്യബോധത്തിനും കർമ്മ വിശുദ്ധിക്ക് കുറവ് വരുത്താതിരിക്കുകയും ചെയ്യുക എന്നത് ജീവസുറ്റ ഒരു സമൂഹത്തന്റെ ലക്ഷണമാണ്. മുൻഗാമികളുടെ മഹനീയ മാതൃകയും ഇതു തന്നെയാണ്. നമ്മുടെ മുന്നിൽ സുദീർഘമായ ഒരു സുന്ദര ചരിത്രമുണ്ട്. പടച്ചവന്റെ അനുഗ്രഹത്താൽ നമ്മിൽ യോഗ്യതകൾക്ക് ഒരു കുറവും ഇല്ല. സത്യവിശ്വാസത്തിന്റെ അമൂല്യ നിധി മുറുകെ പിടിച്ച് സൽക്കർമ്മങ്ങൾ അനുഷ്ടിക്കുകയും അതിന്റെ അന്തരീക്ഷം ഉണ്ടാക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതിന്റെ കുറവ് പരിഹരിക്കുക എന്നതാണ് ഇന്നത്തെ വലിയ ഒരു ആവശ്യം. സമൂഹത്തിൽ പുതുപുത്തൻ അനാചാരങ്ങളും കുഴപ്പങ്ങളും വർദ്ധിച്ച് കൊണ്ടിരിക്കുന്നു. അതിനെ തുടച്ച് നീക്കി ഇസ്‌ലാമിക സന്ദേശങ്ങളെ പ്രതിനിധീകരിക്കുന്ന ഒരുത്തമ സമൂഹത്തിന്റെ സൃഷ്ടിയ്ക്കായ് നാം പരിശ്രമിക്കേണ്ടതുണ്ട്. പടഞ്ഞാറ് നിന്നും ഉയരുന്ന മതപരിത്യാഗത്തിന്റെ പ്രളയങ്ങളെ തടഞ്ഞ് നിർത്താൻ നാം ശ്രദ്ധിക്കുക. പടിഞ്ഞാറിന്റെ മരീചിക മാത്രമായ സംസ്കാരത്തിനെതിരിൽ നന്മകൾ നിറഞ്ഞ ഇസ്‌ലാമിക സംസ്കാരത്തെ ഉയർത്തിപ്പിടിക്കലാണ് അതിനുള്ള വഴി. അതിന് യുവത്വത്തിന്റെ ദൃഢനിശ്ചയവും ഉന്നത മനക്കരുത്തും ആവശ്യമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമുദായത്തിൽ അതിന് യാതൊരു കുറവും ഇല്ല,

രക്ഷിതാവേ...ഞങ്ങൾക്ക് സന്മാർഗം നൽകിയതിന് ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ! നിന്റെ ഭാഗത്തുനിന്നും ഔദാര്യം കനിഞ്ഞരുളേണമേ.. നീ വലിയ ഔദാര്യവാനാണ്...!

മൗലാനാ ഖാലിദ് സൈഫുല്ലാഹ് റഹ്മാനി

# മനുഷ്യകുലത്തിന്റെ പ്രവാചകൻ

## അമുസ്‌ലിംകളോടുള്ള പ്രവാചക ബന്ധങ്ങൾ

അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി (സ) യുടെ ജീവിതത്തിലെ ഒരു പ്രധാന അദ്ധ്യയമാണ് അമുസ്‌ലിം സഹോദരങ്ങളോടുള്ള ബന്ധം. ഈ വിഷയത്തിൽ അടിസ്ഥാനപരമായി രണ്ട് കാര്യങ്ങൾ റസൂലുല്ലാഹി (സ) പഠിപ്പിക്കുകയുണ്ടായി. 1. മുഴുവൻ മനുഷ്യരും ഒരൊറ്റ മാതാപിതാക്കളുടെ മക്കളാണ്. 2. മുഴുവൻ മനുഷ്യരും ആദരണീയരാണ്.

## മാനവരാശി മുഴുവൻ ഒരു കുടുംബം

പരിശുദ്ധ ഖുർആനിന്റെ വെളിച്ചത്തിൽ, മുഴുവൻ മനുഷ്യരും ഒരു കുടുംബത്തിലെ അംഗങ്ങളാണ്. മനുഷ്യരുടെ തുടക്കം ഒരു വ്യക്തിയിൽ നിന്നുമായിരുന്നു. പടച്ചവൻ അതിനെ ഇണയാക്കി. അതിലൂടെ മുഴുവൻ മാനവരാശിയും രൂപാന്തരപ്പെട്ടു. മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. (നിസാഅ്-1)

'അല്ലയോ ജനങ്ങളേ, ഒരു പുരുഷനിൽ നിന്നും സ്ത്രീയിൽ നിന്നും നിങ്ങളെ നാം പടച്ചു. നിങ്ങൾ പരസ്പരം തിരിച്ചറിയുന്നതിന്, നിങ്ങളെ ജനതകളും ഗോത്രങ്ങളുമായി നാം വീതിച്ചു. നിങ്ങളിൽ അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയൻ ഏറ്റവും കൂടുതൽ ഭയഭക്തിയുള്ളവനാണ്. തീർച്ചയായിട്ടും അല്ലാഹു എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു. (ഹുജുറാത്ത് 13)

റസൂലുല്ലാഹി (സ) വ്യത്യസ്ത വചനങ്ങളിലൂടെ ഈ കാര്യം കൂടുതൽ വ്യക്തമാക്കി. ഹജ്ജത്തുൽ വദാഇൽ പ്രവാചക സന്ദേശങ്ങളുടെ രത്നച്ചുരുക്കം വിവരിക്കവേ റസൂലുല്ലാഹി (സ) അരുളി: തീർച്ചയായും നിങ്ങളുടെ ആരാധ്യൻ ഒരുവനാണ്. നിങ്ങളുടെ പിതാവും ഒരു വ്യക്തിയാണ്. (കൻസുൽ ഉമ്മാൽ)

അതെ, മനുഷ്യരെല്ലാം ഒരു വൃക്ഷത്തിന്റെ ശിഖരങ്ങളും ഒരു പൂവനത്തിലെ പുഷ്പങ്ങളുമാണ്. ഇത് മാനവ സ്നേഹത്തിന്റെ ഉത്തമ പാഠം പകർന്നുതരുന്നു. പരസ്പരം സ്നേഹത്തിലും സൗഹൃദത്തിലും സഹാനുഭൂതിയിലും കഴിയണമെന്ന് ഉണർത്തുന്നു. റസൂലുല്ലാഹി (സ) അരുളി: സർവ്വ മനുഷ്യരും പരസ്പരം സഹോദരങ്ങളാണ്. (അബൂദാവൂദ്)

## മാനവ മഹത്വം

പരസ്പരമുള്ള മാനുഷിക ബന്ധത്തെക്കുറിച്ച് റസൂലുല്ലാഹി (സ) പഠിപ്പിച്ച രണ്ടാമത്തെ അടിസ്ഥാനം മനുഷ്യരുടെ മഹത്വമാണ്. എല്ലാവരും മനുഷ്യൻ എന്ന നിലയിൽ ആദരവിന് അർഹരാണ്. കാരണം പടച്ചവൻ തന്നെ സർവ്വ മനുഷ്യരെയും ആദരിച്ചിരിക്കുന്നു. ഈ ലോകത്തുള്ള സകല വസ്തുക്കളെയും മുഴുവൻ മനുഷ്യർക്കും വേണ്ടിയാണ് പടച്ചവൻ തയ്യാറാക്കിയത്. അല്ലാഹു അറിയിക്കുന്നു: 'തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു.' (ഇസ്റാഅ്:70) 'തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല

ഘടനയോടു കൂടി സൃഷ്ടിച്ചിരിക്കുന്നു.' (തീൻ:4) ചുരുക്കത്തിൽ മാനവ ഏകത്വത്തിന്റെയും മാനവ മഹത്വത്തിന്റെയും അടിസ്ഥാനപരമായ രണ്ട് കാര്യങ്ങളുടെ മേലാണ് റസൂലുല്ലാഹി (സ) അമുസ്‌ലിം സഹോദരങ്ങളുമായിട്ടുള്ള ബന്ധത്തെ പഠിപ്പിച്ചത്. ഇത് വെറും അദ്ധ്യാപനം മാത്രമായിരുന്നില്ല, റസൂലുല്ലാഹി (സ) സ്വജീവിതത്തിലൂടെ ഇത് സുന്ദരമായ നിലയിൽ കാട്ടിത്തരുകയും ചെയ്തു.

റസൂലുല്ലാഹി (സ) അമുസ്‌ലിംകളെ സഹോദരങ്ങളായി കാണുകയും അവരെ ആദരിക്കുകയും ചെയ്തിരുന്നു. അവസാന കാലത്ത് വിവിധ അമുസ്‌ലിം രാജാക്കന്മാർക്കും നേതാക്കന്മാർക്കും കത്തുകൾ അയച്ചപ്പോൾ റസൂലുല്ലാഹി (സ) അവരെ ആദരവോടെ സംബോധന ചെയ്യാൻ പ്രത്യേകം ശ്രദ്ധിച്ചു. റോമൻ രാജാവിനെ റോമയിലെ സമുന്നത വ്യക്തിത്വമെന്നും പേർഷ്യൻ രാജാവിനെ പേർഷ്യയിലെ സമുന്നത വ്യക്തിത്വമെന്നും അനുസ്മരിച്ചു. മറ്റ് രാജാക്കന്മാരെയും ഇതേ രീതിയിൽ തന്നെയാണ് സംബോധന ചെയ്തിരുന്നത്. അബൂജഹ്ൽ റസൂലുല്ലാഹി (സ)യുടെ കടുത്ത ശത്രുവായിരുന്നു. എന്നാൽ അദ്ദേഹത്തിന് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അസാധാരണ കഴിവുണ്ടായിരുന്നു. അതുകൊണ്ട് അബുൽ ഹകം എന്നാണ് ജനങ്ങൾ അദ്ദേഹത്തെ അനുസ്മരിച്ചിരുന്നത്. റസൂലുല്ലാഹി (സ)യും ഇതേ നാമത്തിൽ തന്നെ അദ്ദേഹത്തെ സംബോധന ചെയ്തിരുന്നു. (ഇബ്നു ഹിഷാം 1/389)

അബൂസുഫ്യാൻ മക്കയിലെ നേതാവായിരുന്നു. മക്കാ വിജയത്തെത്തുടർന്ന് റസൂലുല്ലാഹി (സ) എല്ലാവർക്കും മാപ്പ് നൽകിയപ്പോൾ വീട്ടിൽ കയറി വാതിൽ അടച്ചവർക്ക് അ'യമുണ്ടെന്ന് പ്രസ്താവിക്കുകയുണ്ടായി. ഈ സമയത്ത് അബൂസുഫ്യാനെ ആദരിക്കാൻ അബൂസുഫ്യാന്റെ വീട്ടിൽ കയറിയവർക്കും അഭയമുണ്ടെന്ന് പ്രസ്താവിച്ചു. (മുസ്‌ലിം)

ഹിജ്റക്ക് മുമ്പ് റസൂലുല്ലാഹി (സ) കഅ്ബാ ശരീഫയിൽ രണ്ട് റക്അത്ത് നമസ്കരിക്കണമെന്ന് ആഗ്രഹിച്ചു. പക്ഷേ, കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരൻ ഉസ്മാൻ ശൈബി അതിൽ നിന്നും റസൂലുല്ലാഹി (സ)യെ തടഞ്ഞു. ഏതാനും വർഷങ്ങൾക്ക് ശേഷം റസൂലുല്ലാഹി (സ)ക്ക് മക്കാവിജയം ലഭിച്ചപ്പോൾ കഅ്ബയുടെ താക്കോൽ തനിക്ക് നൽകണമെന്ന് റസൂലുല്ലാഹി (സ)യുടെ പിതൃവ്യ സഹോദരനും മരുമകനുമായ അലിയ്യ് (റ) അപേക്ഷിച്ചു. എന്നാൽ റസൂലുല്ലാഹി (സ) ഉസ്മാൻ ശൈബിയെ തന്നെ വിളിച്ച് അദ്ദേഹത്തിന്റെ കൈയ്യിൽ തന്നെ താക്കോൽ ഏൽപ്പിക്കുകയും ഇന്ന് സൽപെരുമാറ്റത്തിന്റെയും കരാർ പാലനത്തിന്റെയും ദിനമാണെന്ന് പ്രസ്താവിക്കുകയും ചെയ്തു. (ഇബ്നു ഹിഷാം 2/412)

റസൂലുല്ലാഹി (സ) ജീവിത കാലത്ത് മാത്രമല്ല, മരണത്തിന് ശേഷവും ഈ ആദരവിനെ പരിഗണിക്കുകയുണ്ടായി. സഹ്ൽ (റ), ഖൈസ് (റ) ഇരുവരും ഇറാനിലെ ഖാദിസിയ്യയിൽ ഒരു സ്ഥലത്ത് ഇരിക്കവേ മുന്നിലൂടെ ഒരു മൃതദേഹം കടന്നുവന്നു. ഇത് കണ്ടപ്പോൾ ഇരുവരും എഴുന്നേറ്റ് നിന്നു. അവരോട് പറയപ്പെട്ടു: ഇത് അമുസ്‌ലിമിന്റെ ജനാസയാണ്. ഉടനെ ഇരുവരും പറഞ്ഞു: ഒരു യഹൂദിയുടെ മൃതദേഹം കണ്ടപ്പോൾ റസൂലുല്ലാഹി (സ) എഴുന്നേറ്റ് നിന്നു. റസൂലുല്ലാഹി (സ)യോട് പറയപ്പെട്ടു: ഇത് ഒരു യഹൂദിയുടെ മൃതദേഹമാണ്. റസൂലുല്ലാഹി (സ) അരുളി; ഇത് ഒരു മനുഷ്യനല്ലേ? (ബുഖാരി) ഇപ്രകാരം പ്രായത്തിൽ മുതിർന്നവരെ ആദരിക്കാൻ റസൂലുല്ലാഹി (സ) കൽപ്പിച്ചു. (തിർമിദി) ഇതിൽ മുസ്‌ലിം അമുസ്‌ലിം വിവേചനമില്ല.

## അമുസ്‌ലിം ബന്ധുക്കളോടുള്ള ബന്ധം

മുസ്‌ലിംകളുടെ അമുസ്‌ലിംകളായ കുടുംബക്കാരോട് സഹാനുഭൂതിയും സഹവർത്തിത്വവും പുലർത്തണമെന്ന് റസൂലുല്ലാഹി (സ) ഉണർത്തുകയും സ്വജീവിതത്തിൽ പാലിക്കുകയും ചെയ്തിരുന്നു. എല്ലാ ബന്ധുക്കളോടും നല്ലനിലയിൽ വർത്തിക്കണമെന്ന് പരിശുദ്ധ ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ കൽപ്പിച്ചിട്ടുണ്ട്. റസൂലുല്ലാഹി (സ) അരുളി: ബന്ധുക്കൾക്ക് ചെയ്യുന്ന സേവന സഹായങ്ങൾക്ക് ബന്ധം ചേർക്കലിന്റെയും ദാനധർമ്മത്തിന്റെയും ഇരട്ടി പ്രതിഫലമുണ്ട്. (തിർമിദി) ഒരിക്കൽ റസൂലുല്ലാഹി (സ) അരുളി: ജീവിത വിഭവങ്ങളിൽ വിശാലതയുണ്ടാകണമെന്നും ദീർഘായുസ്സ് ലഭിക്കണമെന്നും ആഗ്രഹിക്കുന്നവർ കുടുംബബന്ധം ചേർത്ത് കൊള്ളട്ടെ. (ബുഖാരി) കുടുംബക്കാർ ഇങ്ങോട്ട് നല്ലനിലയിൽ വർത്തിച്ചാൽ ഞാനും അവരോട് നല്ലനിലയിൽ വർത്തിക്കും എന്ന നിലയിൽ കഴിയുന്നവൻ കുടുംബ ബന്ധം ചേർക്കുന്നവനല്ല. മറിച്ച് കുടുംബ ബന്ധം ചേർക്കുന്നവൻ ബന്ധം ചേർക്കാത്തവരോടും ബന്ധം ചേർക്കുന്നവനാണ്. (ബുഖാരി)

കുടുംബബന്ധത്തിന്റെ അടിസ്ഥാനം മതമല്ല, ബന്ധമാണ്. ബന്ധുക്കൾ മുസ്‌ലിമായാലും അമുസ്‌ലിമായാലും നല്ലനിലയിൽ വർത്തിക്കണമെന്നാണ് പ്രവാചക അദ്ധ്യാപനം. റസൂലുല്ലാഹി (സ)യുടെ പാൽകുടി ബന്ധം വഴി സഹോദരിയായിരുന്ന അസ്മാഅ് ബിൻത് അബീബക്ർ (റ)ന്റെ മാതാവ് അവരെ കാണാൻ മദീനയിൽ വന്നു. അവർ അമുസ്‌ലിമായിരുന്നു. അസ്മാഅ് (റ) തദവസരം ചോദിച്ചു: ഞാൻ എന്റെ മാതാവിനെ സഹായിക്കാമോ? റസൂലുല്ലാഹി

(സ) അരുളി: അവർക്ക് സേവന സഹായങ്ങൾ ചെയ്യുക. (ബുഖാരി) ഇപ്രകാരം ധാരാളം സഹാബാക്കളുടെ മാതാപിതാക്കൾ അമുസ്‌ലിംകളായിരുന്നു. അബൂബക്ർ സിദ്ദീഖ് (റ)ന്റെ പിതാവ് അബൂഖുഹാഫ മക്കാവിജയം വരെയും ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. പക്ഷേ, സിദ്ദീഖ് (റ) അദ്ദേഹത്തോട് ഉത്തമ നിലയിൽ വർത്തിച്ചിരുന്നു. അബൂഹുറയ്റ (റ)യുടെ മാതാവ് വിശ്വാസി അല്ലായിരുന്നു. അവർക്ക് റസൂലുല്ലാഹി (സ)യോട് എതിർപ്പായിരുന്നു. എന്നിട്ടും അവരോട് നല്ലനിലയിൽ വർത്തിക്കാൻ അബൂഹുറയ്റ (റ)യെ റസൂലുല്ലാഹി (സ) ഉപദേശിച്ചു. (ദുർറുൽ മൻസൂർ) സഅദ് (റ)ന്റെ മാതാവ് ഇസ്‌ലാം വിരോധിയായിരുന്നു. റസൂലുല്ലാഹി (സ) അവരോട് നല്ലനിലയിൽ വർത്തിക്കാൻ നിർദ്ദേശിച്ചു.

മദീനയിലെ അൻസാർ സഹാബികൾ ബന്ധുക്കൾക്ക് സേവന സഹായങ്ങൾ ചെയ്തിരുന്നു. അതോടൊപ്പം അവരിൽ ഇസ്‌ലാമിക പ്രബോധനം നടത്തിയിരുന്നെങ്കിലും അവർ ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. ഇത്തരുണത്തിൽ അവരുടെ സഹായം പിൻവലിക്കാൻ അവർ ഉദ്ദേശിച്ചു. എന്നാൽ ഇതിനെ തിരുത്തിക്കൊണ്ട് ഖുർആൻ ഇപ്രകാരം ഉണർത്തി: നിഷേധികളെ നേർവഴിയിലേക്ക് കൊണ്ടുവരൽ താങ്കളുടെ ദൗത്യമല്ല. അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നതാണ്. നിങ്ങൾ എത്ര സമ്പത്ത് ചെലവഴിച്ചാലും അത് നിങ്ങളുടെ പ്രയോജനത്തിന് വേണ്ടിയാണ്. നിങ്ങൾ അല്ലാഹുവിന്റെ തൃപ്തിയെ തേടിക്കൊണ്ടല്ലാതെ മറ്റൊരു ലക്ഷ്യത്തിനും ചെലവഴിക്കുന്നില്ല. നിങ്ങൾ എന്ത് ചെലവഴിച്ചാലും അതിന്റെ ഫലം പൂർണ്ണമായും നിങ്ങൾക്ക് നൽകപ്പെടും. നിങ്ങളുടെ മേൽ അല്പവും അക്രമം ഉണ്ടാകുന്നതല്ല. (ബഖറ 272)

അബൂത്വാലിബ് മുസ്‌ലിമായിരുന്നില്ല. പക്ഷേ, റസൂലുല്ലാഹി (സ) അദ്ദേഹത്തെ സേവിച്ചിരുന്നു. അദ്ദേഹത്തിന്റെ മകൻ അലിയ്യ് (റ)ന്റെ ചിലവുകൾ റസൂലുല്ലാഹി (സ) ഏറ്റിരുന്നു. മറ്റൊരു മകൻ അഖീലിന് ചിലവ് കൊടുക്കാൻ റസൂലുല്ലാഹി (സ) പിതൃവ്യനായ അബ്ബാസ് (റ)നെ പ്രേരിപ്പിച്ചു. മക്കയിലെ ഏതാണ്ട് എല്ലാ അടുത്ത ബന്ധുക്കളും അമുസ്‌ലികളായിരുന്നു. എന്നാൽ റസൂലുല്ലാഹി (സ) അവരോടെല്ലാം എപ്പോഴും ഉത്തമ നിലയിൽ വർത്തിച്ചിരുന്നു. മക്കയിൽ കടുത്ത ക്ഷാമം ഉണ്ടായപ്പോൾ റസൂലുല്ലാഹി (സ) അവർക്ക് വലിയൊരു തുകസഹായം നൽകുകയുണ്ടായി.

## അമുസ്‌ലിം അയൽവാസി

കുടുംബക്കാരോട് അടുത്ത ബന്ധമുള്ളതുപോലെ അയൽവാസികളോടും വലിയ ബന്ധമായിരുന്നു. ഇതിൽ മുസ്‌ലിം അമുസ്‌ലിം വിവേചനമില്ല. അല്ലാഹു ഉപദേശിക്കുന്നു: അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുക. അവനോട് ഒന്നിനെയും പങ്കുചേർക്കരുത്. മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കുക. ബന്ധുക്കൾ, അനാഥർ, സാധുക്കൾ, ബന്ധുത്വമുള്ള അയൽവാസി, അടുത്തുള്ള അയൽവാസി, സഹകാരി, യാത്രികൻ, നിങ്ങളുടെ കീഴിലുള്ളവർ എന്നിവരോടും നല്ലനിലയിൽ വർത്തിക്കുക. സ്വയം വലിയവനായി കരുതുകയും വീമ്പ് പറയുകയും ചെയ്യുന്നവനെ അല്ലാഹുവിന് ഇഷ്ടമല്ല. (നിസാഅ് 36) ഈ വചനത്തിൽ രണ്ടുതരം അയൽവാസികളെക്കുറിച്ച് പറഞ്ഞത് ശ്രദ്ധേയമാണ്. ഒന്ന്, ബന്ധമുള്ള അയൽവാസി. രണ്ട്, ബന്ധമില്ലാത്ത അയൽവാസി. ഇതിലേക്കാണ് അൽ ജാരിൽ ജുനുബ് എന്ന പദം കൊണ്ട് സൂചിപ്പിച്ചിരിക്കുന്നത്. ഇതുകൊണ്ടുള്ള വിവക്ഷ അമുസ്‌ലിം അയൽവാസികളാണെന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നു. (ഇബ്നു കസീർ) ചുരുക്കത്തിൽ മതവ്യത്യാസമില്ലാതെ എല്ലാ അയൽവാസികളോടും നല്ലനിലയിൽ വർത്തിക്കേണ്ടതാണ്.

റസൂലുല്ലാഹി (സ) ഒരിക്കൽ മൂന്ന് തവണ ആണയിട്ട് കൊണ്ട് അരുളി: ആരുടെയെങ്കിലും ഉപദ്രവത്തിൽ നിന്നും അയൽവാസികൾ സുരക്ഷിതരല്ലെങ്കിൽ അവൻ സത്യവിശ്വാസി അല്ല. (ബുഖാരി) റസൂലുല്ലാഹി (സ)യുടെ ഈ ഉദ്ബോധനങ്ങളുടെ ഫലമായി സഹാബാ മഹത്തുക്കൾ അമുസ്‌ലിം അയൽവാസികളോട് നല്ലനിലയിൽ വർത്തിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇബ്നു ഉമർ (റ) വീട്ടിൽ ആടിനെ അറുക്കുമ്പോൾ അടുത്തുള്ള യഹൂദി അയൽവാസിക്ക് അതിന്റെ ഓഹരി എത്തിച്ചോ എന്ന് കുടുംബത്തോട് പ്രത്യേകം ചോദിക്കുകയും അയൽവാസികളോട് നല്ലനിലയിൽ വർത്തിക്കാൻ റസൂലുല്ലാഹി (സ) ഉണർത്തിയിട്ടുണ്ടെന്ന് പറയുകയും ചെയ്യുമായിരുന്നു. (അബൂദാവൂദ്) മേൽ ഉദ്ധരിക്കപ്പെട്ട ഖുർആൻ വചനത്തിൽ താൽക്കാലികമായ അയൽവാസികളെയും പ്രത്യേകം സൂചിപ്പിച്ചിരിക്കുന്നു. ഇതുകൊണ്ടുള്ള ഉദ്ദേശം ബസ്, ട്രെയിൻ, വിമാനം മുതലായ വാഹനങ്ങളിൽ താൽക്കാലികമായി അരികിൽ കഴിയുന്ന ആളുകളാണ്. ഇതിനും മുസ്‌ലിം അമുസ്‌ലിം വിവേചനമില്ല. അവരോട് നല്ലനിലയിൽ വർത്തിക്കാൻ ഖുർആൻ ഉപദേശിക്കുന്നു.

## സുഖ – ദുഖങ്ങളിൽ പങ്കാളികളാവുക

മറ്റ് ഇതര സഹോദരങ്ങളുടെ സുഖങ്ങളിലും ദു:ഖങ്ങളിലും പങ്കാളികളാവുക എന്നത് പരസ്പരമുള്ള ആരോഗ്യകരമായ ബന്ധത്തിന്റെ പ്രേരണയാണ്. റസൂലുല്ലാഹി (സ) ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചി

രുന്നു. അമുസ്‌ലിം സഹോദരങ്ങൾ രോഗിയായാൽ അവരെ സന്ദർശിക്കുമായിരുന്നു. ഒരു യഹൂദി രോഗിയായപ്പോൾ റസൂലുല്ലാഹി (സ) അദ്ദേഹത്തെ സന്ദർശിക്കാൻ പോവുകയുണ്ടായി. (ബുഖാരി) അവരുടെ അന്ത്യകർമ്മങ്ങളിലും റസൂലുല്ലാഹി (സ) പങ്കെടുത്തിരുന്നു. അബൂത്വാലിബിന്റെ മൃതദേഹത്തോടൊപ്പം റസൂലുല്ലാഹി (സ) പോവുകയും സംസ്കരണ സ്ഥലത്ത് സന്നിഹിതനാവുകയും ചെയ്തു. (ബൈഹഖി). അലിയ്യ് (റ)നോട് പിതാവ് അബൂത്വാലിബിന്റെ സംസ്കരണങ്ങൾ നടത്താൻ നിർദ്ദേശിക്കുകയുണ്ടായി. (ഇഅ്ലാഉസ്സുനൻ)

റസൂലുല്ലാഹി (സ)യുടെ ഈ അദ്ധ്യാപനങ്ങൾ കാരണം സഹാബികൾ അമുസ്‌ലിം ബന്ധുക്കളുടെയും അയൽവാസികളുടെയും അന്ത്യകർമ്മങ്ങളിൽ പങ്കെടുത്തിരുന്നു. ആരെങ്കിലും മരിച്ചാൽ അവരുടെ ബന്ധുക്കളെ ആശ്വസിപ്പിക്കുന്നതും പ്രവാചക ചര്യയാണ്. അമുസ്‌ലിംകളോട് നല്ലനിലയിൽ വർത്തിക്കുക എന്ന പ്രവാചക സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ മരിച്ചവരുടെ ദു:ഖിതരായ അമുസ്‌ലിം ബന്ധുക്കളെയും ആശ്വസിപ്പിക്കണമെന്ന് ശരീഅത്ത് പണ്ഡിതർ വ്യക്തമാക്കിയിരിക്കുന്നു.

റസൂലുല്ലാഹി (സ) അരുളി: നിങ്ങൾ രോഗികളെ സന്ദർശിക്കുക. രോഗിയെ സന്ദർശിക്കുന്നവർ സ്വർക്ഷീയ പൂങ്കാവനത്തിൽ ആയിരിക്കുന്നതാണ്. (മുസ്‌ലിം) ഈ നിർദ്ദേശത്തിലും മുസ്‌ലിം അമുസ്‌ലിം വിവേചനമില്ല. എല്ലാ രോഗികളെയും സന്ദർശിക്കേണ്ടതാണ്. ഇപ്രകാരം അപകടത്തിൽ പെട്ടവരെ ആശ്വസിപ്പിക്കാനും സേവിക്കാനും റസൂലുല്ലാഹി (സ) പ്രേരിപ്പിച്ചിരിക്കുന്നു. ഇതും റസൂലുല്ലാഹി (സ)യുടെ ഒരു പ്രധാന ഗുണമാണ്. ഈ വിഷയത്തിലും മുസ്‌ലിം അമുസ്‌ലിം വിവേചനം പുലർത്താൻ പാടില്ല.

## കരാർ പാലനം

സ്വഭാവ വിഷയത്തിലുള്ള പ്രവാചക അദ്ധ്യാപനങ്ങൾ മുസ്‌ലിംകളെയും അമുസ്‌ലിംകളെയും ഒരുപോലെ ഉൾക്കൊള്ളുന്ന രീതിയിൽ പൊതുവായ നിലയിൽ ഉള്ളതാണ്. ഉദാഹരണത്തിന് കരാർ പാലനം വാഗ്ദാന പൂർത്തീകരണം ഇസ്‌ലാമിന്റെ ഒരു പ്രധാന കല്പനയാണ്. വാഗ്ദാന-കരാർ ലംഘനങ്ങൾ വലിയ പാപമാണ്. അമുസ്‌ലിംകളോടുള്ള വാഗ്ദാനങ്ങളും കരാറുകളും പാലിക്കേണ്ടതാണ്. റസൂലുല്ലാഹി (സ)യുടെ ജീവിതത്തിൽ ഇതിന്റെ ധാരാളം മാതൃകകൾ കാണാൻ കഴിയുന്നതാണ്. സ്വന്തം സമുദായത്തിന് ബാഹ്യമായ നാശനഷ്ടങ്ങൾക്ക് കാരണമാണെങ്കിലും റസൂലുല്ലാഹി (സ) കരാറുകളിൽ ഉറച്ച് നിന്നിരുന്നു.

ഇതിനുള്ള രണ്ട് ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:

1. ബദ്റിൽ മുസ്‌ലിംകളുടെ എണ്ണം വളരെ കുറവായിരുന്നു. ഇതിനിടയിൽ ഹുദൈഫ (റ)യും പിതാവും ബദ്റിലെത്തി. എന്നാൽ അവർ മുസ്‌ലിംകളോടൊപ്പം പോരാടുകയില്ലെന്ന് മക്കാനിഷേധികളോട് കരാർ ചെയ്തിരുന്നു. ഇത്തരുണത്തിൽ അവർ പോരാട്ടത്തിന് അനുമതി ചോദിച്ചപ്പോൾ റസൂലുല്ലാഹി (സ) അരുളി: എന്താണെങ്കിലും കരാർ ലംഘിക്കാൻ പാടില്ല. (മുസ്‌ലിം)

2. മക്കയിൽ നിന്നും മുസ്‌ലിമായി മദീനയിലേക്ക് വരുന്നവരെ മടക്കി അയക്കണമെന്ന് ഹുദൈബിയ്യഃ സന്ധിയിൽ വ്യവസ്ഥിയുണ്ടായിരുന്നു. സന്ധിപത്രം എഴുതുന്നതിനിടയിൽ അബൂജൻദൽ (റ) ഇസ്‌ലാം സ്വീകരിച്ച് ചങ്ങലയിൽ ബന്ധനസ്ഥനായി അവിടെ എത്തിച്ചേർന്നു. തന്നെ കൂട്ടത്തിൽ കൂട്ടണമെന്ന് അദ്ദേഹം മുസ്‌ലിംകളോട് അപേക്ഷിച്ചു. ഇത് കണ്ട മുസ്‌ലിംകൾ അസ്വസ്ഥരായി. റസൂലുല്ലാഹി (സ) വ്യക്തിപരമായ നിലയിൽ അദ്ദേഹത്തിനെ കൂട്ടത്തിൽ അയക്കണമെന്ന് മക്കാനിഷേധികളോട് അപേക്ഷിച്ചു. പക്ഷേ, അവർ തയ്യാറായില്ല. അങ്ങനെ റസൂലുല്ലാഹി (സ) അദ്ദേഹത്തെ തിരിച്ചയക്കുകയും അല്ലാഹു മോചന മാർക്ഷം തുറന്ന് തരുമെന്ന് അറിയിക്കുകയും ചെയ്തു. (സീറത്ത് ഇബ്നു ഹിഷാം)

## ക്ഷണം സ്വീകരിക്കുക

ജനങ്ങളെ വിവിധ പരിപാടികൾക്ക് ക്ഷണിക്കുന്നതും ക്ഷണം സ്വീകരിക്കുന്നതും സാമൂഹിക ജീവിതത്തിനിടയിൽ പരസ്പരമുള്ള ബന്ധത്തിന്റെ ഒരു പ്രധാന അടയാളമാണ്. റസൂലുല്ലാഹി (സ) അമുസ്‌ലിംകളെ ഇപ്രകാരം ക്ഷണിക്കുകയും അവരുടെ ക്ഷണം സ്വീകരിക്കുകയും ചെയ്തിരുന്നു. റസൂലുല്ലാഹി (സ)ക്ക് പ്രവാചകത്വം ലഭിച്ചപ്പോൾ റസൂലുല്ലാഹി (സ) കുടുംബത്തിലെ അമുസ്‌ലിംകളെ ആഹാര സൽക്കാരത്തിന് ക്ഷണിക്കുകയുണ്ടായി. അവർ മുപ്പത് പേർ ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. ആഹാരം കഴിപ്പിച്ച ശേഷം റസൂലുല്ലാഹി (സ) അവർക്ക് മുമ്പാകെ ഇസ്‌ലാമിനെ പരിചയപ്പെടുത്തി. (അൽബിദായ വന്നിഹായ) ഇപ്രകാരം ഹിജ്റ ഏഴാം വർഷം ഉംറ നിർവ്വഹിക്കാൻ യാത്ര ചെയ്തപ്പോൾ ഉമ്മുൽ മുഅ്മിനീൻ മൈമൂന (റ)യെ വിവാഹം കഴിച്ചു. ഇതിന്റെ സൽക്കാരത്തിന് മക്കയിലുണ്ടായിരുന്ന അമുസ്‌ലിംകളെയും ക്ഷണിക്കുകയും അവർ സൽക്കാരത്തിൽ പങ്കെടുക്കുകയും ചെയ്തു. (സീറത്ത് ഇബ്നു ഹിഷാം).

റസൂലുല്ലാഹി (സ) എല്ലാ അതിഥികളെയും സ്വീകരിക്കുയും സൽക്കരിക്കുകയും ചെയ്തിരുന്നു. ഇതി

നിടയിൽ മുസ്‌ലിം അമുസ്‌ലിം വിവേചനം കാട്ടിയിരുന്നില്ല. റസൂലുല്ലാഹി (സ)യുടെ അരികിൽ അമുസ്‌ലിംകളായ വ്യത്യസ്ത ഗോത്രങ്ങളുടെ സംഘങ്ങൾ വരുകയും റസൂലുല്ലാഹി (സ) അവരെ എല്ലാം സൽക്കരിക്കുകയും ചെയ്തിരുന്നു. ബദ്ർ പോരാട്ടത്തിനിടയിൽ എഴുപത് പേരെ തടവുകാരായി പിടിക്കപ്പെട്ടു. അവരെല്ലാവരും റസൂലുല്ലാഹി (സ)യെ അക്രമിക്കാൻ വന്നവരാണ്. എന്നിട്ടും റസൂലുല്ലാഹി (സ) അവർക്ക് ആഹാര-പാനിയങ്ങൾ നൽകാൻ പ്രേരിപ്പിച്ചു. നിരവധി സഹാബികൾ സ്വന്തം ആഹാരം അവരെ ഭക്ഷിപ്പിക്കുകയുണ്ടായി. (മജ്മഉസ്സവാഇദ്) ഇപ്രകാരം റസൂലുല്ലാഹി (സ) അമുസ്‌ലിം സഹോദരങ്ങളുടെ ക്ഷണം സ്വീകരിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ഒരു യഹൂദ സ്ത്രീ ആഹാരത്തിന് ക്ഷണിച്ചു. റസൂലുല്ലാഹി (സ)ക്ക് ഇഷ്ടപ്പെട്ട ആട്ടിറച്ചി വേവിച്ച് കൊടുത്തു. പക്ഷേ, അതിൽ വിഷം പുരട്ടപ്പെട്ടിരുന്നു. റസൂലുല്ലാഹി (സ) അത് ഭക്ഷിച്ചു. അതിന്റെ വേദന വിയോഗം വരെ നിലനിന്നിരുന്നു. (ബുഖാരി)

## അഭിവാദ്യം

റസൂലുല്ലാഹി (സ) പരസ്പരം കണ്ടുമുട്ടുമ്പോൾ അഭിവാദ്യം നേരണമെന്ന് പ്രേരിപ്പിക്കുകയും അതിനുവേണ്ടി അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാത്തുഹു എന്ന വചനം പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അസ്സലാമു അലൈക്കും എന്നതിന്റെ ആശയം രക്ഷയുണ്ടാകട്ടെ എന്നാണ്. പാപങ്ങൾ, രോഗങ്ങൾ, ദുസ്വഭാവങ്ങൾ പോലുള്ള സർവ്വ കാര്യങ്ങളിൽ നിന്നുമുള്ള രക്ഷയാണ് അതുകൊണ്ടുള്ള വിവക്ഷ. റഹ്മത്ത് കൊണ്ടുള്ള ഉദ്ദേശം സമ്പത്ത്, സന്താനങ്ങൾ, പരലോക രക്ഷ മുതലായ പടച്ചവന്റെ അനുഗ്രഹങ്ങളാണ്. ബർക്കത്ത് എന്നാൽ ലഭിച്ച അനുഗ്രഹം വർദ്ധിക്കുകയും നിലനിൽക്കുകയും പ്രയോജനപ്പെടുകയും ചെയ്യുക എന്നാണ്. ചുരുക്കത്തിൽ ഇത് പടച്ചവനോടുള്ള ഒരു പ്രാർത്ഥനയാണ്. പ്രാർത്ഥന മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ചെയ്യാവുന്നതാണ്. ആകയാൽ അമുസ്‌ലിംകൾക്കും സലാം പറയാവുന്നതാണ്.

ഇബ്റാഹീം നബി (അ)യുടെ പിതാവ് മുസ്‌ലിമായിരുന്നില്ല. പക്ഷേ, ഇബ്റാഹീം നബി (അ) അദ്ദേഹത്തിന് സലാം പറഞ്ഞതായി ഖുർആൻ വിവരിക്കുന്നു. (മർയം 47). മുസ്‌ലിംകളും ബഹുദൈവരാധകരും യഹൂദികളും ഉണ്ടായിരുന്ന സദസ്സിൽ റസൂലുല്ലാഹി (സ) സലാം പറഞ്ഞതായി നിവേദനത്തിൽ വന്നിട്ടുണ്ട്. (ബുഖാരി) ഒരു സദസ്സിൽ സലാം പറയുമ്പോൾ ഏതെങ്കിലും പ്രത്യേക വിഭാഗത്തെ മാത്രം ലക്ഷ്യമിടാറില്ല. എല്ലാവരെയും ഉദ്ദേശിക്കുന്നതാണ്. മദീനയിലെ യഹൂദികൾ റസൂലുല്ലാഹി (സ)യെയും മുസ്‌ലിംകളെയും കാണുമ്പോൾ അസ്സാമു അലൈക്കും എന്ന് വാചകം മാറ്റി പറയാറുണ്ടായിരുന്നു. ഇതിന്റെ അർത്ഥം നിങ്ങൾക്ക് മരണം ഉണ്ടാകട്ടെ എന്നാണ്. അവരുടെ ഈ ദുസ്വഭാവം കാരണം അവർക്ക് സലാം പറയരുതെന്നും അവർ അങ്ങനെ സലാം പറഞ്ഞാൽ വ അലൈക്കും (അത് നിങ്ങളുടെ മേൽ തന്നെ സംഭവിക്കട്ടെ) എന്ന് മറുപടി പറയണമെന്നും നിർദ്ദേശിക്കുകയുണ്ടായി. (ബുഖാരി) ഇത് അഭിവാദ്യത്തെ പരിഹസിക്കുന്നവരോട് മാത്രമുള്ള നിർദ്ദേശമായിരുന്നു. ആകയാൽ അമുസ്‌ലിം സഹോദരങ്ങൾക്ക് അഭിവാദ്യം നേരുന്നതിലും അവരുടെ അഭിവാദ്യങ്ങൾക്ക് പ്രത്യഭിവാദ്യം ചെയ്യുന്നതിലും കുഴപ്പമില്ല.

## ഉപഹാരങ്ങൾ നൽകുകയും സ്വീകരിക്കുകയും ചെയ്യുക.

റസൂലുല്ലാഹി (സ) അരുളി: നിങ്ങൾ പരസ്പരം ഉപഹാരങ്ങൾ കൈമാറുക. അതിലൂടെ സ്നേഹം വർദ്ധിക്കുന്നതും വെറുപ്പുകൾ മാറുന്നതുമാണ്. (ത്വബ്റാനി) ഈ വിഷയത്തിലും മുസ്‌ലിം അമുസ്‌ലിം എന്ന വിവേചനമില്ല. മാത്രമല്ല, എല്ലാവർക്കും പൊതുവായ നിലയിൽ ഉപഹാരങ്ങൾ നൽകണമെന്ന് പ്രേരിപ്പിക്കപ്പെട്ടിരിക്കുന്നു. ഉമർ (റ)ന് ഒരു വസ്ത്രം റസൂലുല്ലാഹി (സ) നൽകുകയുണ്ടായി. വില കൂടിയതായതിനാൽ പ്രസ്തുത വസ്ത്രം റസൂലുല്ലാഹി (സ) തനിക്ക് ഇഷ്ടപ്പെടുകയും ചെയ്തിരുന്നില്ല. അതുകൊണ്ട് ഉമർ (റ) ചോദിച്ചു: അങ്ങക്ക് ഇഷ്ടപ്പെടാത്ത വസ്ത്രം എനിക്ക് നൽകിയത് എന്തിനാണ്? റസൂലുല്ലാഹി (സ) അരുളി: അത് താങ്കൾ ഉപയോഗിക്കാനല്ല ഞാൻ നൽകിയത്. മറിച്ച് അതിനെ വിൽക്കുവാനോ ആർക്കെങ്കിലും ഉപഹാരമായി നൽകുവാനോ ആണ് തന്നത്. ഉമർ (റ) അത് മക്കയിൽ താമസിച്ചിരുന്ന ഒരു അമുസ്‌ലിം സഹോദരന് നൽകുകയുണ്ടായി. (ബുഖാരി)

മക്കാ നിഷേധികൾ മുസ്‌ലിംകളെ ഉപദ്രവിക്കുന്നതിൽ യാതൊരു വീഴ്ചയും വരുത്തിയിരുന്നില്ല. എന്നാൽ മക്കയിൽ ക്ഷാമം ഉണ്ടാവുകയും ജനങ്ങൾ ശവം കഴിക്കാൻ നിർബന്ധിതരാവുകയും ചെയ്തപ്പോൾ റസൂലുല്ലാഹി (സ) മക്കയിലെ ദുരിതാശ്വാസത്തിന് അഞ്ഞൂറ് സ്വർണ്ണ നാണയങ്ങൾ കൊടുത്ത് വിടുകയുണ്ടായി. തദവസരം മദീനയിൽ മുസ്‌ലിംകളും കടുത്ത സാമ്പത്തിക ഞെരുക്കത്തിലായിരുന്നു. ഇരുപത് ദീനാർ എൺപത്തി ഏഴര ഗ്രാം സ്വർണ്ണത്തിന് തുല്യമാണ്. ഇതനുസരിച്ച് അഞ്ഞൂറ് ദിർഹമെന്നത് അന്നത്തെ വലിയൊരു തുകയാണ്. റസൂലുല്ലാഹി (സ) ഈ തുക മക്കയിലെ നേതാക്കളായ അബൂസുഫ്യാനും സ്വഫ്വാനും എത്തിച്ച് കൊടുത്തു. അവരാ

ണ് ഇത് ജനങ്ങൾക്കിടയിൽ വീതിച്ചത്. അവർ അന്ന് മുസ്‌ലിംകളോട് വിരോധം പുലർത്തുന്ന വരായിരുന്നു. (റദ്ദുൽ മുഖ്താർ)

മക്കയിൽ നിന്നും ഒരു ഗായികയായ സ്ത്രീ മദീനയിൽ വരുകയും റസൂലുല്ലാഹി (സ)യോട് സാമ്പത്തിക സഹായം തേടുകയും ചെയ്തു. റസൂലുല്ലാഹി (സ) സ്വയം സഹായിക്കുകയും കുടുംബാംഗങ്ങളെക്കൊണ്ട് സഹായിപ്പിക്കുകയും ചെയ്തു. ഇസ്‌ലാം ഇഷ്ടപ്പെടാത്ത ഗാനമേള നടത്തുന്ന സ്ത്രീ ആയിരുന്നിട്ടും അവരെ റസൂലുല്ലാഹി (സ) സഹായിച്ചു. (ബുഖാരി) കാരണം ഇസ്‌ലാമിന്റെ അദ്ധ്യാപനം എല്ലാവരോടും കരുണ കാട്ടുകയും ഉത്തമ നിലയിൽ വർത്തിക്കുകയും ചെയ്യുക എന്നതാണ്.

റസൂലുല്ലാഹി (സ) അരുളി: നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ കാട്ടുക. ആകാശത്തിന്റെ അധിപൻ നിങ്ങളുടെ മേൽ കരുണ ചൊരിയുന്നതാണ്. (തിർമിദി) ഇതിൽ മുസ്‌ലിംകളും അമുസ്‌ലിംകളും മാത്രമല്ല മൃഗങ്ങളും പെടുന്നതാണ്. റസൂലുല്ലാഹി (സ) അരുളി: ഏത് ജീവിയ്ക്കും സേവന സഹായങ്ങൾ ചെയ്താലും പ്രതിഫലം ലഭിക്കുന്നതാണ്. (ബുഖാരി) റസൂലുല്ലാഹി (സ) അരുളി: ആരെങ്കിലും ഒരു വൃക്ഷം നട്ട് പിടിപ്പിക്കുകയും അതിൽ നിന്നും ഏതെങ്കിലും മനുഷ്യനോ മൃഗമോ ഭക്ഷിക്കുകയും ചെയ്താൽ അതിന് ദാനത്തിന്റെ പ്രതിഫലം ലഭിക്കുന്നതാണ്. (മുസ്‌ലിം) മറുഭാഗത്ത് റസൂലുല്ലാഹി (സ) അരുളി: മനുഷ്യനോട് കരുണ കാട്ടാത്തവരോട് അല്ലാഹുവും കരുണ കാട്ടുന്നതല്ല. (ബുഖാരി)

റസൂലുല്ലാഹി (സ) അമുസ്‌ലിം സഹോദരങ്ങൾക്ക് ഉപഹാരം നൽകിയതുപോലെ അവരിൽ നിന്നും ഉപഹാരങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്നു. റോമൻ രാജാവായ ഹിർഖൽ വിലകൂടിയ വസ്ത്രവും ഇതര സാധനങ്ങളും റസൂലുല്ലാഹി (സ)ക്ക് ഉപഹാരമായി കൊടുത്തയച്ചു. (അബൂദാവൂദ്) റസൂലുല്ലാഹി (സ) അത് സ്വീകരിക്കുകയും സഹാബികൾക്കിടയിൽ വീതിയ്ക്കുകയും ചെയ്തു. മറ്റൊരു അമുസ്‌ലിം നേതാവായ ഉകൈദിർ ഇതുപോലെ വസ്ത്രങ്ങളും മറ്റും അയച്ച് കൊടുക്കുകയും റസൂലുല്ലാഹി (സ) അത് സ്വീകരിക്കുകയും കൂട്ടുകാർക്ക് വീതിക്കുകയും ചെയ്തു. (അഹ്മദ്) അലിയ്യ് (റ) പറയുന്നു: ഇറാൻ രാജാവും ഉപഹാരങ്ങൾ അയക്കുകയും റസൂലുല്ലാഹി (സ) സ്വീകരിക്കുകയും ചെയ്തു. (തിർമിദി)

●

# ?! ചോദ്യോത്തരങ്ങൾ

**ദാറുൽ ഇഫ്താ അൽ ജാമിഅ**
**കഷ്ഷാഫുൽ ഉലൂം, പത്തനംതിട്ട**

*ചോദ്യം: മ്യൂസിക് ഉള്ള ഗാനങ്ങൾ കേൾക്കുന്നതിന്റെയും പാടുന്നതിന്റെയും ഇസ് ലാമിക വിധിയെന്ത്?*

**ഉത്തരം:** സംഗീതോപകരണങ്ങൾ ഉപയോഗിച്ചുള്ള ഗാനങ്ങൾ – അത് ഇസ്‌ലാമിക ഗാനങ്ങൾ ആണെങ്കിൽ പോലും– കേൾക്കുന്നതും ആലപിക്കുന്നതും അനുവദനീയമല്ല. നബി(സ) അരുളി: 'സംഗീതം ഹൃദയത്തിൽ കപട വിശ്വാസം ഉണ്ടാക്കുന്നതാണ്, വെള്ളം കൃഷികളെ മുളപ്പിക്കുന്നത് പോലെ' (ബൈഹഖി)

*ചോദ്യം: താടിയും മീശയും വളർത്തുന്നതിന്റെ ഇസ് ലാമിക വിധിയെന്താണ്?*

**ഉത്തരം:** താടി നബി(സ)യുടെയും മറ്റ് മുഴുവൻ പ്രവാചകന്മാരുടെയും ചര്യയും, ദീനിന്റെ കല്പനയും ഇസ്‌ലാമിന്റെ ചിഹ്നവുമാണ്. ഒരു പിടി വരെയെങ്കിലും നീളത്തിൽ താടി വളർത്തേണ്ടതും, താടി പൂർണ്ണമായും വടിക്കൽ പാടില്ലാത്തതുമാണ്. മീശ ചുണ്ടിന്റെ ചുവപ്പ് മറയും വിധം അധികമായി വളർത്താൻ പാടില്ലാത്തതും വെട്ടി ഒതുക്കേണ്ടതുമാണ്. നബി(സ) അരുളി: 'നിങ്ങൾ മീശ ചുരുക്കുകയും താടി വളർത്തുകയും ചെയ്യുക.' (ബുഖാരി)

മാത്രമല്ല, മീശ അധികമായി വളർത്തുന്നത് വുളൂഇനെയും ബാധിക്കുന്നതാണ്, മീശ എത്ര കട്ടിയുള്ളതും തിങ്ങിയതുമാണെങ്കിലും അതിനുള്ളിലെ തൊലിയിൽ വെള്ളം എത്തിയാൽ മാത്രമേ വുളൂഅ് ശരിയാവുകയുള്ളൂ.

*ചോദ്യം: ഒരു കുട്ടി ജനിച്ചാലുടൻ ചെവിയിൽ ബാങ്കും ഇഖാമതും കൊടുക്കുന്നതിന്റെ വിധിയെന്ത്?*

**ഉത്തരം:** കുട്ടി ജനിച്ചാൽ എത്രയും വേഗം ഖിബ്‌ലക്ക് തിരിഞ്ഞ് നിന്ന് കുട്ടിയുടെ വലത് ചെവിയിൽ ബാങ്കും ഇടത് ചെവിയിൽ ഇഖാമതും നൽകൽ സുന്നത്താണ്. ജനിച്ചാലുടൻ ആദ്യമായി അല്ലാഹുവിന്റെ നാമം കേൾക്കുന്നതിന് വേണ്ടിയാണിത്. പുരുഷന്മാരുടെ അഭാവത്തിൽ സ്ത്രീകൾക്കും ഇത് നിർവ്വഹിക്കാവുന്നതാണ്.

*ചോദ്യം: കുട്ടി ജനിച്ച് ഏഴാം ദിവസം എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്?*

**ഉത്തരം:** കുട്ടിക്ക് വേണ്ടി ഉള്ഹിയ്യഃയുടെ നിബന്ധനകളോട് കൂടിയ മൃഗത്തെ അഖീഖ അറുക്കുകയും, ശേഷം കുട്ടിയുടെ തല മുണ്ഡനം ചെയ്യുകയും, ആ മുടിയുടെ തൂക്കത്തിന് തുല്യം സ്വർണ്ണമോ വെള്ളിയോ പാവങ്ങൾക്ക് സ്വദഖയായി നൽകുകയും ചെയ്യണം. ശേഷം കുട്ടിക്ക് നല്ല പേര് വെക്കണം.

*ചോദ്യം: കുട്ടിക്ക് പേര് വെക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?*

**ഉത്തരം:** നല്ല അർത്ഥങ്ങളുള്ള പേരുകൾ വെക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അബ്ദുല്ലാഹ്, അബ്ദുർറഹ്മാൻ എന്നിവ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട നാമങ്ങളാണ് എന്ന് ഹദീസിൽ വന്നിട്ടുണ്ട്. സമാനമായി അല്ലാഹുവിന്റെ നാമങ്ങളോട് അബ്ദ് (അടിമ) എന്ന് ചേർന്ന് വരുന്ന പേരുകളോ, നബി(സ)യുടെ വിവിധ നാമങ്ങളോ, മറ്റ് പ്രവാചകന്മാരുടെയോ സ്വാലിഹീങ്ങളുടെയോ പേരുകളോ തുടങ്ങി നല്ല അർത്ഥങ്ങളുള്ള ഏത് പേരുകളും വെക്കാവുന്നതാണ്. മോശമായ അർത്ഥങ്ങൾ ദ്യോതിപ്പിക്കുന്ന പേരുകൾ പാടില്ലാത്തതാണ്.

*ചോദ്യം: ഇന്ന് പ്രസവങ്ങൾ അധികവും ആശുപത്രികളിലാണ് നടക്കാറുള്ളത്, മിക്കപ്പോഴും കുട്ടി ജനിച്ച ഉടൻ തന്നെ ജനന റെജിസ്ട്രേഷൻ നടപടികൾക്കായി അധികൃതർ കുട്ടിയുടെ പേര് ആവശ്യപ്പെടാറുമുണ്ട്. അങ്ങനെ ഏഴാം ദിവസത്തിന് മുമ്പ് കുട്ടിക്ക് പേര് വെക്കുന്നതിൽ കുഴപ്പമുണ്ടോ?*

**ഉത്തരം:** യാതൊരു കുഴപ്പവുമില്ല, എങ്കിലും ഏഴാം ദിവസം ചെയ്യലാണ് ഉത്തമം.

*ചോദ്യം: പരിഛേദന (മാർക്കം) ചെയ്യുന്നതിന്റെ ഇസ് ലാമിക വിധിയെന്ത്?*

**ഉത്തരം:** ശാഫിഈ മദ്ഹബ് പ്രകാരം പരിഛേദന നിർബന്ധമാണ്. (ഫത്ഹുൽ മുഈൻ)

ഹനഫി മദ്ഹബ് പ്രകാരം പരിഛേദന സുന്നത്ത് മുഅക്കദയാണ്. (ദുർറ്)

●

കവർ സ്റ്റോറി

**പ്രൊഫസർ അബ്ദുർറഹ്മാൻ ആദൃശ്ശേരി**

# കർബലയും ശിയാക്കളും

നബി(സ) തിരുമേനിയുടെ പൗത്രൻമാരായ ഹസൻ(റ)വും ഹുസൈൻ(റ)വും തിരുഹൃദയത്തിൽ എത്ര മാത്രം ഇടംപിടിച്ചിരുന്നുവെന്ന കാര്യം ഇസ്‌ലാമിക ചരിത്രം പഠിച്ചവരോട് പറഞ്ഞറിയിക്കേണ്ടതില്ല.

നബി(സ) പറഞ്ഞു: "ഹസനും ഹുസൈനും സ്വർഗ്ഗവാസികളായ യുവാക്കളുടെ നേതാക്കളാണ്." (തിർമിദി, അഹ്മദ്).

"അവർ രണ്ടുപേരും ഈ ലോകത്തിലെ എന്റെ ആനന്ദങ്ങളാണ്." (ബുഖാരി).

ഹുസൈൻ(റ)വിന്റെ വധം അങ്ങേയറ്റം ദുഃഖകരമായ സംഭവമാണെന്ന കാര്യത്തിൽ മുസ്‌ലിംകൾക്കിടയിൽ രണ്ടഭിപ്രായമില്ല. ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ(റഹ) പറയുന്നു: "ഹുസൈൻ(റ) പീഢിതനായി കൊല ചെയ്യപ്പെട്ടു. അത് വലിയ പാതകമായിരുന്നു എന്ന കാര്യത്തിൽ തർക്കമില്ല. ആ കൃത്യം ചെയ്തവനും അതിനെ അംഗീകരിച്ചവനും അതിന് സഹായം നൽകിയവനും അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാണെന്ന കാര്യത്തിൽ തർക്കമില്ല."

ഹുസൈൻ(റ)വിന്റെ വധത്തിന് മുമ്പ് അദ്ദേഹത്തേക്കാൾ മഹത്വമുള്ള പലരും കൊല്ലപ്പെട്ടിട്ടുണ്ട്. തന്റെ പിതാവ് അലി(റ), ഉസ്മാൻ(റ), ഉമർ(റ), ത്വൽഹ(റ), സുബൈർ(റ), അമ്മാർ(റ) എന്നിവർ അവരിൽപെടും.

ഇതൊന്നും തന്നെ പരിഗണിക്കേണ്ടതല്ലെന്നും ഹുസൈൻ(റ)വിന്റെ വധം മാത്രം ആചരിക്കേണ്ടതാണെന്നും ആർക്കാണ് പറയാൻ സാധിക്കുക?

പേർഷ്യൻ സാമ്രാജ്യം മുസ്‌ലിംകളാൽ തകർക്കപ്പെട്ട ശേഷം മുസ്‌ലിം ലോകത്ത് ദുരന്തങ്ങളുടെ ശൃംഖല തന്നെ സംഭവിച്ചത് എന്തുകൊണ്ടായിരുന്നു? ഇതിൽ ഒന്നാമത് ആ സാമ്രാജ്യത്തെ ജയിച്ചടക്കിയ ഖലീഫ ഉമറിന്റെ വധമായിരുന്നു. പേർഷ്യയിൽ വെച്ച് ആസൂത്രണം ചെയ്യപ്പെട്ട പ്രസ്തുത പദ്ധതി മദീനയിൽ വെച്ച് 'അബൂ ലുഅ്ലുഅ'

എന്ന പേർഷ്യക്കാരൻ നടപ്പാക്കുകയാണുണ്ടായത്. ഇന്നും ഇറാൻ ആദരിക്കുന്ന ഇയാളുടെ ശവകുടീരം ഇറാനിലെ ശിയാക്കളുടെ പുണ്യകേന്ദ്രമാണ്. ഇതെല്ലാം യാദൃശ്ചികമായ സംഭവങ്ങളാണെന്ന് ആർക്കാണ് പറയാനാവുക?

ഇസ്‌ലാമിന് കീഴടങ്ങിയ യമൻ, ആഫ്രിക്ക, സിറിയ, തുർക്കി തുടങ്ങിയ രാജ്യങ്ങൾ ഇസ്‌ലാമിന് കീഴിൽ ഉറച്ച് നിന്നപ്പോൾ പേർഷ്യൻ സാമ്രാജ്യത്തിന് കീഴിലായിരുന്ന ഇറാനും ഇറാഖും എന്നും ഇസ്‌ലാമിനും മുസ്‌ലിംകൾക്കും വേദന സൃഷ്ടിക്കാൻ കാരണമെന്ത്?

ശാമിന്റെ ജേതാക്കളായ അബൂ ഉബൈദയും ഖാലിദുബ്നുൽ വലീദും ഈജിപ്തിൽ അംറുബ്നുൽ ആസ്വും തുർക്കിയിൽ അബൂ അയ്യൂബിൽ അൻസ്വാരിയും എന്നും വാഴ്ത്തപ്പെടുമ്പോൾ, ഇറാഖിലും പേർഷ്യയിലും ജേതാക്കളായ സ്വഹാബികൾ എന്തുകൊണ്ട് വെറുക്കപ്പെടുന്നു? ഇറാഖിന്റെ വിമോചകനായ സഅ്ദുബ്നു അബീ വഖാസ്(റ) എന്തുകൊണ്ട് ആ നാട്ടുകാർക്ക് അസ്വീകാര്യനായി? അദ്ദേഹത്തിന് നമസ്കരിക്കാൻ അറിയില്ലെന്ന് ഉമർ(റ)വിന്റെ പക്കൽ അവർ പരാതിപ്പെട്ടത് എന്തുകൊണ്ടായിരുന്നു? (ബുഖാരി).

ആദ്യകാല വിശ്വാസിയും നബിതിരുമേനിയുടെ അമ്മാവനുമായ, സ്വർഗ്ഗാവകാശിയെന്ന് സുവിശേഷം ലഭിച്ച അദ്ദേഹത്തെ നാട്ടുകാരുടെ കലാപം ഭയന്ന് ഉമർ(റ) സ്ഥാനഭ്രഷ്ടനാക്കി. തന്റെ നേതൃത്വത്തിൽ പേർഷ്യൻ അതിർത്തി പ്രദേശങ്ങളിൽ നിർണ്ണായകമായ ജൈത്രയാത്രകൾ നടന്നു കൊണ്ടിരിക്കുമ്പോഴായിരുന്നു അവർ തനിക്കെതിരിൽ ആക്രമണങ്ങൾ എയ്തുവിട്ടുകൊണ്ടിരുന്നത് എന്നത് ആരായിരുന്നു അതിന്റെ പിന്നിൽ പ്രവർത്തിച്ച ശക്തികളെന്ന് തിരിച്ചറിയാൻ സഹായിക്കും.

## ഹുസൈൻ (റ) നെ സഹാബീപ്രമുഖർ വിലക്കുന്നു

ഇറാഖിലേക്ക് പുറപ്പെടുന്നതിന് മുമ്പായി മക്കയിലെത്തിയ ഹുസൈൻ(റ) സ്വഹാബി പ്രമുഖരായ അബ്ദുല്ലാഹിബ്നു അബ്ബാസ്(റ), ഇബ്നു ഉമർ(റ), ഇബ്നു സുബൈർ(റ), അബ്ദുല്ലാഹിബ്നു ജഅ്ഫർ(റ), തന്റെ സഹോദരൻ മുഹമ്മദുബ്നു അലി(റ) എന്നിവരോട് തന്റെ യാത്രയെക്കുറിച്ച് കൂടിയാലോചിച്ചു. ഇറാഖിലേക്ക് പുറപ്പെടരുതെന്ന് അവർ ഏകസ്വരത്തിൽ അദ്ദേഹത്തെ ഉപദേശിച്ചു. "അവർ നിങ്ങളെ യുദ്ധത്തിലേക്കും കലാപത്തിലേക്കുമാണ് ക്ഷണിച്ചിട്ടുള്ളത്. അവർ നിങ്ങളെ ചതിക്കുകയില്ലെന്നതിനും അക്രമിക്കുകയില്ലെന്നതിനും യാതൊരു ഉറപ്പുമില്ല" എന്നായിരുന്നു ഇബ്നു അബ്ബാസ്(റ)വിന്റെ പ്രതികരണം. എന്നാൽ, ഹുസൈൻ(റ) തന്റെ നിലപാടിൽ ഉറച്ചു നിന്നപ്പോൾ "നിങ്ങൾ പോകാൻ ഉറച്ചിട്ടുണ്ടെങ്കിൽ നിങ്ങളുടെ സ്ത്രീകളെയും കുട്ടികളെയും കൊണ്ടുപോകരുത്, തന്റെ ഭാര്യമാരും മക്കളും നോക്കി നിൽക്കെ ഉഥ്മാൻ(റ) വധിക്കപ്പെട്ടത് പോലെ താങ്കളും വധിക്കപ്പെടുമെന്ന് ഞാൻ ഭയക്കുന്നു" എന്നുമായിരുന്നു ഇബ്നു അബ്ബാസ്(റ) പറഞ്ഞത്.

"ഇറാഖുകാരിൽ നിന്ന് താങ്കളുടെ പിതാവിനുണ്ടായ അനുഭവങ്ങളും അവർ അദ്ദേഹത്തെ ചതിച്ചതുമെല്ലാം താങ്കൾക്കറിയാമല്ലോ" എന്നായിരുന്നു ഇബ്നു ഉമർ(റ)വിന്റെ പ്രതികരണം.

"താങ്കളുടെ പിതാവിനെ വധിക്കുകയും സഹോദരനെ പുറത്താക്കുകയും ചെയ്ത ഒരു വിഭാഗത്തിന്റെ കൂടെ താങ്കൾ എങ്ങോട്ട് പോകുന്നു?" എന്നായിരുന്നു ഇബ്നു സുബൈർ(റ) ചോദിച്ചത്!

## ചരിത്രരേഖകൾ

മദീനയിൽ നിന്ന് മക്കയിലേക്കും അവിടെ നിന്ന് കർബലയിലേക്കും പോയ ഹുസൈൻ(റ)വിനെ വധിക്കാൻ താൽപര്യമുണ്ടായിരുന്നെങ്കിൽ യസീദിന് വധിക്കാമായിരുന്നു. കാരണം, അദ്ദേഹം യാത്ര ചെയ്ത പ്രദേശങ്ങളത്രയും യസീദിന്റെ ഭരണത്തിന് കീഴിലായിരുന്നു. ഇറാഖിലെ കർബലയിൽ വെച്ചുതന്നെ അദ്ദേഹത്തെ കൊലപ്പെടുത്തിയതിന്റെ പിന്നിലുള്ള ശക്തികൾ ആരായിരുന്നു? തന്നെ യസീദിന്റെ അടുക്കലേക്ക് പറഞ്ഞയക്കണമെന്ന അദ്ദേഹത്തിന്റെ ആവശ്യം തള്ളിക്കളഞ്ഞത് എന്തുകൊണ്ടായിരുന്നു? ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ഏറ്റവും അർഹൻ ഹുസൈൻ(റ) തന്നെയാണ്. ശിയാ പുരോഹിതൻ ശൈഖ് മുഫീദ് പറയുന്നത് കാണുക. "ഇമാം ഹുസൈൻ തന്റെ കക്ഷി(ശീഅ)ക്കെതിരിൽ ഇങ്ങനെ പ്രാർത്ഥിച്ചു. "അല്ലാഹുവേ! അവർക്ക് നീ അൽപ്പകാലം സുഖജീവിതം നൽകിയിട്ടുണ്ടെങ്കിൽ അവരെ നീ ഇനി ഛിന്നഭിന്നമാക്കുകയും ചെയ്യേണമേ. അവരെ നീ അനൈക്യത്തിലാക്കുകയും ഭരണാധികാരികൾക്ക് ഒരിക്കലും അവർ പ്രിയപ്പെട്ടവരാക്കുകയും അരുതേ. കാരണം, ഞങ്ങളെ സഹായിക്കാമെന്ന് പറഞ്ഞ് വിളിച്ചു വരുത്തുകയും പിന്നെ ഞങ്ങളോട് അക്രമം കാണിക്കുകയും ഞങ്ങളെ കൊലപ്പെടുത്തുകയും ചെയ്തവരാണ് അവർ." (അൽ ഇർഷാദ് 241).

ഹുസൈൻ(റ)വിന്റെ മകൾ സുകൈന കൂഫക്കാരോട് (ശിയാക്കളോട്) ഇങ്ങനെ പറഞ്ഞു. "ചതിയൻമാരും വഞ്ചകന്മാരുമായ കൂഫക്കാരേ! ബാല്യത്തിൽ എന്നെ അനാഥയാക്കുകയും പ്രായമായപ്പോൾ വിധവയാക്കുകയും ചെയ്തത് നിങ്ങളാണ്. എന്റെ പിതാ

വിനെയും പിതാമഹനെയും (അലി(റ)) പിതൃവ്യനെയും സഹോദരനെയും ഭർത്താവിനെയും കൊന്നവർ നിങ്ങളാണ്. നിങ്ങളും നിങ്ങളുടെ വഞ്ചനയും തുലയട്ടെ." (ഇബ്നു കഥീർ 8/230).

ഹസൻ(റ) തന്റെ കക്ഷി(ശീഅ)യെക്കുറിച്ച് പറയുന്നത് കാണുക. "ഈ ആളുകൾ എന്റെ പക്ഷക്കാരാണെന്ന് അവകാശപ്പെടുന്നു. എന്നെ വധിക്കാൻ ശ്രമിക്കുകയും എന്റെ വസ്തുവകകൾ കവർച്ച ചെയ്യുകയും സമ്പത്ത് പിടിച്ചടക്കുകയുമാണവർ. അല്ലാഹു സത്യം! ഇവർ എന്നെ വധിക്കുകയും എന്റെ കുടുംബത്തെ വഴിയാധാരമാക്കുകയും ചെയ്യുന്നതിലും ഭേദം എനിക്ക് സുരക്ഷയും സംരക്ഷണവും നൽകാൻ ഞാൻ മുആവിയയോട് ഒരു ഉടമ്പടി ചെയ്യുന്നതായിരിക്കും. ഞാൻ അദ്ദേഹത്തോട് ഏറ്റുമുട്ടിയാൽ ഇവർ എന്റെ പിരടിക്ക് പിടിച്ച് അദ്ദേഹത്തിന് ഏൽപ്പിച്ച് കൊടുക്കും." (അൽ ഇഹ്തിജാജ് തബറസി 2/10).

ഹുസൈൻ(റ)വിനെ ഒറ്റിക്കൊടുത്തവർ കൂഫക്കാരായിരുന്നു. അവർക്കെതിരിൽ അദ്ദേഹം നടത്തിയ പ്രാർത്ഥന നാം കണ്ടു. എന്താണ് കൂഫക്കാരുടെ പ്രത്യേകത? ശീഈ പണ്ഡിതൻ ബാഖിർ ശരീഫ് ഖുറഷി പറയുന്നത് കാണുക. "കൂഫ ശീഇസത്തിന്റെ വളർത്തു കേന്ദ്രമായിരുന്നു. അലവികളുടെ കേന്ദ്രമായിരുന്ന ആ നാട് പല ഘട്ടങ്ങളിലും അഹ്ലുബൈത്തിനോടുള്ള ആത്മാർത്ഥ തെളിയിച്ചവരാണ്." (ഹയാത്തുൽ ഇമാം ഹുസൈൻ 3/12).

മറ്റൊരു ശീഈ പണ്ഡിതൻ ജവാദ് മുഹദ്ദിസി പറയുന്നു. "കൂഫക്കാർ വഞ്ചനയിലും വാഗ്ദത്ത ലംഘനത്തിലും പ്രസിദ്ധരാണ്. ചുരുക്കത്തിൽ, ഇസ്ലാമിക ചരിത്രത്തിൽ കൂഫക്കാരെക്കുറിച്ച് നല്ല അനുഭവമല്ല. ഈ നാട്ടുകാരുടെ മാനസികാവസ്ഥ, നിലപാടുകളിലെ വൈരുദ്ധ്യം, കുതന്ത്രം, ഇരട്ടത്താപ്പ്, അവസരവാദം, ഭരണാധികാരികൾക്കെതിരിൽ കലാപം കൂട്ടുക, സ്വഭാവദൂഷ്യം, ആർത്തി, അത്യാഗ്രഹം, അപവാദ പ്രചരണങ്ങളിൽ വീഴുക, ഗോത്ര താൽപര്യങ്ങൾ ഇതെല്ലാം കാരണം അങ്ങേയറ്റം കൈപ്പുറ്റ അനുഭവങ്ങൾ ഇമാം ഹുസൈന് അവരിൽ നിന്നും ഏൽക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ ദൂതൻ മുസ്ലിം ഇബ്നു അഖീൽ അന്യായമായി കൊല ചെയ്യപ്പെട്ടു." (മൗസൂഅത്തു ആശുറാ 59).

"ഇസ്ലാമിനെ സഹായിക്കേണ്ട ഘട്ടത്തിൽ പുറം തിരിഞ്ഞ് നിൽക്കുക, പണത്തോടുള്ള ആർത്തി, നിലപാടുകളില്ലായ്മ ഇതാണ് കൂഫക്കാരുടെ വിശ്വാസത്തിന്റെ പ്രധാന മുഖമുദ്ര" എന്നാണ് പ്രമുഖ ശീഈ പണ്ഡിതൻ ഹുസൈൻ കൂറാനി പറയുന്നത്. (ഫീ രിഹാബി കർബല 53).

അലി(റ) കൂഫക്കാരെക്കുറിച്ച് (ശിയാക്കളെ) പറഞ്ഞത് ഇപ്രകാരമാണ്. "ഞാൻ നിങ്ങളെ കേൾപ്പിച്ചു, നിങ്ങൾ കേട്ടില്ല. ഞാൻ നിങ്ങളെ വിളിച്ചു, നിങ്ങൾ ഉത്തരം നൽകിയില്ല. ഞാൻ നിങ്ങളെ ഉപദേശിച്ചു, നിങ്ങൾ സ്വീകരിച്ചില്ല. നിങ്ങളിൽ പെട്ട പത്ത് പേരെ സ്വീകരിച്ച് തന്റെ കൂട്ടത്തിൽ പെട്ട ഒരാളെ മുആവിയ എനിക്ക് നൽകിയിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ കാതുകളുള്ള ബധിരൻമാരും സംസാര ശേഷിയുള്ള മൂകൻമാരും കണ്ണുകളുള്ള അന്ധൻമാരുമാണ്. പ്രതിരോധിക്കേണ്ടി വരുമ്പോൾ ധീരതയോ പ്രതിസന്ധി ഘട്ടത്തിൽ വിശ്വസ്തതയോ നിങ്ങൾക്കില്ല." (നഹ്ജുൽ ബലാഗ 1/187).

ഹസൻ(റ)വിന്റെ അനുഭവവും മറിച്ചായിരുന്നില്ല. അദ്ദേഹം അവരെ പോരാട്ടത്തിന് ക്ഷണിച്ചപ്പോൾ ആരും അനുകൂലമായി പ്രതികരിച്ചില്ല. ആത്മധൈര്യം നഷ്ടപ്പെട്ട അവർക്ക് ജീവാർപണത്തിന് താൽപര്യമുണ്ടായിരുന്നില്ല. ഭാവി ബനൂ ഉമയ്യയുടെ കരങ്ങളിലാണെന്ന് മനസ്സിലാക്കിയ അവർ അവരോട് മാനസിക പൊരുത്തം പ്രാപിച്ചിരുന്നു. (അലാഖുത്വാ ഹുസൈൻ 39).

ശിയാക്കൾ ഇമാം ഹസനെ വഞ്ചിച്ചതിനെക്കുറിച്ച് തീവ്ര ശിയാ വിശ്വാസിയായ ഇദ്രീസ് അൽ ഹുസൈനിയുടെ അഭിപ്രായം കാണുക. "സ്വന്തം സൈനികർ ഇമാം ഹസനെ പല തവണ ചതിയിൽ കൊലപ്പെടുത്താനൊരുങ്ങി. ബനൂ സഅ്ദ് ഗോത്രത്തിൽ പെട്ട ഒരു സൈനികൻ ഒരിക്കൽ അദ്ദേഹത്തിന്റെ കുതിരയെ തടഞ്ഞു വെച്ചു. ഇമാമിന്റെ തുടയിൽ ആഞ്ഞ് വെട്ടി. ഇമാം നിലം പതിച്ചു. തന്റെ കൂട്ടത്തിൽ പെട്ട ഒരാൾ കത്തി പിടിച്ചു വാങ്ങി. മറ്റൊരിക്കൽ നമസ്കാരത്തിനിടയിലും അദ്ദേഹത്തിന് കുത്തേറ്റു." (ലഖദ് ശയ്യഅനീ അൽ ഹുസൈൻ 279).

പ്രഗൽഭ ശിയാ പണ്ഡിതൻ മുഹ്സിനുൽ അമീൻ പറയുന്നു. "അലിയുടെ ശേഷം പുത്രൻ ഹസന് ബൈഅത്ത് ചെയ്യുകയും പിന്നീട് അദ്ദേഹം വഞ്ചിക്കപ്പെട്ടു. ഇറാഖുകാർ (ശിയാക്കൾ) അദ്ദേഹത്തിന്റെ മേൽ ചാടി വീഴുകയും കഠാര കൊണ്ട് ശരീരത്തിൽ കുത്തുകയും ചെയ്തു." (അഅ്യാനു ശീഅ 1/26).

ശിയാക്കൾ ഇമാം അലി(റ)വിനോടും ഹസൻ(റ)വിനോടും കാണിച്ച ചതിയും വഞ്ചനയും വാഗ്ദത്ത ലംഘനവും നാം കണ്ടു. എന്നാൽ ഹുസൈൻ(റ) നിലവിലുള്ള ഖലീഫക്ക് ബൈഅത്ത് ചെയ്യാതെ കൂഫയിലേക്ക് പുറപ്പെടാൻ കാരണമെന്തായിരുന്നു? ശിയാ ചിന്തകൻ കാളിം അൽ ഇഹ്സാഇ പറയുന്നത് കാണുക.

"ഹുസൈന് തുരുതുരാ കത്തുകൾ വന്നുകൊണ്ടിരുന്നു. രണ്ട് ചാക്ക് നിറയെ കത്തുകൾ കുമിഞ്ഞു

കൂടി. അവസാനമായി അദ്ദേഹത്തിന് ലഭിച്ച കത്ത് കൊണ്ടുവന്നത് ഹാനി ഇബ്നു ഹാനി, സഈദുബ്നു അബ്ദുല്ല എന്നിവരായിരുന്നു. അതിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു. "പരമകാരുണികനായ അല്ലാഹുവിന്റെ നാമത്തിൽ ഹുസൈന്. നിങ്ങളുടെയും നിങ്ങളുടെ പിതാവിന്റെയും കക്ഷി(ശിയാക്കൾ) കളിൽ നിന്ന്. ആളുകൾ നിങ്ങളുടെ വരവ് കാത്തിരിക്കുന്നു. അവർക്ക് നിങ്ങളല്ലാതെ മറ്റൊരാളെക്കുറിച്ചും അഭിപ്രായമില്ല. അതിനാൽ നിങ്ങൾ വേഗം പുറപ്പെടുക." (ആശുറാ 85).

ശീഈ പണ്ഡിതൻ ഡോ: അഹ്മദ് റാസിം നഫീസ് പറയുന്നു. "ഞങ്ങൾക്ക് മറ്റൊരു നേതാവില്ലെന്നും താങ്കൾ ഉടൻ പുറപ്പെടണമെന്നും അറിയിച്ച് കൊണ്ട് കൂഫക്കാർ ഹുസൈന് കത്തുകൾ എഴുതിക്കൊണ്ടിരുന്നു. സമുദായത്തിന്റെ നേതൃത്വം ഏറ്റെടുക്കാനുള്ള പ്രത്യാശകൾ നിറഞ്ഞ കത്തുകളായിരുന്നു അവ. മാറ്റം കൊതിക്കുന്ന നേതൃത്വമേറ്റെടുക്കാൻ ആവശ്യപ്പെടുന്ന ജനകീയാഭിപ്രായം സ്ഫുരിക്കുന്ന കത്തുകൾ. കൂഫയെ ജനകീയ വിപ്ലവത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുവാൻ ആ കത്തുകൾ കാരണമായി." (അലാഖുത്വാ ഹുസൈൻ 94).

മറ്റൊരു ശീഈ പണ്ഡിതൻ മുഹമ്മദ് കാളിം ഖസ്വീനി പറയുന്നു. "നേതൃത്വം ഏറ്റെടുക്കാൻ തങ്ങളുടെ നാട്ടിലേക്ക് ക്ഷണിച്ച് കൊണ്ട് ഇറാഖുകാർ ഹുസൈന് കത്തുകൾ അയച്ചുകൊണ്ടിരുന്നു. പന്ത്രണ്ടായിരം കത്തുകൾ അദ്ദേഹത്തിന് ലഭിച്ചു. എല്ലാ കത്തുകളുടെയും ഉള്ളടക്കം ഒന്നുതന്നെയായിരുന്നു. "നിങ്ങളുടെ പിന്നിൽ അണി നിരക്കാൻ കൂഫയിൽ ഒരു ലക്ഷമാളുകൾ ഒരുങ്ങി നിൽക്കുന്നു. നിങ്ങൾ വന്നില്ലെങ്കിൽ നാളെ ഞങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ വെച്ച് നിങ്ങളോട് തർക്കിക്കും" എന്നുവരെ കത്തുകളിലുണ്ടായിരുന്നു." (ഫാജിഅ തുത്ത്വഫ് 6).

മറ്റൊരു ശിയാ പണ്ഡിതൻ അബ്ബാസ് അൽ ഖുമ്മി പറയുന്നു. "ഒരു ദിവസം അറുനൂറ് കത്തുകൾ പ്രകാരം വഞ്ചകരുടെ കത്തുകൾ അദ്ദേഹത്തിന് ലഭിച്ചുകൊണ്ടിരുന്നു. അങ്ങനെ പന്ത്രണ്ടായിരം കത്തുകൾ അദ്ദേഹത്തിന്റെ പക്കൽ കുമിഞ്ഞ് കൂടി." (മുൻതഹൽ ആമാൽ 1/430).

ഹുസൈൻ(റ) മക്കയിലെത്തിയ വിവരമറിഞ്ഞ കൂഫക്കാർ സുലൈമാനുബ്നു സർഇന്റെ വീട്ടിൽ ഒരുമിച്ച് കൂടി. ഹുസൈൻ(റ)വിനെ വിളിച്ചു വരുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് കത്തുകളയക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. (മുൻതഹൽ ആമാൽ 1/430).

തങ്ങൾ യസീദിന്റെ ഗവർണർ നുഅ്മാനുബ്നു ബശീറിന്റെ കൂടെ ജുമുഅയിലോ ഈദിലോ പങ്കെടുക്കുകയില്ലെന്നും നിങ്ങൾ വരികയാണെങ്കിൽ അദ്ദേഹത്തെ ശാമിലേക്ക് പറഞ്ഞു വിടാമെന്നും എഴുതിയ കത്ത് അബ്ദുല്ലാഹിബ്നു മസ്മഇൽ ഹമദാനിയുടെ പക്കൽ ഹുസൈൻ(റ)വിന് കൊടുത്തയച്ചു.

ശിയാ വഞ്ചനയുടെ പൊരുളറിയണമെങ്കിൽ കൂഫക്കാരിൽ നിന്ന് ഹുസൈൻ(റ)വിന് തുടർച്ചയായി ലഭിച്ചുകൊണ്ടിരുന്ന കത്തുകൾക്ക് പിന്നിൽ പ്രവർത്തിച്ച ശക്തികളെക്കുറിച്ച് പഠിക്കേണ്ടി വരും. കാരണം, പിന്നീടുണ്ടായ എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാന ഹേതു പ്രസ്തുത കത്തുകളായിരുന്നു. ഈ കത്തുകൾ എത്തിച്ച ദുരൂഹ വ്യക്തിത്വമായ ഹമദാനി ആരായിരുന്നു? ഇത്രയും കത്തുകൾ എങ്ങനെയാണ് അയാൾ ശേഖരിച്ചത്? ഹുസൈൻ (റ) ന്റെ സ്വന്തം സഹോദരൻ മുഹമ്മദുബ്നു അലിയ്യ്(റ), സ്വഹാബീ പ്രമുഖരായ ഇബ്നു ഉമർ(റ), ഇബ്നു സുബൈർ(റ), അബ്ദുല്ലാഹിബ്നു ജഅ്ഫർ(റ) എന്നിവരേക്കാൾ ഹുസൈൻ(റ)വിന്റെ കാര്യത്തിൽ ഇത്ര താൽപര്യം കാണിച്ച ഈ അജ്ഞാതൻ ആരായിരുന്നു? തുരുതുരാ വന്നുകൊണ്ടിരുന്ന പ്രസ്തുത അജ്ഞാത എഴുത്തുകൾക്ക് പിന്നിലെ രാഷ്ട്രീയമെന്തായിരുന്നു? ഇതൊക്കെ നാം അറിഞ്ഞിരിക്കണം. മൂന്നാം ഖലീഫ ഉഥ്മാൻ(റ)വിനെതിരിൽ കലാപം ഇളക്കി വിട്ടു. മക്ക, മദീന, കൂഫ, ബസറ, മിസ്റ് എന്നിവിടങ്ങളിൽ നിന്ന് "തങ്ങളുടെ നാട്ടിലെ ജനങ്ങൾ ഉഥ്മാൻ(റ)വിനെതിരാണ്" എന്നു പറഞ്ഞു കൊണ്ട് ഖലീഫക്കെതിരിൽ നാട്ടുകാരെ ഇളക്കിവിടാൻ മഹതി ആയിഷ (റ) യുടെ പേരിൽ കള്ളകത്തുകൾ അയച്ചിരുന്നത് ഓർക്കുക. ഈ വഞ്ചന ഹുസൈൻ(റ) തിരിച്ചറിഞ്ഞിരുന്നുവെന്ന് വിശ്വസിക്കാവുന്ന തെളിവുകളുണ്ട്. അദ്ദേഹം പറഞ്ഞതായി ശീഈ ഗ്രന്ഥം തന്നെ ഉദ്ധരിക്കുന്നത് കാണുക. "എനിക്ക് കത്തുകൾ അയച്ചവർ എന്നെ കെണിയിൽ കുടുക്കാനാണ് അങ്ങനെ ചെയ്തത് എന്നാണ് ഞാൻ വിചാരിക്കുന്നത്." (അൻസാബുൽ അശ്റാഫ് 3/393).

മുആവിയ(റ)വിനോട് ഹസൻ(റ) സന്ധിയിൽ ഏർപ്പെട്ടത് മുതൽ അദ്ദേഹത്തിനും ഇത്തരത്തിലുള്ള കത്തുകൾ വന്നിരുന്നു. എന്നാൽ, അദ്ദേഹം അത് തുറന്ന് നോക്കിയിരുന്നില്ല. അതൊന്നും വായിച്ച് നോക്കാത്തത് എന്താണെന്ന് ചോദിച്ചപ്പോൾ "സത്യത്തിലേക്ക് മടങ്ങാത്തവരും അധർമത്തിൽ വിട്ടുവീഴ്ച ചെയ്യാത്തവരുമായ ഇറാഖുകാരുടെ എഴുത്തുകളാണിവ. എന്റെ കാര്യത്തിൽ ഞാനവരുടെ ചതി ഭയക്കുന്നില്ല. എന്നാൽ, ഇദ്ദേഹത്തിന്റെ (ഹുസൈൻ) കാര്യത്തിൽ ഞാൻ അവരെ ഭയപ്പെടുന്നുവെന്ന് പറഞ്ഞ് അദ്ദേഹം ഹുസൈൻ(റ)വിന്റെ നേരെ വിരൽ ചൂണ്ടി." (ത്വബരി 4/122).

ഹസൻ(റ)വിന്റെ നിരീക്ഷണങ്ങൾ എത്രമാത്രം

ശരിയായിരുന്നുവെന്ന് ഓർക്കുക. അദ്ദേഹം ശിയാക്കളുടെ കെണിയിൽ കുടുങ്ങിയിരുന്നുവെങ്കിൽ എന്താകുമായിരുന്നു അവസ്ഥ? നബിതിരുമേനി(സ) അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത്, എന്റെ ഈ പുത്രൻ മുസ്ലിംകളിലെ രണ്ട് വലിയ വിഭാഗങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കും എന്നായിരുന്നു. കത്തുകൾ കിട്ടിയ ഹുസൈൻ(റ) സത്യാവസ്ഥ അറിയാൻ പിതൃവ്യപുത്രൻ മുസ്ലിമുബ്നു അകീലിനെ ഒരു കത്തുമായി ഇറാകിലേക്കയച്ചു. കത്തിന്റെ ഉള്ളടക്കം ഇതായിരുന്നു.

"ഇന്നയാളുകൾ നിങ്ങളുടെ കത്തുകളുമായി എന്നെ സമീപിച്ചിരുന്നു. നമുക്ക് ഒരു നേതാവില്ലാത്തത് കൊണ്ട് നിങ്ങൾ വരണം എന്നാണ് ആ കത്തുകളുടെ താൽപര്യം. ഞാൻ എന്റെ വിശ്വസ്തൻ മുസ്ലിമിനെ അയക്കുന്നു. കത്തിൽ പറഞ്ഞതുപോലെ നിങ്ങളുടെ പ്രമാണിമാരും നേതാക്കളും ഒറ്റക്കെട്ടാണെന്ന് അദ്ദേഹം എന്നെ അറിയിക്കുകയാണെങ്കിൽ ഞാൻ ഉടനെ വരാം."

കത്ത് വായിച്ച് കേട്ട കൂഫക്കാർ ഒന്നടങ്കം, ഹുസൈന് പിന്നിൽ ഉറച്ച് നിൽക്കുമെന്ന് അദ്ദേഹത്തിന് ഉറപ്പ് നൽകി. പതിനെട്ടായിരം പേരാണ് (നാൽപതിനായിരം എന്നും അഭിപ്രായമുണ്ട്) തങ്ങളുടെ പിന്തുണ അറിയിച്ചത്. അവരുടെ കാര്യത്തിൽ സംശയം തോന്നാതിരുന്നത് കൊണ്ട് വേഗം പുറപ്പെടാൻ ആവശ്യപ്പെട്ടുകൊണ്ട് ഹുസൈൻ(റ)വിന് മുസ്ലിം എഴുത്തയച്ചു. ഹജ്ജ് വേളയിൽ മുസ്ലിമിന്റെ കത്ത് കിട്ടിയ ഹുസൈൻ(റ) പിന്നീട് ഒന്നും ആലോചിക്കാതെ പുറപ്പെടുകയും ചെയ്തു. മുസ്ലിം കൂഫയിൽ മുഖ്താറിന്റെ വീട്ടിൽ തമ്പടിച്ചു. ഹുസൈൻ(റ)വിന് ബൈഅത് ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിച്ച് കൊണ്ടിരുന്നു. നാൽപതിനായിരം പേർ അദ്ദേഹത്തിന് പിന്തുണ അറിയിച്ചു. എന്നാൽ, പ്രമുഖ സ്വഹാബിയും യസീദിന്റെ ഇറാകിലെ ഗവർണറുമായിരുന്ന നുഅ്മാനുബ്നു ബശീർ(റ) ഇതൊക്കെയറിഞ്ഞിട്ടും യാതൊരു തടസ്സവും സൃഷ്ടിച്ചിരുന്നില്ല. പിന്നീട് കൂഫയിലെ ഗവർണറായി വന്ന ഉബൈദുല്ലാഹിബ്നു സിയാദ് ഗോത്രത്തലവൻമാരെ ഭീഷണിപ്പെടുത്തി. അങ്ങനെ തനിക്ക് പിന്തുണ അറിയിച്ച നാൽപതിനായിരം പേരും കാലുമാറിയതോടെ ഒറ്റപ്പെട്ട മുസ്ലിം കൂഫയുടെ വഴിയോരങ്ങളിൽ എങ്ങോട്ട് പോകണമെന്നറിയാതെ വിഷമിച്ചു. അദ്ദേഹത്തിന്റെ ദുരവസ്ഥ കണ്ട് മനസ്സലിഞ്ഞ ഒരു സ്ത്രീ അദ്ദേഹത്തിന് അഭയം നൽകി. ഇതറിഞ്ഞ ഇബ്നു സിയാദിന്റെ സൈന്യം അദ്ദേഹത്തോട് അനുസരണ പ്രതിജ്ഞ ചെയ്ത ആയിരങ്ങളുടെ മുമ്പിലിട്ട് തന്നെ അദ്ദേഹത്തെ ക്രൂരമായി കൊലപ്പെടുത്തി.

## ഹുസൈൻ (റ) കൂഫയിലേക്ക്

അബൂമുസ്ലിം കൊല്ലപ്പെട്ടതും തന്റെ ആളുകൾ കാലുമാറിയതും അറിയാതെ കത്ത് കിട്ടിയ ഉടൻ ഹുസൈൻ(റ) കൂഫയിലേക്ക് പുറപ്പെട്ടു. സ്വഹാബികൾ അദ്ദേഹത്തെ തടഞ്ഞെങ്കിലും അദ്ദേഹം പോകാനുറച്ചു. ആളുകൾ ഇടപെടുമെന്ന ഭയം ഇല്ലായിരുന്നുവെങ്കിൽ ഞാൻ താങ്കളുടെ തലക്ക് പിടിച്ച് താങ്കളെ തടഞ്ഞു വെക്കുമെന്നായിരുന്നു എന്നാണ് ഇബ്നു അബ്ബാസ്(റ) പറഞ്ഞത്. "ഹുസൈൻ തന്റെ വിധിയിലേക്ക് ധൃതി കൂട്ടി. ഞാൻ അദ്ദേഹത്തെ കണ്ടിരുന്നുവെങ്കിൽ എന്നെ തോൽപ്പിച്ചല്ലാതെ പുറപ്പെടാൻ അനുവദിക്കുമായിരുന്നില്ല" എന്ന് അബ്ദുല്ലാഹിബ്നു അംറ്(റ) പറഞ്ഞു.

"എനിക്ക് താങ്കളോട് കാരുണ്യമുള്ളത് കൊണ്ട് ഞാൻ താങ്കളെ ഉപദേശിക്കുന്നു. താങ്കൾക്ക് കത്തെഴുതിയത് താങ്കളുടെ കക്ഷിയിൽ പെട്ട കൂഫക്കാരാണ് എന്ന് ഞാൻ അറിഞ്ഞിട്ടുണ്ട്. താങ്കൾ അങ്ങോട്ട് പോകരുത്. "അല്ലാഹു സത്യം, എനിക്കവരെ മടുത്തു. ഞാൻ അവരെ വെറുപ്പിച്ചു. അവർക്ക് എന്നെയും മടുത്തു. അവർ എന്നെയും വെറുപ്പിച്ചു. ഒരിക്കലും അവർ വാക്ക് പാലിച്ചിരുന്നില്ല. അവരെ അനുയായികളായി ലഭിച്ചവന്റെ സ്ഥിതി ഒരു വളഞ്ഞ അസ്ത്രം ലഭിച്ചവനെപ്പോലെയാണ്. ക്ഷമയോ നിശ്ചയദാർഢ്യമോ സ്ഥിരചിത്തതയോ ഇല്ലാത്തവരാണവർ" എന്ന് താങ്കളുടെ പിതാവ് അവരെപ്പറ്റി പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് താങ്കൾ അല്ലാഹുവിനെ സൂക്ഷിക്കുക. വീട്ടിൽ നിന്ന് പുറത്തിറങ്ങരുത്. എന്നാൽ ഹുസൈൻ(റ) പുറപ്പെടാൻ ഒരുങ്ങിയപ്പോൾ എനിക്ക് നിരാശ തോന്നി. താങ്കൾ പോകരുത്, ശരിയായ ദിശയിലുള്ള യാത്രയല്ലിത്. നാശനിലേക്കാണ് ഈ പുറപ്പാട്" എന്നിങ്ങനെയാണ് അബൂവാകിദ് അല്ലൈസി പറഞ്ഞത്.

"താങ്കൾ അല്ലാഹുവിനെ സൂക്ഷിക്കുക. ആളുകളെ പരസ്പരം തമ്മിലടിപ്പിക്കരുത്. താങ്കളുടെ ചെയ്തി സ്തുത്യർഹമായ കാര്യമല്ലെന്ന് കട്ടായം. പക്ഷെ അദ്ദേഹം എന്നെ അനുസരിച്ചില്ല." പ്രമുഖ സ്വഹാബി ജാബിറുബ്നു അബ്ദില്ല(റ)വിന്റേതാണ് ഈ വാക്കുകൾ.

മറ്റു പലരും അദ്ദേഹത്തെ തടഞ്ഞെങ്കിലും അദ്ദേഹം പോകാൻ തീരുമാനിക്കുകയായിരുന്നു. മുസ്ലിമുബ്നു അകീലിൽ നിന്ന് ലഭിച്ച അനുകൂല പ്രതികരണങ്ങളായിരിക്കും എല്ലാവരും എതിർത്തിട്ടും ഹുസൈൻ(റ)വിനെ മുന്നോട്ട് പോകാൻ പ്രേരിപ്പിച്ചത്.

വഴിയിൽ വെച്ച് പ്രമുഖ കവി ഫറസ്ദഖിനെ കണ്ടുമുട്ടിയ അദ്ദേഹം കൂഫയിലെ അവസ്ഥയന്വേഷിച്ചപ്പോൾ, "അവരുടെ ഹൃദയങ്ങൾ താങ്കൾക്കൊപ്പവും വാളുകൾ താങ്കൾക്കെതിരുമാണ്" എന്നായി

രുന്നു അദ്ദേഹത്തിന്റെ പ്രതികരണം. എത്ര സൂക്ഷ്മമായ നിരീക്ഷണം! "താങ്കൾ പറഞ്ഞത് സത്യം. പര്യവസാനം അല്ലാഹുവിന്റെ പക്കലാണ്. അവൻ ഓരോ ദിവസവും ഓരോ കാര്യത്തിലാണ്" എന്നായിരുന്നു ഹുസൈൻ(റ)വിന്റെ മറുപടി. വഴിയിൽ വെച്ച് തന്റെ പ്രതിനിധി മുസ്‌ലിമും കൂട്ടരും കൊല്ലപ്പെട്ട വിവരം അദ്ദേഹത്തെ തേടിയെത്തി. ഹുസൈൻ(റ) തന്റെ കൂടെയുള്ളവരോടായി പറഞ്ഞു. "നമുക്ക് മുസ്‌ലിം, ഹാനി, അബ്ദുല്ല എന്നിവർ കൊല്ലപ്പെട്ട വാർത്ത ലഭിച്ചിട്ടുണ്ട്. നമ്മുടെ ആളുകൾ നമ്മെ ചതിച്ചിരിക്കുന്നു. ആർക്കെങ്കിലും പിരിഞ്ഞു പോകണമെങ്കിൽ ആവാം." ഇത് കേട്ട് പണവും പ്രശസ്തിയും മോഹിച്ച് തന്റെ കൂടെ കൂടിയവരെല്ലാം പിരിഞ്ഞു പോയി. മുസ്‌ലിമുബ്നു അഖീലിന്റെ രക്തസാക്ഷ്യ വിവരമറിഞ്ഞപ്പോൾ ഫറസദഖിന്റെ വാക്കുകൾ സത്യമായിരുന്നുവെന്ന് ഹുസൈൻ(റ)വിന് ബോധ്യമായി. തന്റെ ആളുകളുടെ ചതിയും വഞ്ചനയും ബോധ്യപ്പെട്ട സ്ഥിതിക്ക് തിരിച്ച് പോകാൻ പലരും ഉപദേശിച്ചുവെങ്കിലും മുസ്‌ലിമിന്റെ കുടുംബക്കാർ പ്രതികാരമോ മരണമോ വരിക്കാതെ തിരിച്ച് പോകില്ലെന്ന് നിശ്ചയം ചെയ്തു. അതിനാൽ മുമ്പോട്ട് പോവുകയല്ലാതെ മറ്റെല്ലാ വഴികളും അടഞ്ഞു. അൽപ്പം മുമ്പോട്ട് പോയപ്പോൾ "ശിയാക്കൾ തങ്ങളോട് ചെയ്ത വാക്കുകൾ ലംഘിക്കുകയും തന്നെ ചതിക്കുകയും ചെയ്തതിനാൽ താങ്കൾ തിരിച്ച് പോകണം" എന്ന് അറിയിച്ച് കൊണ്ടുള്ള മുസ്‌ലിമിന്റെ കത്ത് അദ്ദേഹത്തിന് ലഭിച്ചു. പക്ഷെ കൂടെയുള്ളവർ തങ്ങൾ അദ്ദേഹത്തോട് അനുസരണ പ്രതിജ്ഞ ചെയ്ത കാര്യം ഉണർത്തി. അൽപ്പം മുന്നോട്ട് നീങ്ങിയപ്പോൾ തന്നെ കത്തെഴുതി വിളിച്ച് വരുത്തിയവർ തനിക്ക് നേരെ കൂട്ടമായി വാളുയർത്തിപ്പിടിച്ച് വരുന്നതാണ് അദ്ദേഹം കണ്ടത്. അവർ തന്നെ കത്തെഴുതി വരുത്തിയ കാര്യം ഉണർത്തിയപ്പോൾ ഞങ്ങൾ അങ്ങനെ ചെയ്തിട്ടില്ലെന്ന് അവർ വാദിച്ചു. അപ്പോൾ തന്റെ കൂടെ കരുതിയ രണ്ട് കെട്ട് കത്തുകൾ അദ്ദേഹം അവരെ കാണിച്ചു. അതോടെ അവർ പിൻവലിഞ്ഞു.

കൂഫക്കാർ അല്ലാഹുവിന് കോപമുണ്ടാക്കുന്നതും പിശാചിനെ പ്രീതിപ്പെടുത്തുന്നതുമായ വിചിത്ര നിലപാടാണ് കൈകൊണ്ടത് എന്ന് ശിയാ പുരോഹിതൻ ഹുസൈൻ കൂറാനി പറയുന്നു.

"അവർ കർബലയിലേക്ക് ഓടിച്ചെല്ലുകയും ഇമാം ഹുസൈൻ(റ)വിനെതിരിൽ യുദ്ധം ചെയ്യുകയു ചെയ്തു. ഇന്നലെവരെ ഹുസൈൻ(റ)വിന്റെ അനുയായികളായിരുന്ന ഇവർ ഗവർണർ ഇബ്നു സിയാദ് ഒന്ന് കണ്ണുരുട്ടിയപ്പോഴേക്കും ശത്രുസൈന്യത്തിൽ ചേരാൻ വെമ്പൽ കൊള്ളുകയായിരുന്നു. തനിക്ക് കത്തെഴുതി വരുത്തിയ അബ്ദുല്ലാഹിബ്നു ഹൗസ മുന്നോട്ട് വന്ന് ഹുസൈൻ എവിടെയാണെന്ന് ആക്രോശിച്ചു. ഇന്നലെ വരെ അയാൾ ഹുസൈൻ പക്ഷക്കാരനായിരുന്നു. ഹുസൈൻ(റ)വിനെ ക്ഷണിച്ച് വരുത്തിയ അയാൾ ഹുസൈന് നരകപ്രവേശം സുവിശേഷമോതുന്നു." (ഫീ രിഹാബി കർബല 61).

എന്നാൽ ഹുസൈൻ(റ)വിന്റെ രക്ഷക്കെത്തിയ ഒരു സാധാരണ മുസ്‌ലിമായ സുഹൈറുബ്നു ഖൈനിനെ അവർ 'ഉഥ്മാനി' (ഉഥ്മാന്റെ ആൾ) എന്ന് വിളിച്ച് അപമാനിക്കുകയായിരുന്നു. പ്രവാചക കുടുംബത്തെ വിളിച്ച് വരുത്തി കൊലക്ക് കൊടുക്കുന്നത് എന്തിനാണെന്ന് ആ സാധാരണ മനുഷ്യൻ അവരോട് തിരിച്ച് ചോദിച്ചു.

ഹിജ്റ 61 ൽ മുഹർറം രണ്ടിന് ഹുസൈൻ(റ) തന്റെ സംഘത്തോടൊപ്പം കർബലയിലെത്തി. അദ്ദേഹം അവിടെ നടത്തിയ ഒരു ഹൃസ്വ പ്രഭാഷണത്തിൽ "വഞ്ചകരോടൊപ്പം ജീവിക്കുന്നതിനേക്കാൾ ഭേദം മരണം തന്നെയാണ്" എന്ന് പറയുകയുണ്ടായി. (മക്തലുൽ ഹുസൈൻ. ബഹ്റുൽ ഉലൂം 263).

തന്റെ ആളുകൾ കൂറുമാറി ബഹളമുണ്ടാക്കാൻ തുടങ്ങിയപ്പോൾ "അല്ലാഹു നിങ്ങളുടെ ഹൃദയം മുദ്ര വെച്ചിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ പിരടിയിൽ വാളുകൾ ആഴ്ത്തിയവരും കുഴപ്പത്തിന്റെ തിരി കത്തിച്ചവരും ജനങ്ങളുടെ ത്വാഗൂതുകളും പിശാചിന്റെ കുഴലൂത്തുകാരും വേദഗ്രന്ഥം തള്ളിക്കളഞ്ഞവരും പ്രവാചക പരമ്പരയുടെ ഘാതകരും ആണ്" എന്ന് പ്രസ്താവിച്ചു. (അലാഖുതൽ ഹുസൈൻ 130).

"നിങ്ങൾ എന്നോട് ചെയ്ത കരാർ ലംഘിക്കുകയും അനുസരണ പ്രതിജ്ഞ ഊരിക്കളയുകയും ചെയ്തു. എന്റെ പിതാവിനോടും സഹോദരനോടും പിതൃവ്യപുത്രൻ മുസ്‌ലിമിനോടും അതുതന്നെ നിങ്ങൾ ചെയ്തു. നിങ്ങളാൽ വഞ്ചിക്കപ്പെട്ടവനാണ് യഥാർത്ഥ വഞ്ചിതൻ." (ബഹറുൽ ഉലൂം 194).

മറ്റൊരു ശിയാ പണ്ഡിതൻ പറയുന്നത് കാണുക. "ഇമാം ഹുസൈനോട് യുദ്ധം ചെയ്യാൻ പുറപ്പെട്ട സൈന്യത്തിൽ മൂന്ന് ലക്ഷം പേരുണ്ടായിരുന്നു. എല്ലാവരും കൂഫക്കാർ. അതിൽ ഹിജാസുകാരോ ശാമുകാരോ ഈജിപ്തുകാരോ ഇന്ത്യക്കാരോ പാകിസ്ഥാനികളോ ആഫ്രിക്കക്കാരോ ഉണ്ടായിരുന്നില്ല. കൂഫയിലെ വിവിധ ഗോത്രത്തിൽ പെട്ടവരായിരുന്നു അവർ." (ആശൂറാ. കാളിമുൽ ഇഹ്സാഉ 89).

ശിയാ പണ്ഡിതൻ മുഹ്സിൻ അമീൻ ഇത് മറ്റൊരു രീതിയിൽ ഏറ്റുപറയുന്നത് കാണുക. "ഇരുപതിനായിരം കൂഫക്കാർ ഹുസൈന് ബൈഅത്ത് ചെയ്തു. അവർ തന്നോടുള്ള പ്രതിജ്ഞ അവരുടെ പിരടിയിൽ ഉള്ളതോടൊപ്പം അദ്ദേഹത്തെ ചതിക്കുകയും അദ്ദേഹത്തിനെതിരിൽ യുദ്ധത്തിന് പുറപ്പെടുകയും ചെയ്തു." (അഅ്യാനുശ്ശീഅ 1/34).

●

**ഹാഫിസ് ഹുസൈൻ ഖാസിമി തളിപ്പറമ്പ**
(മസ്ജിദ് ഹിദായ മുസഫർ നഗർ)

# മുഹർറം വിശ്വാസിയുടെ പുതുവത്സരം..

## വിശ്വാസിയുടെ പുതുവത്സരമാണ് മുഹർറം

അല്ലാഹു അവന്റെ ചില സൃഷ്ടികളെയും കാലങ്ങളെയും സവിശേഷസ്ഥാനം നൽകി ആദരിച്ചിട്ടുണ്ട്. മനുഷ്യരിൽനിന്ന് പ്രവാചകന്മാരെ, വചനങ്ങളിൽനിന്ന് ഇലാഹീക വചനങ്ങളായ ഖുർആനും മറ്റ് ഇറക്കപ്പെട്ട കിതാബുകളെ, സ്ഥലങ്ങളിൽ നിന്ന് പള്ളികളെ, മാസങ്ങളിൽനിന്ന് നാല് പവിത്രമാസങ്ങളെ, ദിനങ്ങളിൽനിന്ന് വെള്ളിയാഴ്ചയെ, രാവുകളിൽ നിന്ന് ലൈലത്തുൽ ഖദ്റിനെ. അതിനാൽ അല്ലാഹു മഹത്വവും പവിത്രതയും നൽകിയവയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക' (ഇബ്നു കസീർ).

അല്ലാഹു പവിത്രമാസങ്ങളായി നിശ്ചയിച്ച നാല് മാസങ്ങളിലൊന്നാണ് ഹിജ്റ കലണ്ടർ പ്രകാരം ഒന്നാമത്തെ മാസമായ മുഹർറം. ഹദീസുകളിൽ മുഹർറത്തെ അല്ലാഹുവിന്റെ മാസം എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

ഗ്രിഗേറിയൻ കലണ്ടറടിസ്ഥാനത്തിലുള്ള പുതുവത്സരം ന്യൂ ജനറേഷൻ ജീവിതത്തിലെ ഒഴിച്ചു നിർത്താൻ സാധിക്കാത്ത ആഘോഷ ദിനങ്ങളിൽ ഒന്നാണ്. അന്നേ ദിവസം പാതിരാത്രി പന്ത്രണ്ട് മണിവരെ ബാറുകളിലും ക്ലബ്ബുകളിലുമായി പുതിയ വർഷത്തെ 'ആഘോഷ'പൂർവം വരവേൽക്കാൻ നവ സമൂഹം സർവാത്മനാ തയ്യാറായി നിൽക്കാറുള്ളത് പതിവാണല്ലോ. വർഷാരംഭം ആനന്ദപൂർണമായാൽ മധ്യവും ഒടുക്കവും സന്തോഷകരമാകും.

പക്ഷേ, സന്തോഷം പേക്കൂത്തുകൾ കൊണ്ടും വേണ്ടാതീനങ്ങൾ കൊണ്ടും മാത്രമേ ഉണ്ടാകൂ എന്ന പുതിയ തിയറിയാണ് സ്വീകാര്യമല്ലാത്തത്. രണ്ട് ബിയർ ഗ്ലാസുകൾ തമ്മിൽ കൂട്ടിയുരുമി ചിഴേസ് പറഞ്ഞാലേ ആഘോഷവും സന്തോഷവും രൂപപ്പെടൂ എന്ന പാശ്ചാത്യൻ ചിന്താധാര നമ്മുടെ നാട്ടിലും ശക്തിപ്പെട്ടിരിക്കുന്നു.

ജീവിക്കാനും കുടിയേറി പാർക്കാനും ഇടമില്ലാതെ അഭയംതേടി ലോകരാജ്യങ്ങൾക്ക് മുമ്പിൽ അലയുകയാണ് നമ്മുടെ സഹോദരന്മാർ. ഇത്തരമൊരു സാഹചര്യത്തിൽ ആഘോഷത്തിന്റെയും സന്തോഷത്തിന്റെയും പേരുപറഞ്ഞ് ആഭാസം കളിക്കുകയല്ല നമ്മൾ വേണ്ടത്. ആഘോഷത്തെ എന്തും ചെയ്യാനുള്ള ലൈസൻസായി കാണരുത്. എല്ലാത്തിനും നിയന്ത്രണം ആവശ്യമാണ്. മതം ആഘോഷത്തിന്റെ അളവുകോൽ പറയുമ്പോൾ നമ്മിൽ പലർക്കും അത് മനുഷ്യ സ്വാതന്ത്ര്യത്തിലേക്കുള്ള കൈകടത്തലായി തോന്നാറുണ്ട് എന്നാൽ അത് നമ്മുടെ ഭൗതിക, പാരത്രിക ജീവിത വിജയത്തിന് വേണ്ടിയായിരുന്നു എന്ന് മനസ്സിലാക്കുന്നവർ വളരെ വിരളം.

ഈ പുതുവത്സരം സഹജീവി സ്നേഹത്തിനുള്ളതാണ്, മത സഹിഷ്ണുതക്കുള്ളതാണ്, സഹജീവിയുടെ മനസ്സറിയാനും അവന്റെ ഇല്ലായ്മ മനസ്സിലാക്കാനും വേണ്ടിയാണ് ഈ മാസത്തിലെ നിശ്ചിത ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുന്നത്. പ്രത്യേകം പവിത്രമാക്കിയത്. ഇതിലൂടെ നമുക്ക് അന്യന്റെ വിശപ്പിന്റെ കാഠിന്യം മനസ്സിലാക്കാൻ സാധിക്കും. അവന്റെ ആവശ്യം മനസ്സിലാക്കി വേണ്ടത് ചെയ്യാൻ സാധിക്കും. നമ്മൾ പുതിയ പ്രതിജ്ഞ എടുക്കേണ്ട സമയം കൂടിയാണല്ലോ ഇത്.

ഇനിമുതൽ എന്റെ പ്രവർത്തനങ്ങളും ഊർജവും ഞാൻ എന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും നന്മക്ക് വേണ്ടിയായിരിക്കും വിനിയോഗിക്കുക. സാമൂഹിക വിപത്തുകളോ, പ്രതിലോമ പ്രവർത്തനങ്ങളോ ഞാൻ കാരണമുണ്ടാകില്ല. മതം എന്റെ വികാരമാണ്. പക്ഷെ, ആ വികാരം എന്റെ ബുദ്ധിയുടെ നിയന്ത്രണത്തിലായിരിക്കും. ഒരു വിശ്വാസി പൂർണനാകുന്നത് അവന്റെ കരങ്ങളിൽ നിന്നും നാവിൽ നിന്നും മറ്റുള്ളവർ രക്ഷപ്പെടുമ്പോഴാണെന്ന് തിരുവചനം.

ഹജ്ജ് കഴിഞ്ഞ് സംശുദ്ധമനസ്സുകളുമായി സർവ

പാപങ്ങളും പൊറുപ്പിക്കപ്പെട്ട വിശ്വാസി വൃന്ദത്തിലേക്കാണ് മുഹർറം സമാഗതമാകുന്നത്. പരിശുദ്ധ ഹജ്ജോടുകൂടിയാണ് നമുക്ക് വർഷമവസാനിക്കുന്നത്. ഇസ്‌ലാമിക ചരിത്രത്തിലെ ത്യാഗസുരഭിലമായ ഓർമകളുടെ കഥ പറയുന്ന മുഹർറത്തിലൂടെ തുടക്കവും. ചുരുക്കത്തിൽ, വർഷത്തിന്റെ തുടക്കവും ഒടുക്കവും മധ്യവുമെല്ലാം നല്ലരീതിയിൽ പര്യവസാനിപ്പിക്കാൻ നാഥൻ നമുക്ക് മാർഗം കാണിച്ചു തന്നിട്ടുണ്ട്. ഇനി പന്ത് നമ്മുടെ കോർട്ടിലാണ്. ഈ പരിശുദ്ധ മുഹർറത്തെ വീണ്ടുവിചാരത്തിന്റെ സമയമായി കണക്കാക്കി ഭാസുരമായ പരലോക'ഭാവിക്ക് വേണ്ടി നമ്മൾ സമയം കണ്ടെത്തേണ്ടതുണ്ട്. കാരണം ഓരോ പുതുവർഷവും മരണത്തിലേക്ക് നമ്മെ വലിച്ചടുപ്പിക്കുകയാണ് എന്ന നഗ്നസത്യം മറക്കാതിരിക്കുക.

ഹിജ്റ വർഷത്തിന്റെ ആരംഭം തന്നെ മുഹറം ആയത് നന്മകൾക്കനുഗുണവും തിന്മകൾക്കെതിരെയുമുള്ള ആഹ്വാനവുമാണ്. അതിനെ ഏറ്റെടുത്തും അനുവർത്തിച്ചും ആദരണീയത സംരക്ഷിക്കാൻ വിശ്വാസികൾ തയ്യാറാവണം. മുഹറമെന്ന പവിത്രമാസം മുതൽ വർഷം മുഴുവനായും ഗുണങ്ങളുടെ കാലമാക്കി തിന്മകൾ വർജിച്ചും നന്മ വിളയിച്ചും പവിത്രമാക്കിത്തീർക്കണം. തുടക്കത്തിൽ തന്നെ ഒരു നല്ല രീതി അവലംബിച്ച് ജീവിതം നയിക്കണമെന്ന സന്ദേശം വർഷം മുഴുവനായി നന്മയിൽ അസ്ഥിവാരമിടുന്നതിനു പ്രേരകമാണ്.

ഒരു വർഷത്തിന്റെ മൂന്നിലൊരു ഭാഗം സായുധസമരം വർജിക്കണമെന്ന് ഖുർആൻ പഠിപ്പിക്കുന്നു. വർഷാരംഭത്തിലെ മാസം തന്നെ സായുധ സമരം നിഷിദ്ധമാണെന്നതിൽ നിന്നും യുദ്ധത്തോടുള്ള ഇസ്‌ലാമിന്റെ സമീപനമെന്തെന്ന് മനസ്സിലാക്കാം. അനിവാര്യമാകുമ്പോഴേ ഇസ്‌ലാമിക രാജ്യത്തിനു കീഴിൽ സായുധ സമരം മതം അംഗീകരിക്കുന്നുള്ളൂ. ചുരുക്കത്തിൽ ശാന്തവും സമാധാനപരവുമായ അന്തരീക്ഷത്തിൽ നന്മകൾക്ക് നാന്ദികുറിക്കാനുള്ള അവസരമാണ് മുഹറം.

ഒപ്പം വന്നുപോയ അവിവേകങ്ങൾ പരിഹരിച്ച് മുന്നേറാനുള്ള പ്രതിജ്ഞകൾക്കുള്ള ടേണിംഗ് പോയിന്റുമാണിത്. വിശുദ്ധ ഖുർആനിലെ ഒരു വചനം ഇപ്രകാരം വായിക്കാം: അല്ലാഹു പറയുന്നു: ''ഓ സത്യ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, (നിങ്ങളിൽ) ഓരോ ശരീരവും നാളേക്കു വേണ്ടി ഒരുക്കി വെച്ചത് എന്താണെന്ന് നോക്കി വിലയിരുത്തുക, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, അല്ലാഹു നിങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ച് വ്യക്തമായ അറിവുള്ളവനാണ്. അല്ലാഹുവിനെ മറക്കുകയും അങ്ങനെ, സ്വന്തത്തെ തന്നെ അല്ലാഹു മറപ്പിക്കുകയും (സ്വയം മറക്കുകയും) ചെയ്ത ആളുകളുടെ കൂട്ടത്തിൽ നിങ്ങൾ അകപ്പെടരുത്. നിശ്ചയമായും അവരാണ് ദുർനടപ്പുകാർ' (അദ്ധ്യായം:59 സൂക്തം:18-19).

പ്രവാചകൻ മുഹമ്മദ് നബി(സ) പറഞ്ഞു: (മനുഷ്യർക്ക്) രണ്ടനുഗ്രഹങ്ങളുണ്ട്. ഏറെയാളുകളും അതിൽ വഞ്ചിതരായിപ്പോകുന്നു. ആരോഗ്യമുള്ള കാലവും ഒഴിവുസമയവുമാണവ.

ഖലീഫ ഉമർ (റ) പറയുന്നു.. ''നിങ്ങൾ സ്വയം വിചാരണ ചെയ്യുക, നിങ്ങളെ വിചാരണ ചെയ്യപ്പെടും മുമ്പ്, നിങ്ങളുടെ പ്രവർത്തനങ്ങൾ അളക്കപ്പെടും മുമ്പ് അവയെ നിങ്ങൾ തന്നെ അളന്നു നോക്കുക'

അഥവാ തിരിച്ചെടുക്കാനാവാത്ത വിധം നമ്മിൽ നിന്നും തിരിഞ്ഞുനടക്കുന്ന ഓരോ നിമിഷത്തെയും നാം ഉത്കണ്ഠയോടെ തിരിച്ചറിയണമെന്ന സന്ദേശമാണ് ഇത്തരം തിരു-മഹത് വചനങ്ങളുടേയെല്ലാം കാതൽ. എങ്കിൽ പിന്നെ കൊഴിഞ്ഞു പോകുന്ന ഒരു വർഷത്തെ കുറിച്ച് പറയേണ്ടതില്ലല്ലോ?.

മുഹറത്തോടൊപ്പം നാം ഓർത്തിരിക്കേണ്ട സുപ്രധാന സംഭവമാണ് നബി(സ)യുടെ ഹിജ്റ. ആദർശ സംരക്ഷണത്തിന് വേണ്ടി ജനിച്ചു വളർന്ന നാടും വീടും വിട്ട് (മക്കയിൽ നിന്നും മദീനയിലേക്ക്) പാലായനം ചെയ്ത പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ ഹിജ്റയുടെ പാഠങ്ങളും മുഹറം നമ്മെ ഓർമ്മിപ്പിക്കേണ്ടതാണ്.

ഹിജ്റ അഥവാ പാലായനം പ്രതിനിധാനം ചെയ്യുന്നത് ഒരു ചരിത്ര സംഭവത്തെ മാത്രമാണെങ്കിലും അതിന്റെ കാലാതിവർത്തിയായ അനുരണനങ്ങളും പ്രതിഫലനങ്ങളും ഏറ്റവും പുതിയ ലോകക്രമത്തിലേക്കു പോലും ഒഴുകിപ്പരന്നതായി നമുക്ക് കാണാം.

പിറന്ന നാടിന്റെ ചൂടും ചൂരും അന്തരീക്ഷവും ത്യജിച്ച് തികച്ചും അനുയോജ്യമല്ലാത്ത ഒരു ഭൂമിയിലേക്ക് സത്യപ്രസരണം തേടിയുള്ള ഒരു യാത്രയായിരുന്നു ഹിജ്റ. പിറന്ന നാടിനു പകരം വെക്കാൻ മറ്റൊന്നില്ലെന്നതിനാൽ മക്ക വിടാൻ പ്രവാചകന് പ്രയാസമുണ്ടായിരുന്നെങ്കിലും പിൽക്കാലത്ത് ഇസ്‌ലാമിന്റെ വളർച്ചയെ സംബന്ധിച്ചിടത്തോളം ഏറെ പ്രത്യാശകൾ നിറഞ്ഞ മണ്ണായിരുന്നു മദീന.

ത്യാഗ സന്നദ്ധതയും സഹജീവി ബോധവുമാണ് പുതിയ ലോക ക്രമത്തിന് ഹിജ്റ നൽകുന്ന എറ്റവും പ്രസക്തമായ സന്ദേശം. ലോകം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന ഊർജ പ്രതിസന്ധി, ആഗോള താപനം, ആഗോള കോർപറേറ്റുകളുടെ അധിനിവേശം തുടങ്ങിയ സർവ സമസ്യകളുടെയും പരിഹാരം ഈ രണ്ടു സങ്കൽപങ്ങളിലുമുണ്ട്. സത്യ സന്ദേശം ഉൾകൊണ്ടതിന്റെ പേരിൽ തിരുനബി (സ)ക്കും അനുചരർക്കും മാതൃഭൂമി ത്യജിക്കേണ്ടിവന്നതാണ് ഹിജ്റ ഉദ്ഘോഷിക്കുന്ന ത്യാഗ സന്നദ്ധത.

മുഹാജിറുകൾ എല്ലാം ഉപേക്ഷിച്ച് മദീനയിലെത്തിയെപ്പോൾ അവർക്കു വേണ്ട എല്ലാ സൗകര്യങ്ങളും നൽകുകയും രണ്ട് ഭാര്യമാരുള്ളവർ മുഹാജിറുകൾക്കായി തന്റെ ഒരു ഭാര്യയെ മൊഴിചൊല്ലി നൽകാൻ പോ

ലും തയ്യാറാവുകയും ചെയ്തതിലൂടെ, അവർ പ്രകടിപ്പിച്ച സാമൂഹ്യ പ്രതിബദ്ധതയിൽ ഊന്നി നിന്നാണ് നാം ഹിജ്റ പ്രതിനിധാനം ചെയ്യുന്ന സഹജീവിബോധത്തെ വായിക്കേണ്ടത്. പിൽക്കാലത്ത് ഈ സഹജീവിബോധമാണ് ഇസ്‌ലാമിനെ അതിന്റെ അനിർവചനീയ വിജയങ്ങളിലേക്ക് നയിച്ചതും.

ചില ചരിത്ര ഘട്ടങ്ങളിൽ ലോകത്തിന്റെ ഗതി തന്നെ മാറ്റി വരക്കാൻ ത്യാഗങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. അതിതീക്ഷ്ണമായ ചില ത്യാഗങ്ങളാണ് അതിശക്തമായ ധർമ്മ വ്യവസ്ഥകൾക്ക് രൂപം നൽകിയത്. ആരംഭത്തിൽ തന്നെ ഇസ്‌ലാം പ്രതിലോമകരമല്ലെന്നും സാർവലൗകിക ഐക്യപ്പെടലാണ് അതിന്റെ സ്വഭാവമെന്നുമുള്ള ദൈവികമായ തെര്യപ്പെടുത്തലാണ് ഹിജ്റ നിർവഹിച്ച മഹത്തായ ധർമ്മങ്ങളിലൊന്ന്.

അല്ലാഹു പവിത്രമാക്കിയ മാസമെന്ന നിലക്ക് മുഹറം മാസത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കാൻ സത്യവിശ്വാസികൾക്ക് കഴിയണം. എങ്ങനെയാണ് ഈ മാസത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കേണ്ടത്? അല്ലാഹു ആദരിച്ചവയെ ആദരിക്കുക എന്നത് ഒരു സത്യവിശ്വാസികളുടെ ബാധ്യതയാണ്, അതവന്റെ തഖ്‌വയുടെ ഭാഗമാണ്.

ആരെങ്കിലും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ തഖ്‌വയിൽ നിന്നുണ്ടാകുന്നതത്രെ. (ഖുർആൻ : 22/32)

മുഹർറ മാസത്തിലെ ഏറ്റവും പവിത്രമായ ദിനമാണ് 'ആശൂറാ'ഉം'താസൂഅ'ഉം.അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം. പ്രവാചകൻ (സ) പറയുകയുണ്ടായി:'''റമദാൻ നോമ്പിന് ശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ് അല്ലാഹുവിന്റെ മാസമായ മുഹർറം മാസത്തിലെ നോമ്പാണ്, നിർബന്ധ നമസ്കാരത്തിന് ശേഷം ഏറ്റവും ശ്രേഷ്ഠതയുള്ള നമസ്കാരം രാത്രിയിലുള്ള നമസ്കാരമാണ്'' (മുസ്‌ലിം)

ഇബ്നുഅബ്ബാസ്(റ) പറയുന്നു: ''ആശൂറാഅ് നോമ്പനുഷ്ഠിക്കുവാൻ വേണ്ടി ഉദ്ദേശിക്കുകയും പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നത് പോലെ മറ്റൊരു ശ്രേഷ്ഠമാക്കപ്പെട്ട ദിവസത്തെയും പ്രവാചകൻ (സ) പ്രതീക്ഷിക്കുന്നതായി ഞാൻ കണ്ടിട്ടില്ല, അതുപോലെ റമദാൻ മാസത്തെയും''(ബുഖാരി).

മുഹർറം പത്തിലുള്ള വ്രതത്തിന് പ്രത്യേകം പുണ്യവും പ്രതിഫലവുമുണ്ടെന്ന് നബി (സ) അറിയിച്ചിട്ടുണ്ട്.

പ്രവാചകൻ (സ) പറയുന്നു: ''അറഫാദിനത്തിലുള്ള നോമ്പിനാൽ അതിന് മുമ്പുള്ള ഒരു വർഷത്തെയും അതിന് ശേഷമുള്ള ഒരു വർഷത്തെയും പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. ആശൂറാഅ് നോമ്പിന് അതിന് ശേഷമുള്ള ഒരു വർഷത്തെ പാപങ്ങൾ പൊറുക്കപ്പെടുവാനുള്ള പ്രതിഫലം ഞാൻ അല്ലാഹുവിൽ നിന്ന് പ്രതീക്ഷിക്കുന്നു'' (മുസ്‌ലിം)

ആശൂറാഅ് എന്ന നോമ്പിന് മൂസാ നബിയുടെ(അ) ചരിത്രവുമായി ഏറെ ബന്ധമുണ്ട്. ഈ ദിവസത്തിലാണ് മൂസാ നബിയേയും(അ) ബനൂ ഇസ്റാഈല്യരേയും അല്ലാഹു ഫിർഔനിൽ നിന്നും രക്ഷപ്പെടുത്തിയത്. ഇതിന് നന്ദി എന്നോണം ആ ദിവസം മൂസാ നബി(അ) നോമ്പ് അനുഷ്ഠിച്ചിരുന്നു.

ഇബ്നു അബ്ബാസിൽ(റ) നിന്നും നിവേദനം: നബി (സ) മദീനയിലേക്ക് കടന്നുവന്ന സന്ദർഭത്തിൽ അവിടെയുള്ള ജൂതന്മാർ മുഹറം പത്തിന് (ആശൂറാഅ്) നോമ്പെടുക്കുന്നതായികണ്ടു. അപ്പോൾ അദ്ദേഹം ചോദിച്ചു: ഇതെന്ത് ദിവസമാണ്? അവർ പറഞ്ഞു: ഇതൊരു നല്ല ദിവസമാണ്. ഈ ദിവസത്തിലാണ് ബനൂ ഇസ്റാഈല്യരെ അവരുടെ ശത്രുവിൽ നിന്നും അല്ലാഹു രക്ഷപ്പെടുത്തിയത്. അപ്പോൾ നബി (സ) പറഞ്ഞു: മൂസാ നബിയോട് നിങ്ങളെക്കാൾ കടമപ്പെട്ടത് ഞാനാണ്. അദ്ദേഹം ആ ദിവസം നോമ്പ് നോൽക്കുകയും മറ്റുള്ളവരോട് നോമ്പ് നോൽക്കാൻ കല്പിക്കുകയും ചെയ്തു. (ബുഖാരി)

മുഹറം ഒമ്പതിനാണ് താസൂആഅ് എന്ന് പറയുന്നത്.ആശൂറാഅ് ദിവസത്തോടൊപ്പം താസൂആഉം (മുഹറം 9) കൂടി നോമ്പ് നോൽക്കൽ സുന്നത്താണ്.

ഇബ്നു അബ്ബാസ് (റ) പറഞ്ഞു: നബി (സ) ആശൂറാഅ് ദിവസം നോമ്പ് നോൽക്കുകയും ആ ദിവസത്തിൽ നോമ്പെടുക്കാൻ കല്പിക്കുകയും ചെയ്തപ്പോൾ സ്വഹാബത്ത് പറഞ്ഞു: യാ റസൂലല്ലാഹ് അത് ജൂത ക്രൈസ്തവർ മഹത് വൽക്കരിക്കുന്ന ദിനമല്ലേ. അപ്പോൾ നബി (സ) പറഞ്ഞു: 'ഇൻഷാഅല്ലാഹ്, അടുത്ത വർഷം നാം (ജൂത-ക്രൈസ്തവരിൽ നിന്നും വ്യത്യസ്ഥരാവാനായി) ഒൻപതാം ദിവസം കൂടി നോമ്പെടുക്കും. പക്ഷെ അടുത്ത വർഷം കടന്നു വരുമ്പോഴേക്ക് നബി (സ) വഫാത്തായിരുന്നു. (മുസ്‌ലിം)

മുഹറം ആഘോഷത്തിന്റെ മാസമല്ല, ദുഃഖത്തിന്റെ മാസവുമല്ല. അതിനിടക്കാണ് അതിന്റെ സ്ഥാനം. അത് അനുഗ്രഹത്തിന്റെ മാസമാണ്. അങ്ങനെയാണ് മുഹമ്മദ് നബി (സ) സമുദായത്തെ പഠിപ്പിച്ചിട്ടുള്ളത്. പ്രസ്തുത മാസത്തിൽ അനുഗ്രഹങ്ങൾക്ക് നന്ദിസൂചകമായി നിർദ്ദേശിക്കപ്പെട്ട പുണ്യകർമ്മങ്ങൾ നിർവഹിക്കുക എന്നതാണ് വിശ്വാസികൾക്ക് കരണീയമായിട്ടുള്ളത്. കാലം അന്ത്യദിനം വരെ സഞ്ചരിച്ചുകൊണ്ടേയിരിക്കും. അതിനിടയിൽ പലതും സംഭവിക്കും. സംഭവങ്ങളിൽ നിന്നും പാഠങ്ങൾ ഉൾ ക്കൊള്ളുകയും ജീവിതത്തെ അല്ലാഹുവിന്റെ പ്രീതി ക്കനുസരിച്ച് ക്രമീകരിക്കുകയും ചെയ്യുക. സന്തോഷങ്ങളിലും ദുഃഖങ്ങളിലും അല്ലാഹുവെ ഓർക്കുകയും അവന് നന്ദി കാണിക്കുകയും അവനിൽ ഭരമേല്പിക്കുകയും ചെയ്യുക.

●

ലേഖനം

പി ടി ശുക്കൂർ ഹുസ്നി, മേൽമുറി

# പ്രതീക്ഷയോടെ പുതിയ മുഹറത്തെ വരവേൽക്കാം

നിങ്ങൾ ഓർക്കുന്നുണ്ടോ അറിയില്ല, 2015 ൽ മുഹറം മാസത്തിലെ എൻറെ കുറിപ്പ് ഇങ്ങനെയായിരുന്നു, 'മുഹറം ഒന്നിലെ ചില ശിരോവസ്ത്ര ചിന്തകൾ' ആ വർഷം ജൂലൈ 25 ന് ശിരോവസ്ത്രം ധരിച്ചത്തെിയ കന്യാസ്ത്രീ സിസ്റ്റർ സേബയെ തിരുവനന്തപുരം കാഞ്ഞിരംകുളം ജവഹർ സെൻട്രൽ സ്കൂളിലെ പരീക്ഷാ കേന്ദ്രം അഖിലേന്ത്യാ മെഡിക്കൽ പ്രവേശ പരീക്ഷ എഴുതാൻ വിസമ്മതിച്ചത് വലിയ വാർത്തയായിരുന്നു. അതിൽ വലിയ പ്രതിഷേധം ഉയർന്നിരുന്നു. മാത്രമല്ല പാർക്കും വലിയ മനോവേദനയും അനുഭവപ്പെട്ടിരുന്നു.

മലങ്കര കത്തോലിക്കാ സഭയുടെ തിരുവനന്തപുരം നാലാഞ്ചിറ ബഥനി കോൺവെൻറിലെ സിസ്റ്റർ പരീക്ഷ എഴുതാതെ മടങ്ങുകയായിരുന്നു. രാഷ്ട്രീയ കക്ഷികളടക്കമുള്ളവർ പ്രതിഷേധവുമായി രംഗത്തത്തെിയിരുന്നു.

അതേ വർഷത്തിൽ ഇതേ കാരണത്താൽ മുസ്‌ലിം പെൺകുട്ടികൾക്കും പ്രയാസം വന്നതും ഒരു ആലിയ ഫർസാന സ്വന്തം സ്വപ്നം ഒഴിവാക്കിയതുമെല്ലാം ചർച്ചയായിരുന്നു. ആലിയ ഫർസാനയും പെണ്ണ്, സിസ്റ്റർ സേബയും പെണ്ണ്. എന്നാൽ സിസ്റ്ററുടെ പെണ്ണിന്റെ കരച്ചിലിന് പവർ കൂടുതലായി തോന്നിയിരുന്നു.

ഇതിപ്പോൾ ഓർക്കാനുള്ള പ്രധാന കാരണം, ഈ കഴിഞ്ഞ ആഴ്ചയിലും ശിരോവിവസ്ത്രമുള്ള ഒരു ചെറിയ കുറിപ്പ് കണ്ടു എന്നുള്ളതാണ്. എന്തെന്നാൽ, നീറ്റു പരീക്ഷക്ക് വരുന്നവരിൽ ശിരോവസ്ത്രം ധരിച്ചവർ ഉണ്ടെങ്കിൽ പരിശോധനക്കായി നേരത്തെ എത്തണം എന്നതായിരുന്നു അത്. പരിപൂർണമായി ശിരോവസ്ത്രം ഒഴിവാക്കാൻ പറയുന്നില്ലെങ്കിലും അതൊരു പ്രത്യേക കാര്യമായി ഇന്നും നിലനിൽക്കുന്നു എന്നർത്ഥം.

അതോടൊപ്പം പെൺകുട്ടികളുടെ അടിവസ്ത്രം പോലും അഴിപ്പിക്കുന്ന നാണം കെട്ട പണികൾ കൂടി കേരളത്തിൽ നടമാടി എന്നത് സംസ്ഥാനത്തിന് വലിയ നാണക്കേടാണുണ്ടാക്കിയത്. പെൺകുട്ടികൾ കൂട്ടക്കരച്ചിൽ നടത്തിയത് ചർച്ചകൾക്ക് വഴിവെച്ചു. നിയമ നടപടികൾ വന്നു കൊണ്ടിരിക്കുന്ന വേളയിലാണിപ്പോൾ ഈ വരികൾ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. പെൺകുട്ടികളുടെ വേദനകൾക്ക് ഇത്രമാത്രം പരിഗണന ഉള്ള നാടാണിത് എന്ന ശിരോവസ്ത്രത്തിൻറെ കാര്യത്തിലും നാം മനസ്സിലാക്കണം. അത് ധരിച്ച് ശീലിച്ചവരോടെ അതൊഴിവാക്കാൻ പറയുമ്പോഴും സമാനമായ വേദന അവർക്കുണ്ടാകുമല്ലോ.

ആയൂരിൽ നീറ്റ് പരീക്ഷയ്ക്ക് എത്തിയ വിദ്യാർത്ഥിനികളുടെ അടിവസ്ത്രം ഊരിപ്പിച്ച സംഭവത്തിൽ പരീക്ഷ നടത്തിപ്പിന്റെ ഭാഗമായി എത്തിയ ജോസ്ന ജോബി,ബീന, ഗീതു കോളേജിലെ ക്ലീനിങ് ജീവനക്കാരായ എസ് മറിയം, കെ മറിയം എന്നിവരാണ് അറസ്റ്റിലായത്. സി സി ടി വി ദൃശ്യങ്ങൾ പ്രകാരം പെൺകുട്ടി നൽകിയ മൊഴിയുടെ അടിസ്ഥാനത്തിലാണ് ഇവരെ അറസ്റ്റ് ചെയ്തത്. സ്ത്രീത്വത്തെ അപമാനിക്കൽ, സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം എന്നീ വകുപ്പുകളാണ് ചുമത്തിയാണ് അവരെ അറസ്റ്റു ചെയ്തത്.

വിവാദത്തിൽ ദേശീയ തലത്തിലും പ്രതികരണങ്ങളുണ്ടായി. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ വിദ്യാഭ്യാസ അഡീഷണൽ സെക്രട്ടറിയോട് വിശദീകരണം തേടി. ദേശീയ മനുഷ്യവകാശ കമ്മീഷനും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയം പാർലമെന്റിൽ അവതരിപ്പിക്കുമെന്ന് എൻ കെ പ്രേമചന്ദ്രൻ എം പി പറഞ്ഞു.

പെണ്ണിന്റെ വസ്ത്രത്തിൽ കേറിപ്പിടിക്കുന്ന പ്രവണത പലപ്പോഴും നമ്മൾ കാണുന്നതാണ്. എന്നാൽ അത് ഗൗരവമായി പെൺകുട്ടികൾ കാണുമ്പൊൾ മാത്രമാണ് മറ്റുള്ളവർ അവർക്കു വേണ്ടി മുന്നോട്ടു വരിക.

ഇതെല്ലം ഒരു ഭാഗത്ത് നിൽക്കുമ്പോൾ തന്നെ പൗരത്വപ്രശ്നത്തിൻ അലയടികൾ നിലക്കാതെ മുഴങ്ങുകയാണ്. അതിൻറെ രൂപങ്ങൾ ബുൾഡോസറിന്റെ രൂപത്തിലും മറ്റുമെല്ലാം വന്നു കൊണ്ടിരിക്കുന്നു. വംശഹത്യകൾ പ്രവചിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. അതിനെ എങ്ങിനെ നേരിടേണം എന്നതിന് കൃത്യമായ ഒരു നിലപാടെടുക്കുന്നതിൽ മുസ്‌ലിം നേതൃത്വം കൃത്യതയില്ലാതെ നിലകൊള്ളുന്നു.

സ്വന്തം അസ്തിത്വം ചോദ്യം ചെയ്യപ്പെട്ട സമൂഹമാണ് ഇസ്രായേൽ സമൂഹം. അവരെ മോചിപ്പിച്ച മൂസാ (അ) ചെയ്തത്, ഫിർഔൻറെ മുഖത്ത് നോക്കി തൻറെ സമൂഹത്തിനെതിരായ ആക്രമണം നിർത്താനായി കരുത്തോടെ പറയുകയായിരുന്നു. അങ്ങനെ പറയാൻ റബ്ബ് കല്പിക്കുകയാണുണ്ടായത്. (ഖുർആൻ 20 : 47)

അവർ നിലകൊണ്ടിരുന്ന സമൂഹത്തിലെ ഏറ്റവും ഉയർന്ന സ്ഥാനം അലങ്കരിച്ചിരുന്നൊരു ഘട്ടം ചരിത്രത്തിലൂടെ കടന്നു പോയിട്ടുണ്ട്. എന്നാൽ ഏറ്റവും നിന്ദ്യത പേറുന്ന അവസ്ഥയിലേക്ക് അധഃപതിച്ചതും ഖുർആൻ തന്നെ പറഞ്ഞ കാര്യമാണ്.

യഹൂദരുടെ ചരിത്രങ്ങൾ ഖുർആനിൽ പറയുന്നത് എന്തിനാണ്, ഖുർആൻ അവതരിക്കുന്ന കാലത്ത് അവിടെ ധാരാളം യഹൂദർ ഉണ്ടായിരുന്നു, അവരോടുള്ള സംബോധനയാണ് പ്രധാനമായും. അതേ സമയം ഇമാം റാസി (റ) യെ പോലുള്ള മുഫസ്സിറുകൾ പറയുന്നതനുസരിച്ച്, മുസ്‌ലിം സമൂഹത്തിന് ഗുണപാഠമാകാൻ കൂടി വേണ്ടിയാണ് അവ. ഒന്ന് കൂടെ പറഞ്ഞാൽ യഹൂദ ചരിത്രത്തിലെ ഉത്ഥാന അധഃപതന കഥകൾ നമ്മോടൊപ്പം ചേർത്ത് വരച്ച് കാര്യം നാം ഉൾക്കൊള്ളണം.

യഹൂദ ചരിത്രത്തിലെ ഉന്മൂലനം നടക്കുമ്പോൾ അവിടെ പ്രവാചക ദൗത്യം എന്തായിരുന്നു, അതാണ് ഇന്നത്തെ പണ്ഡിത ദൗത്യം., യഹൂദ ചരിത്രത്തിലെ പൗരത്വ നിഷേധ വിഷയത്തിന്റെ പിന്നിൽ വർത്തിച്ച കാരണം എന്തായിരുന്നു അതിനുള്ള പരിഹാരം എന്ത് എന്നിങ്ങനെ അവിടെ വെച്ച് വായിക്കണം എന്നർത്ഥം. ഇവിടെയെല്ലാം വായിക്കാവുന്ന ഒരു ചരിത്രമാണ് മുഹറം ഒമ്പത് പത്ത് ദിനങ്ങളിലെ നോമ്പുകൾ. അതനുഷ്ഠിക്കാൻ റബ്ബ് നമുക്ക് തൗഫീഖ് നൽകട്ടെ. അതോടൊപ്പം കരുത്ത് കൂടി ലഭിക്കുമാറാകട്ടെ.

ശിഹാബ് എന്ന് പേരായ ഒരു ചെറുപ്പക്കാരൻ ഇപ്പോഴെല്ലാം നടന്നു കൊണ്ടിരിക്കയാണ്. ഇതെഴുതുമ്പോൾ അയാൾ ഗുജറാത്ത് സംസ്ഥാനത്തോടെയാണ് നടന്നു കൊണ്ടിരിക്കുന്നത്. പലരും പല അഭിപ്രായങ്ങളും പറയുന്നു.

ഹിമാലയത്തിലേക്കും മറ്റുമെല്ലാം പലരും നടന്നു പോകാറുണ്ട്, അതിലൊന്നും പ്രത്യേക അഭിപ്രായങ്ങൾ നമ്മൾ പറയാറില്ലല്ലോ. അങ്ങനെയെങ്കിൽ ഒരാൾ മക്കയിലേക്ക് നടക്കാൻ തീരുമാനിക്കുമ്പോൾ മാത്രം എന്തിന് ഞാൻ ചർച്ച ചെയ്യണം? എന്നാലും ആ ചെറുപ്പക്കാരന് വേണ്ടി എന്റെ ഹൃദയത്തിൽ പ്രത്യേകമായ പ്രാർത്ഥന ഉണ്ട്. ആ ചെറുപ്പക്കാരനിൽ ജനങ്ങൾ ഉറ്റു നോക്കുന്നുണ്ട്, അതിനാൽ അദ്ദേഹത്തിന് കൂടുതൽ മാതൃകകൾ നൽകുമാറാകട്ടെ എന്ന് കൂടി ആശംസിക്കുന്നു.

ആ നടത്തത്തിലൂടെ പലതും നമുക്ക് കാണാം. അതിലൊന്ന്, അമുസ്‌ലിംകളായ പോലീസുകാർ പോലും ആ യുവാവിനെ ആദരിക്കുന്നു എന്നതാണ്. ഇന്ത്യൻ മണ്ണിൽ നിലനിൽക്കുന്ന നന്മയാണല്ലോ നാം അതിലൂടെ കാണുന്നത്.

ജലപ്രളയത്തിന്റെ വരികൾ ഇക്കാലത്ത് തന്നെ നാം കുറിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിനറിയാതിരുന്ന ആ ദുരിതം പക്ഷെ നമ്മളും രുചിച്ചറിഞ്ഞു. കേരളവും ഭൂമിയുടെ ഭാഗം തന്നെ. കൊറോണ നക്കിയ കുറെ നല്ല ദിന രാത്രങ്ങളും കഴിഞ്ഞു പോയി. ഇപ്പോൾ അതിൽ നിന്നെല്ലാം സുരക്ഷിതമായ ഒരാവസ്ഥയിലാണിപ്പോഴുള്ളത്. മഴയുടെ കെടുതിയും മഹാമാരിയുടെ വരുത്തിയും നമ്മെ കാക്കട്ടെ.

മഹാമാരി നക്കിക്കളഞ്ഞ ഒന്നാണ് ഖിലാഫത്ത് പടയുടെ അനുസ്മരണം. 1921 ൽ സൂര്യനസ്തമിക്കാത്ത നാടെന്നു പുകൾപെറ്റിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തെ വിറപ്പിച്ച വടിയും മടലുകളും ചേർന്ന ഏറനാടിന്റെ ഭൂമിക, അവിടെ മലയാള രാജ്യം ആറു മാസത്തേണെക്കെങ്കിലും സ്വതന്ത്രമായ ചരിതം, പാട്ടുകളായി ആത്മവിശ്വാസത്തിന്റെ ശബ്ദത്തിൽ ഉയരേണ്ടതുണ്ടായിരുന്നു. പക്ഷെ കൊറോണയുടെ മാസ്കിൽ അത് മറഞ്ഞു പോയി. ഇപ്പോൾ മാസ്കെല്ലാം തുറന്നിരിക്കുന്നു. മദ്രസ്സകളും മഹല്ലുകളും ആ ഓർമ്മകളെ ഒന്ന് അയവിറക്കുന്നത് ഏറെ നന്നായിരിക്കും. ഈ തലമുറ അത് പറഞ്ഞു കൊടുക്കുമ്പോൾ മാത്രമാണല്ലോ അടുത്ത തലമുറയിലേക്ക് ആ ചരിത്ര ചൈതന്യം എത്തുകയുള്ളൂ.

നമുക്ക് അയവിറക്കാൻ ധാരാളം ചരിതങ്ങളുണ്ട്. പ്രയാസങ്ങൾ മുന്നിൽ വരുംപോൾ ആ ചരിതങ്ങൾ നമുക്ക് ഊർജമായി മാറേണ്ടതുണ്ട്. അതോടൊപ്പം തലമുറയിലേക്ക് പുതിയ ഗീതങ്ങൾ രചിക്കാൻ നമുക്ക് സാധിക്കുകയും ചെയ്യും.

കഴിഞ്ഞ തലമുറയെ കുറിച്ച് നാം അഭിമാനിക്കുന്നു പോലെ നമ്മെ അഭിമാനത്തിന്റെ പ്രതീകമായി കാണേണ്ടത് വരും തലമുറയാണ്. അതിനു വേണ്ടത് ചെയ്യേണ്ടവർ നമ്മളാണ്, അത് ചെയ്യേണ്ടതോ ഇന്നു തന്നെയാണ്.

സൂര്യൻ ഉദിച്ചു കൊണ്ടിരിക്കും, അതിൻറെ കല്പന എത്തുവോളം. ആ കിരണങ്ങൾ ആകാശത്ത് കാണുമ്പോഴെല്ലാം തന്നെ നമുക്ക് പ്രതീക്ഷയുടേതാണ്. ഈ മുഹറ മാസവും പ്രതീക്ഷയുടേത് തന്നെ. കാരണം സൂര്യൻ ചലിക്കുന്നുണ്ടല്ലോ.

●

ലേഖനം

അൽ ഹാഫിസ് ഫിറോസ് ഖാൻ കൗസരി - ചിലവ്

# ഹൃദയസ്പർശമാണ് ദാറുൽ ഉലൂം ദയൂബന്ദ്

ബാല്യകാലം മുതൽ തന്നെ അലിഫ് എന്ന ആദ്യാക്ഷരം ചൊല്ലിത്തന്ന പ്രാഥമിക മദ്രസയിലെ ഉസ്താദന്മാരുടെ പേരിനോടൊപ്പം അല്ലെങ്കിൽ നമ്മുടെ നാടുകളിൽ വഅള് പരമ്പരയ്ക്കായി ക്ഷണിക്കപ്പെടുന്ന വാഇളീങ്ങളുടെ പേരിനോടൊപ്പം നാം കേട്ടുപരിചയിച്ച ഒരു നാമമാണ് ഖാസിമി.അറിവിന്റെ ആദ്യാക്ഷരങ്ങൾ നുകരുമ്പോൾ തന്നെ ഖാസിമി എന്ന നാമവുമായി നമ്മുടെ കാതുകൾക്കൊരു ബന്ധമുണ്ട്.

പ്രാഥമിക മദ്രസ വിട്ട് അറബിക് കോളേജുകളിൽ എത്തിയപ്പോൾ ഖാസിമി എന്ന നാമത്തെ കുറിച്ചുള്ള അറിവിന്റെ ആഴവും പരപ്പും വർദ്ധിച്ചു. അഭിവന്ദ്യരായ ഗുരുവാര്യന്മാരുടെ സാരസമ്പൂർണവും അർഥഗർഭവുമായ ദാറുൽ ഉലൂമിനെ കുറിച്ചുള്ള വിവരണവും, ദാറുൽ ഉലൂമിൽ നിന്നുള്ള സമീപകാല ഫാരിഗീങ്ങളുടെ ദാറുൽ ഉലൂമിന്റെ അകവും പുറവും തൊട്ടറിയിക്കുന്ന വിശാലവും സുദീർഘവുമായ പരിചയപ്പെടുത്തലുകളും ഈ പുണ്യ മണ്ണിനെ പുൽകാനുള്ള ആഗ്രഹത്തിന്റെ തിരയിളക്കത്തിന് ആക്കംകൂട്ടി.

അതെ, ഈ മണ്ണ് പുണ്യം നിറഞ്ഞതാണ്, അനുഗ്രഹീതമാണ്, അതിലേറെ പവിത്രമാണ്. ഇലാഹി സ്മരണയിൽ നിന്നും സെക്കൻഡുകൾ പോലും വ്യതിചലിക്കാതെ റബ്ബിനെ അനുഭവിച്ചറിഞ്ഞ, ഒരു ആയുസ്സ് കൊണ്ട് ഒന്ന് വായിച്ചു തീർക്കാൻ പോലും കഴിയാത്തത്ര എണ്ണമറ്റ വിശ്വവിഖ്യാതമായ ഗ്രന്ഥങ്ങൾ രചിച്ച്, കാലയവനികയിൽ ചരിത്രം രചിച്ച് നമുക്കു മുമ്പേ നടന്നകന്ന സ്വാത്വികരായ പണ്ഡിത മഹത്തുക്കളുടെ പാദസ്പർശനം കൊണ്ട് അനുഗ്രഹീതമാണ് ഈ മണ്ണ്. അവരുടെ ശ്വാസോച്ഛ്വാസം പോലും ഇൽമ് നിറഞ്ഞതാണ്. അവിടത്തെ അന്തരീക്ഷം പോലും ഇൽമിനാൽ മുഖരിതമാണ്. ഇത് ഒരു അതിശയോക്തി പ്രയോഗമല്ല, മറിച്ച് അനുഭവിച്ചറിഞ്ഞ കണ്ടറിഞ്ഞ നഗ്നസത്യമാണ്. ഈ സൂര്യ തേജസ്സുകൾ അന്തിയുറങ്ങുന്ന നാന്നൂത്ഥ, ജലാലാബാദ്, താനാഭവൻ, ഗംഗോഹ്, റായ്പൂർ, സഹാറൻപൂർ എന്നീ നാടുകളിലൂടെയുള്ള യാത്ര ഏതൊരു മുതഅല്ലിമിന്റെയും ജീവിതത്തിൽ ലഭിച്ചേക്കാവുന്ന ഏറ്റവും വലിയ ഒരു അനുഗ്രഹമാണ്.

ദയൂബന്ദിൽ നിന്നും 28 കിലോമീറ്റർ അകലെയുള്ള അനവധി നിരവധി ഉലമാക്കൾക്ക് ജന്മം നൽകിയ നാനോഥ എന്ന പ്രദേശത്ത് അസദ് അലി എന്ന മഹാനുഭാവന്റെ പുത്രനായി 1833 ജനുവരി(ഹിജ്റ 1248 ശഅബാൻ / റമളാൻ) മാസം ഭൂജാതനായ അബൂബക്കർ (റ)ന്റെ 44 അല്ലെങ്കിൽ 45 ആം പരമ്പരയിലെ കണ്ണിയാണ് ഖാസിമുൽ ഉലൂമി വൽ ഖൈറാത്ത്, ഹുജ്ജത്തുൽ ഇസ്ലാം എന്നെല്ലാം വിജ്ഞാന ലോകം പരിചയപ്പെടുത്തിയ മൗലാന മുഹമ്മദ് ഖാസിം നാനൂതവി(റ). ദീനിന്റെ സംരക്ഷണമെന്ന ഏറ്റവും മർമ്മപ്രധാനമായ ലക്ഷ്യത്തിൽ മഹാനവറുകൾ തുടക്കം കുറിച്ച ദാറുൽ ഉലൂം, ഇന്ന് ലോകത്തിന്റെ തന്നെ ദീനീ വിജ്ഞാനകേന്ദ്രം ആണ്.

1866 മെയ് 30ന് കേവലം ഒരു വിദ്യാർത്ഥിയേയും ഒരു ഉസ്താദിനേയും കൊണ്ട് മാതളനാരകത്തിന്റെ ചുവട്ടിലായി ഛത്താ മസ്ജിദിന്റെ തിണ്ണയിലാണ് ദാറുൽ ഉലൂമിന് തുടക്കം കുറിക്കുന്നത്. ഛത്താ മസ്ജിദിൽ ഇരുന്ന് വിനീതൻ ഈ വരികൾ കുറിക്കുമ്പോൾ ഭാവനയിൽ ആ രംഗങ്ങളെ മിന്നി മറയുന്നുണ്ട്. യാദൃച്ഛികമായിട്ടാണെങ്കിലും രണ്ടു മഹ്മൂദ്മാരെ കൊണ്ടാണ് മദ്രസയുടെ തുടക്കം. ഒന്ന് ഉസ്താദ് മുല്ലാ മഹമൂദ് (റ). രണ്ട് വിദ്യാർത്ഥി മഹമൂദുൽ ഹസൻ ദേവ്ബന്ദി(റ). പിന്നീട് വിദ്യാർത്ഥികൾ വർദ്ധിച്ചു. ചത്താ മസ്ജിദ് വിദ്യാർഥികൾക്ക് തികയാതെ വന്നു. ശേ



ഷം ഛത്താ മസ്ജിദിനോട് ചേർന്ന് ഒരു വീട് വാടകയ്ക്കെടുത്തു. അവിടെയും വിദ്യാർഥികൾക്ക് സ്ഥലം തികഞ്ഞില്ല. പിന്നീട് ഛത്താ മസ്ജിദിൽ നിന്നും കുറച്ച് ദൂരത്തുള്ള ജാമിഅ മസ്ജിദിലായി പഠനം. അവിടെയും വിദ്യാർഥികൾ നിറഞ്ഞു കവിഞ്ഞു. വീണ്ടും അവിടെ മുറികൾ പണിതു. അപ്പോഴും വിദ്യാർഥികളുടെ അമിതമായ പ്രവാഹം ഒഴുകിയെത്തിയതിനെ തുടർന്ന് വീണ്ടും വീണ്ടും കെട്ടിടങ്ങൾ പണിയാൻ കഴിയുന്ന വിശാലമായ ഒരു സ്ഥലം ആവശ്യമാണ് എന്ന് മനസ്സിലാക്കിയ മൗലാനാ അവറുകൾ ഇപ്പോൾ ദാറുൽ ഉലൂം സ്ഥിതിചെയ്യുന്ന സ്ഥലം കണ്ടെത്തുകയും അത് വിലക്ക് വാങ്ങുകയും ചെയ്തു.

കൂടാതെ ശ്രദ്ധേയമായ മറ്റൊരു കാര്യം മുസ്‌ലിമീങ്ങൾ സാമ്പത്തികമായി തകർന്ന് നിന്ന സാഹചര്യത്തിൽ ദയൂബന്ദിലെ സൂഫിവര്യനും ആബിദും മഹാനുമായ ഹാജി ആബിദ് ഹുസൈൻ (റ) മദ്രസയുടെ പ്രാരഭ പ്രയാണത്തിനുവേണ്ടി ദാനമായി നൽകിയ വെറും മൂന്നു രൂപയിൽ നിന്നുമാണ് ഈ കലാലയത്തിന്റെ തുടക്കം. 'തുടക്കം ഒരു ഉസ്താദിൽ നിന്നും ഒരു വിദ്യാർത്ഥിയിൽ നിന്നും, സാമ്പത്തികശേഖരം വെറും മൂന്നു രൂപ' എന്നാൽ ഇന്ന് വിദ്യാർത്ഥികളുടെ വർധനവും മദ്രസയുടെ ഗമനവും എങ്ങനെയാണ് എന്ന കാഴ്ച ഓരോരുത്തരും അവിടെ ചെന്ന് നേരിട്ട് കാണേണ്ട യാഥാർത്ഥ്യമാണ്.കൃത്യതയും, ഭദ്രതയും നിറഞ്ഞ പാഠ്യ പദ്ധതിയും പ്രവർത്തന സംവിധനങ്ങളുമാണ് ദാറുൽ ഉലൂമിന്റേത്.

**❝ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും എന്നല്ല വിദേശരാജ്യങ്ങളിൽ നിന്നു പോലും ഈ കലാലയത്തിന്റെ തീരത്തണയാനും, ഈ ഉമ്മുൽ മദാരിസിന്റെ സുദീർഘമായ സിൽസിലയിലെ ഒരു കണ്ണിയായി വിളക്കിച്ചേർക്കപ്പെടാൻ കൊതിച്ച് ആയിരക്കണക്കിന് വിദ്യാർഥികളാണ് ഇവിടേക്ക് യാത്ര തിരിക്കാറുള്ളത്. ❞**

ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും എന്നല്ല വിദേശരാജ്യങ്ങളിൽ നിന്നു പോലും ഈ കലാലയത്തിന്റെ തീരത്തണയാനും, ഈ ഉമ്മുൽ മദാരിസിന്റെ സുദീർഘമായ സിൽസിലയിലെ ഒരു കണ്ണിയായി വിളക്കിച്ചേർക്കപ്പെടാൻ കൊതിച്ച് ആയിരക്കണക്കിന് വിദ്യാർഥികളാണ് ഇവിടേക്ക് യാത്ര തിരിക്കാറുള്ളത്. ഗാസിയാബാദും, മീററ്റും, മുളഫ്ഫർനഗറും കഴിഞ്ഞ് ദയൂബന്ദ് റെയിൽവേ സ്റ്റേഷനിൽ ഓരോ വിദ്യാർത്ഥിയും വന്നിറങ്ങുന്നത് ഒരുപാട് പ്രതീക്ഷകളും നെഞ്ചിലേറ്റിയാണ്. ഇന്ത്യയിലെ എന്നല്ല ഏഷ്യാ ഭൂഖണ്ഡത്തിലെ തന്നെ ഏറ്റവും വലിയ ദീനീ കലാലയമായി കാലം സാക്ഷ്യപ്പെടുത്തിയ, ചരിത്രങ്ങൾ രചിച്ച് ഈ കലാലയത്തിന്റെ ശോഭനമായ ഉയർച്ചയ്ക്കും വളർച്ചയ്ക്കും വേണ്ടി ജീവിതം ത്യജിച്ച് മൺ

മറഞ്ഞുപോയ, പുണ്യ മഹാത്മാക്കളും പൂർവസൂരി കളുമായ പണ്ഡിത വരേണ്യരുടെ ആത്മീയ സാന്നി ധ്യം നിലനിൽക്കുന്ന കലാലയ സ്പന്ദനങ്ങൾ, തന്റെ ഇല്മീജീവിതത്തിന്റെ തബറുക്കും നൂറുമായി മാറാൻ കാല ള്ളാ കാല റസൂലുള്ള ചൊല്ലി പഠിച്ച ഏതൊരു പഠിതാവിന്റെ ഹൃദയമാണ് കൊതിക്കാത്തത്?

നുബുവ്വത്തിന്റെ അധരങ്ങളിൽ നിന്നും അടർന്ന് വീഴുന്ന വചനാമൃതങ്ങൾ ഹൃദയാന്തരങ്ങളിൽ ആവാഹിക്കാൻ അന്നപാനീയങ്ങൾ ഉപേക്ഷിച്ച് സദാസമയവും പ്രവാചകനോടൊപ്പം കഴിഞ്ഞു കൂടിയ അഹലുസ്സുഫ്ഫയിലെ സഹാബത്തുൽ കിറാമിനെപോലെ, അറിവിന്റെ ആഴക്കടലുകളായ ഉസ്താദന്മാരിൽ നിന്നും കേൾക്കുന്ന ഒരു അക്ഷരം പോലും എനിക്ക് നഷ്ടപ്പെട്ടു കൂടാ എന്ന ആഗ്രഹത്താൽ സദാസമയവും അവരുമായി സാമിപ്യം പുലർത്തുന്ന ഒരു കൂട്ടം വിദ്യാർത്ഥികളുടെ ലോകമാണിത്. അതെ ഇവരാണ് 'വിദ്യാർത്ഥികൾ'. വിദ്യയെ ആർത്തിയോടുകൂടി ആഗ്രഹിക്കുന്നവർ.

യഥാർത്ഥത്തിൽ ഈ മണ്ണിലേക്ക് എത്താൻ നമ്മുടെ മനസ്സ് കൊതിക്കേണ്ടതുണ്ട്. ഇവിടെ എത്തിക്കഴിഞ്ഞാൽ ഈ കലാലയം നമ്മുടെ ഹൃദയസ്പർശം ആയി മാറും. ഒരുപാട് കാഴ്ചകളും ഓർമ്മകളും ഉണ്ടിവിടെ. അതിലേറെ അനുഭവങ്ങളും. ശാന്തതയും ഏകാന്തതയും നിലനിൽക്കുന്ന പഴമയുടെ പ്രതീകമായ ഛത്താ മസ്ജിദും താജ്മഹലിന്റെ മനോഹാരിതയോടെ മാർബിൾ വിരിക്കപ്പെട്ട പുതുമയുടെ പ്രൗഢിയായ റഷീദിയ്യാ മസ്ജിദും മനംകവരുന്ന കാഴ്ചകളാണ്. വിശാലമായ ഒരു മൈതാനം പോലെയുള്ള ദൗറത്തുൽ ഹദീസിന്റെ ഹാളിലേക്ക് പ്രവേശന പരീക്ഷ എഴുതുന്നതിനു വേണ്ടി ജലപ്രവാഹം പോലെ വിദ്യാർത്ഥികൾ ഒഴുകിയെത്തിയതും ദാറുൽ ഉലൂമിന്റെ വിസ്മരിക്കാൻ കഴിയാത്ത ഓർമ്മകളിൽ ഒന്നാണ്. പരീക്ഷ കഴിഞ്ഞു റിസൾട്ട് വരുന്നത് വരെയുള്ള ദിന രാത്രങ്ങൾ പള്ളിയുടെ മൂലകളിൽ ഇരുന്ന് പരിശുദ്ധ ഖുർആൻ ഹത്തം തീർത്ത് കലങ്ങിയ കണ്ണുകളുമായി, പൊട്ടിക്കരച്ചിലിന്റെ ഇരമ്പലിലായി ഛത്താ മസ്ജിദും ഖദീം മസ്ജിദും റഷീദിയ്യാ മസ്ജിദും സജീവമായിരുന്ന പ്രതീക്ഷയുടെയും ഭയപ്പാടിന്റെയും ദിനങ്ങൾ, ഏതൊരു വിദ്യാർഥിയുടെയും മനസ്സിലെ മായാത്ത ഓർമ്മകളാണ്.

പരീക്ഷയുടെ റിസൾട്ട് ഇത്രയേറെ ഭയന്ന മറ്റൊരു സന്ദർഭവും വിദ്യാർത്ഥി ജീവിതത്തിലുണ്ടാവില്ല. പ്രതീക്ഷയുടെ പ്രഭാതമാണോ അതോ നിരാശയോട് കൂടിയുള്ള മടക്കമാണോ എന്ന് മനസ്സ് തേങ്ങിയ ദിനങ്ങൾ. രാവുകളിലെ സ്വപ്നങ്ങൾ മനങ്ങളുടെ വിങ്ങൽ ആകുമോ എന്ന് ഖൽബ് മന്ത്രിച്ച യാമങ്ങൾ. മദ്രസയുടെ പുറത്തേക്കിറങ്ങിയാൽ ഇടുങ്ങിയ ഇടവഴികളിലെ ഇരുവശങ്ങളിലായി ജീവിതത്തിന്റെ ഇടുക്കം നീക്കാൻ പലതരത്തിലുള്ള കച്ചവട സാമഗ്രികളുമായി അന്നം തേടുന്നവർ, അതിനിടയിലൂടെ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്ന റിക്ഷകൾ, ഭക്ഷ്യാവശിഷ്ടങ്ങൾ തേടി നടക്കുന്ന ശുനകന്മാർ, അവശ്യസാധനങ്ങൾ വാങ്ങുന്നതിനു വേണ്ടി വരുന്ന ആളുകൾ എന്നിങ്ങനെ തിരക്കുപിടിച്ചതാണ് അവിടുത്തെ വഴികൾ.

ദാറുൽ ഉലൂമിന് ചുറ്റുമായി നൂറുകണക്കിന് പള്ളികളും എണ്ണമറ്റ മദ്രസകളും ആണുള്ളത്.അക്ഷരാർത്ഥത്തിൽ പറഞ്ഞാൽ ഒരു ദീനീ കലാലയം അവിടുത്തെ നാട്ടുകാരുടെ ദീനിലും സംസ്കാരത്തിലും വസ്ത്രധാരണത്തിലും വരുത്തിയ മാറ്റങ്ങൾ നമുക്ക് ദർശിക്കാൻ കഴിയും.നമസ്കാര സമയമായാൽ പള്ളികളിലേക്ക് എല്ലാവരും ഓടി അടുക്കുന്നു. ബഹുമാന പുരസ്സരം ഹസ്രത്, മൗലാനാ എന്നാണ് പരസ്പരം വിളിക്കുക. എല്ലാവരും സുന്നത്ത് അനുസരിച്ചുള്ള വേഷവിധാനമാണ്. ജുബ്ബയും പർദ്ദയും. സ്ത്രീകൾ മുഖം മറക്കാതെ പുറത്തിറങ്ങാറില്ല. ചുരുക്കിപ്പറഞ്ഞാൽ ഇൽമും അമലും ഒരുപോലെ പരിലസിക്കുന്ന പരിശുദ്ധ ദീനുൽ ഇസ്ലാമിന്റെ ഉരുക്കു കോട്ടയാണ് ദാറുൽ ഉലുമും അതിനുവേണ്ടി അല്ലാഹു തെരഞ്ഞെടുത്ത ദയൂബന്ദ് എന്ന പ്രദേശവും.

**❝ ദാറുൽ ഉലൂമിന് ചുറ്റുമായി നൂറുകണക്കിന് പള്ളികളും എണ്ണമറ്റ മദ്രസകളും ആണുള്ളത്.അക്ഷരാർത്ഥത്തിൽ പറഞ്ഞാൽ ഒരു ദീനീ കലാലയം അവിടുത്തെ നാട്ടുകാരുടെ ദീനിലും സംസ്കാരത്തിലും വസ്ത്രധാരണത്തിലും വരുത്തിയ മാറ്റങ്ങൾ നമുക്ക് ദർശിക്കാൻ കഴിയും.നമസ്കാര സമയമായാൽ പള്ളികളിലേക്ക് എല്ലാവരും ഓടി അടുക്കുന്നു. ❞**

പരിശുദ്ധ ദീനുൽ ഇസ്ലാമിന് വിരുദ്ധമായി ശബ്ദിച്ച വിഷലിപ്തമായ നാവുകൾക്കെതിരിൽ തൂലികകൾ ചലിപ്പിച്ച ലക്ഷക്കണക്കിന് ഈടുറ്റ പണ്ഡിത മഹത്തുക്കളെ ലോകത്തിനു സമ്മാനിച്ച ഈ ഇൽമിന്റെ പൂവാടിയിൽ എത്താൻ കൊതിക്കുന്നവരോട് വിനയപൂർവ്വം 'നിങ്ങൾ ഇപ്പോൾ മുതൽ ദുആ ചെയ്തു കൊള്ളുക ആ പുണ്യ മണ്ണിനെ പുൽകാൻ. ലോകം മുഴുവൻ പടർന്നുപന്തലിച്ച ആ വട വൃക്ഷത്തിന്റെ ഇളം തണലിൽ നമുക്ക് അണിനിരക്കാം... '

ഇഹപര വിജയം കരസ്ഥമാക്കുന്ന യഥാർത്ഥ മുഅ്മിനീങ്ങളിൽ അല്ലാഹു നാമെല്ലാവരെയും ഉൾപ്പെടുത്തി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

●

ലേഖനം

അബ്ദുല്ല ഹസനി തലനാട്

# അഷ്റഫ് അലി ഥാനവി (റഹ്) കാലഘട്ടത്തിന്റെ ഇതിഹാസ പണ്ഡിതൻ

ദാറുൽ ഉലൂം ദയൂബന്ദ് എന്ന വിശ്വപ്രസിദ്ധ പ്രസ്ഥാനം മഹിതവും അനിതര സാധാരണവുമായ അനവധി സേവനങ്ങൾ മുസ്‌ലിം സമൂഹത്തിനായി ചെയ്തിട്ടുണ്ട്.സ്ഥാപിതകാലം മുതൽ ഇന്നുവരെക്കും ആ പ്രവർത്തനങ്ങൾ അഭംഗുരം തുടർന്നുകൊണ്ടേയിരിക്കുന്നു.സൈദ്ധാന്തികവും പ്രായോഗികവുമായി ഇസ്‌ലാമിനെ വേരോടെ പിഴുതെറിയാൻ പലവിധ പരിശ്രമങ്ങൾ അരങ്ങേറിയ സമയത്തായിരുന്നു ദാറുൽ ഉലൂമിന്റെ ആവിർഭാവം.

യുക്തിഭദ്രമായും പ്രമാണബദ്ധമായും ഇസ്‌ലാമിനെ സമൂഹമധ്യത്തിൽ അവതരിപ്പിക്കാനും അബദ്ധജഡിലമായ വിമർശനങ്ങളുടെ മുനയൊടിക്കാനും ദാറുൽ ഉലൂം സ്ഥാപകരും അതിന്റെ സന്താനങ്ങളും കാഴ്ചവച്ച ഉന്നതമായ സേവനങ്ങൾ നിസ്തുലമാണ്.

അത്തരത്തിൽ അസൂയാർഹമായ ദീനി സേവനങ്ങൾ സമ്മാനിച്ച മഹത് വ്യക്തിത്വമാണ് അഷ്റഫ് അലി ഥാനവി (റ: ഹ്). തന്റെ വൈജ്ഞാനിക യാത്രയിലെ നാഴികക്കല്ലായ ദാറുൽ ഉലൂമിൽ നിന്നും പഠനം പൂർത്തിയാക്കിയത് മുതൽ തുടങ്ങുന്ന ത്യാഗനിർഭരവും സേവന സന്നദ്ധവും അതിശയകരവുമായ ജീവിതയാത്ര, വിശാല രചനകളിലൂടെയും ഹൃദയസ്പർശിയായ പ്രഭാഷണങ്ങളിലൂടെയും നിസ്വാർത്ഥമായ അധ്യാപനത്തിലൂടെയും അഗാധമായ മാനസിക ശുദ്ധീകരണ പ്രക്രിയകളിലൂടെയും കടന്നുപോയി.

പലസ്ഥലങ്ങളിലും നടത്തിയ ദീനി പ്രഭാഷണങ്ങൾ ഇന്നത്തേത് പോലെ പ്രതിഫലം വാങ്ങിക്കൊണ്ടോ കൂലി പറഞ്ഞുകൊണ്ടോ ഉള്ളതായിരുന്നില്ല. പ്രഭാഷണങ്ങൾക്ക് പകരമായി ഒരു രൂപ പോലും പ്രതിഫലമോ പാരിതോഷികമോ വാങ്ങിയില്ല എന്ന് മാത്രമല്ല താൻ അധ്യാപനം നടത്തുന്ന ഒരു സ്ഥാപനം പ്രഭാഷണാനന്തരം പിരിവ് നടത്താമെന്ന് അഭിപ്രായപ്പെട്ടപ്പോൾ അതിനോട് വിയോജിച്ച് ആ ജോലി രാജിവച്ച അനുഭവമാണ് മഹാനുഭാവനുള്ളത്.

'മൽഫൂളാത്തേ ഥാനവി' എന്ന പേരിൽ 100 കണക്കിന് ഗ്രന്ഥങ്ങൾ തയ്യാറാക്കപ്പെട്ടത് അദ്ദേഹം നടത്തിയ പ്രഭാഷണങ്ങളിൽ നിന്നെടുത്ത വിജ്ഞാന മുത്തുകൾ കൊണ്ടാണ് എന്നത് ആരെയും അൽഭുതസ്തബ്ധരാക്കും. ഇസ്‌ലാമിക സാഹിത്യത്തിന് അദ്ദേഹം നൽകിയ സംഭാവനകൾക്ക് തുല്യമായത് അവസാന ചില നൂറ്റാണ്ടുകളിൽ ഒരാൾ ചെയ്തതായി കണ്ടെത്തൽ തന്നെ ആയാസകരമാണ്.

1863 സെപ്തംബർ 19 ബുധൻ പ്രഭാതവേളയിൽ ഥാനാഭവനിൽ വെച്ചായിരുന്നു മഹാനുഭാവന്റെ ജനനം. 5 വയസ്സ് പ്രായം എത്തിയപ്പോൾ ഉമ്മയുടെ വിയോഗത്തോടെ ആ തണൽ അസ്തമിച്ചു, അനന്തരം പിതൃവ്യന്റെ ഭാര്യയുടെ പരിപാലനം തുണയായി, പിതാവിന്റെ കരുതൽ ഇരട്ടിയായി വർദ്ധിച്ചു, വിദ്യ അഭ്യസിപ്പിക്കാനും ശിക്ഷണ ചിട്ടയോടെ വളർത്താനും പ്രതിജ്ഞാബദ്ധനായിരുന്ന പിതാവ് ഭൗതിക ഇടപാടുകളിൽ വ്യാപൃതനായിരുന്നെങ്കിലും അനേകം ആത്മീയ ഗുണങ്ങളുടെ വിളനിലമായിരുന്നു. ദീർഘദൃഷ്ടിയോടെ ചെയ്യുന്ന പല കാര്യങ്ങളുടെയും പ്രയോജനം ഭാവിയിൽ വളരെ കൃത്യമായി പ്രകടമാകുമായിരുന്നു.

അതിനുദാഹരണമായി പറയാറുള്ള സംഭവമാണ് ഥാനവി (റ:ഹ്) യെ മതവിദ്യ അഭ്യസിക്കാനും സഹോദരൻ മുഹമ്മദ് അക്ബർ അലിയെ ഭൗതിക വിജ്ഞാന മേഖലയിലേക്കും തിരിച്ചുവിട്ടത്. ഭാവിയിൽ അവർ ഇരുവരും തന്റെ മേഖലയിൽ അഗ്രഗണ്യരായി തീരുകയും ചെയ്തു.

ചരിത്രത്തിൽ പകരക്കാരില്ലാത്ത അമൂല്യ വ്യക്തിത്വങ്ങൾ പിറവിയെടുക്കുന്നത് എങ്ങനെയെന്നത് ഇത്ത

രം മഹാന്മാരുടെ ബാല്യം മുതൽക്കേ യുള്ള ചരിത്രം അനാവൃതം ചെയ്യുമ്പോൾ ബോധ്യപ്പെടും. സന്താനപരിപാലനത്തിന് ഏറ്റവും നല്ല കൗൺസിലിംഗ് ക്ലാസുകളാണ് അതെന്ന തിരിച്ചറിവുമുണ്ടാകും. പന്ത്രണ്ടാം വയസ്സിൽ തന്നെ മൗലാനാ ഫതഹ് മുഹമ്മദ് (റ:ഹ) യുമായുള്ള സഹവാസം കാരണമായി രാത്രിയുടെ അന്ത്യ യാമങ്ങളിലെ ആരാധനകളുടെ വശ്യത തിരിച്ചറിയുകയും തഹജ്ജുദ് ശീലമാക്കി തുടങ്ങുകയും ചെയ്തിരുന്നു.

പരിശുദ്ധ ഖുർആനിന്റെ മനനം മുസഫർ നഗറിലെ ഒരു അധ്യാപകനിൽ നിന്നും തുടങ്ങി മീറ്റിലെ ഹാഫിസ് ഹുസൈൻ അലി ദഹ്‌ലവി (റ:ഹ്) യുടെ അടുക്കൽ പൂർത്തിയാക്കി. ശേഷം പേർഷ്യൻ ഭാഷ പഠിക്കാൻ ആയിരുന്നു ശ്രമം. പേർഷ്യൻ ഭാഷ പഠിക്കാനുള്ള പ്രാരംഭ ഗ്രന്ഥങ്ങൾ മീറ്റിലെ തന്നെ വ്യത്യസ്ത ഗുരുനാഥന്മാരുടെ അടുക്കൽ നിന്നും മധ്യനിര ഗ്രന്ഥങ്ങൾ ഥാനാഭവനിലെ മൗലാന ഫതഹ് മുഹമ്മദ് (റ:ഹ്) യിൽ നിന്നും അവസാന നിരയിലെ ഗ്രന്ഥങ്ങൾ അബുൽ ഫള്ൽ (റ:ഹ്) യിൽ നിന്നും, തന്റെ അമ്മാവനായ ജനാബ് വാജിദ് അലി (റ:ഹ്) യിൽ നിന്നുമായി പഠിച്ചു. ഗുരുവായ പ്രസ്തുത അമ്മാവൻ പേർഷ്യൻ ഭാഷാ സാഹിത്യത്തിൽ അഗാധ പാണ്ഡിത്യം പ്രകടിപ്പിച്ചിരുന്നു. മേൽപറഞ്ഞ അധ്യാപകരുടെ വൈജ്ഞാനിക സംഭാവനയും ഥാനവി (റ:ഹ്) യുടെ പഠനത്തോടുള്ള അടങ്ങാത്ത അഭിനിവേശവും സമ്മേളിച്ചപ്പോൾ പേർഷ്യൻ ഭാഷയിൽ സവിശേഷമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായി. പ്രസംഗത്തിലും എഴുത്തിലും ഗദ്യ, പദ്യ സാഹിത്യത്തിലും ഒക്കെ പേർഷ്യൻ ഭാഷയെ അനായാസം അദ്ദേഹം ഉപയോഗിച്ചിരുന്നു.

## ഉന്നത വിദ്യാഭ്യാസത്തിനായി ദാറുൽ ഉലൂമിലേക്ക്

അറബിഭാഷയിലെ പ്രാരംഭ ഗ്രന്ഥങ്ങൾ ഥാനാഭവനിൽ മൗലാന ഫതഹ് മുഹമ്മദ് (റ:ഹ്) യിൽ നിന്നും അഭ്യസിച്ചിരുന്നു.1878 ഡിസംബറിൽ ആണ് ദാറുൽ ഉലൂമിലേക്കുള്ള രംഗപ്രവേശം. മിഷ്കാത്ത്,നൂറുൽ അൻവാർ, മുഖ്തസറുൽ മആനി, തുടങ്ങി ശരീഅ വിദ്യാഭ്യാസത്തിലെ മധ്യശ്രേണീ ഗ്രന്ഥങ്ങൾ പഠിക്കാനായിരുന്നു അഡ്മിഷൻ. അഞ്ചു വർഷങ്ങൾ നീണ്ട ദാറുൽ ഉലൂം വൈജ്ഞാനിക യാത്രയിൽ ഇവ കൂടാതെ ദൗറത്തുൽ ഹദീസും ഇഫ്താഇന്റെ കോഴ്സും പൂർത്തിയാക്കി, നീണ്ട കാലയളവിനിടയിൽ പല ബന്ധു ഭവനങ്ങളിൽ നിന്നും ക്ഷണം ഉണ്ടായെങ്കിലും തന്റെ ആഗമന നോദ്ദേശത്തിന്റെ നിഷ്കളങ്കതയുടെ പേരിൽ അതിനൊന്നും മറുപടി കൊടുക്കാൻ കഴിഞ്ഞില്ല. ബുദ്ധി കൂർമത,കാര്യ ഗ്രഹണ ശേഷി,പരിശ്രമം, ഏകാന്തത, ശുദ്ധ പ്രകൃതം,ആദരവ്, വായനശീലം തുടങ്ങിയ മഹത്ഗുണങ്ങളുടെ പേരിൽ അധ്യാപകരുടെ കണ്ണിലുണ്ണിയായിരുന്നു, ഒഴിവു വേളകളിൽ പ്രധാനാധ്യാപകനായ മൗലാന മുഹമ്മദ് യഅ്ഖൂബ് നാനൂതവി (റ:ഹ്) യുടെ സമക്ഷം സന്നിഹിതനായി വൈജ്ഞാനികവും ആത്മീയവുമായ മുത്തുരത്നങ്ങൾ സമാഹരിക്കാൻ വെമ്പൽക്കൊണ്ടിരുന്നു, ഥാനവി (റ:ഹ്) യുടെ ആത്മീയ ശുദ്ധിയെ പറ്റി

"
**അറബിഭാഷയിലെ പ്രാരംഭ ഗ്രന്ഥങ്ങൾ ഥാനാഭവനിൽ മൗലാന ഫതഹ് മുഹമ്മദ് (റ:ഹ്) യിൽ നിന്നും അഭ്യസിച്ചിരുന്നു. 1878 ഡിസംബറിൽ ആണ് ദാറുൽ ഉലൂമിലേക്കുള്ള രംഗപ്രവേശം. മിഷ്കാത്ത്,നൂറുൽ അൻവാർ, മുഖ്തസറുൽ മആനി, തുടങ്ങി ശരീഅ വിദ്യാഭ്യാസത്തിലെ മധ്യശ്രേണീ ഗ്രന്ഥങ്ങൾ പഠിക്കാനായിരുന്നു അഡ്മിഷൻ.**
"

യും ബുദ്ധി കൂർമതയെ പറ്റിയും പറയാൻ അധ്യാപകർക്ക് നൂറ് നാവായിരുന്നു.

അവസാനവർഷം കാലഘട്ടത്തിന്റെ അൽഭുതമായ കർമ്മശാസ്ത്ര പണ്ഡിതൻ മൗലാനാ റഷീദ് അഹമ്മദ് ഗംഗോഹി (റ:ഹ്) വാർഷിക പരീക്ഷക്കും സനദ് ദാന ചടങ്ങിനുമായി അതിഥിയായി ദാറുൽ ഉലൂമിൽ എത്തി. ആ വേളയിൽ ഥാനവി (റ: ഹ്) യുടെ ഉസ്താദായ മൗലാന മഹ്മൂദ് ഹസ്സൻ ദയൂബന്ദി (റ:ഹ്) തന്റെ ശിഷ്യനെ വിശാലമായി പരിചയപ്പെടുത്തി. ദീർഘമായ പ്രശംസ നിറഞ്ഞ പരിചയപ്പെടുത്തൽ കേട്ട ഗംഗോഹി(റ:ഹ്) ഥാനവി (റ: ഹ്)യെ പരിശോധിക്കുവാൻ തീരുമാനിച്ച് ചില ഗൗരവമായ ചോദ്യങ്ങൾ ചോദിച്ചു. ചോദ്യങ്ങൾക്കൊക്കെ യുക്തിഭദ്രമായി സൗമ്യമായ ശൈലിയിൽ ഥാനവി (റ:ഹ്) മറുപടി പറയുന്നത് കേട്ട് ഗംഗോഹി (റ:ഹ്) നിസ്സീമമായ സന്തോഷം പ്രകടിപ്പിച്ചു.

ഇത്തരം അനവധി സംഭവങ്ങൾ മഹാനവറുകളുടെ പഠന കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ളതായി കാണാൻ കഴിയും. സംഭവബഹുലമായ ഈ പഠനയാത്രയ്ക്ക് താൽക്കാലിക വിരാമം എന്നോണം ദാറുൽ ഉലൂമിൽ നിന്നും നിശ്ചിത കോഴ്സുകൾ പൂർത്തിയാക്കി സാക്ഷ്യപത്രം സ്വീകരിക്കുന്നത് 1883 അവസാനമാണ്. 20 വയസ്സ് പ്രായമായിരുന്നു അപ്പോൾ.

## വിനയത്തിന്റെ നിസ്തുല മാതൃക

ഇസ്‌ലാമിക വൈജ്ഞാനിക മേഖലയിലെ നിസ്തുലനും അഗാധപാണ്ഡിത്യത്തിന് ഉടമയുമായിരുന്ന



ത്ഥാനവി (റ) യുടെ വിനയം എന്ന മഹാ ഗുണത്തിന്റെ ആഴങ്ങൾ തിരിച്ചറിയാൻ അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു എളിയ സംഭവം മതിയാകും.

ദാറുൽ ഉലൂമിൽ നിന്നും പഠനം പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് വാങ്ങാൻ സമയമായപ്പോൾ അതുമായി ബന്ധപ്പെട്ട ഒരു സദസ്സും പഠിച്ചിറങ്ങുന്ന നവ പണ്ഡിതരെ ആദരിക്കുന്നതിനു വേണ്ടി അന്ന് നിലനിന്നിരുന്ന ശിരസ്സിൽ തലപ്പാവ് അണിയിക്കുക എന്ന കർമ്മവും നടത്താൻ അധികൃതർ തീരുമാനിച്ച വിവരം അറിഞ്ഞ ത്ഥാനവി (റ) ഉടൻതന്നെ തന്റെ പ്രിയ സുഹൃത്തുക്കളുമായി ആദരണീയ ഗുരുനാഥൻ യഅ്ഖൂബ് നാനൂതവി (റ) യുടെ സമക്ഷത്തിൽ എത്തിച്ചേർന്ന് അങ്ങേയറ്റത്തെ താഴ്മയോടെയും അപേക്ഷാപൂർവ്വവും ഈ പ്രോഗ്രാം നടത്തരുതെന്ന് കേണപേക്ഷിച്ചു, ഇത്തരമൊരു പരിപാടി നടത്തി ആദരിക്കപ്പെടേണ്ട യാതൊരു യോഗ്യതയും ഞങ്ങൾക്കില്ല, അതിനുള്ള പക്വതയിലേക്ക് ഞങ്ങൾ എത്തിയിട്ടില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ പരിഭവം.

ആ വേളയിൽ സമാദരണീയനായ ഗുരുനാഥന്റെ മറുപടി അക്ഷരാർത്ഥത്തിൽ അത്ഭുതപ്പെടുത്തും വിജ്ഞാന സാഗരങ്ങളായ നിങ്ങളുടെ അധ്യാപകരുടെ മധ്യത്തിൽ നിങ്ങൾ കഴിഞ്ഞുകൂടുന്നതുകൊണ്ടാണ് നിങ്ങൾ ഒന്നുമല്ല എന്ന് നിങ്ങൾക്ക് തോന്നുന്നത് ഇവിടെ നിന്നും പുറത്തു പോയാൽ ആരാണ് നിങ്ങളെന്ന് നിങ്ങൾക്ക് തന്നെ തിരിച്ചറിയാൻ സാധിക്കും.

## അദ്ധ്യാപകർ

വളരെ പ്രഗൽഭരും വിജ്ഞാന കലവറകളുമായിരുന്ന മഹത്തുക്കളായ അധ്യാപകരെ അദ്ദേഹത്തിന് ലഭിച്ചു എന്നത് വലിയ ഭാഗ്യമായിരുന്നു, ഹുജ്ജത്തുൽ ഇസ്‌ലാം മൗലാനാ ഖാസിം നാനൂ തവി (റ:ഹ്) യുടെ കീഴിൽ പഠിച്ച് ശിഷ്യത്വം നേടിയെടുക്കാൻ കഴിഞ്ഞില്ലെങ്കിലും മൗലാനാ യഅ്ക്കൂബ് നാനൂതവി, മൗലാനാ മഹ്മൂദുൽ ഹസൻ ദയൂബന്ദി, മൗലാനാ സയ്യിദ് അഹമ്മദ്, മൗലാനാ മുല്ലാ മഹ്മൂദ്, മൗലാനാ അബ്ദുൽ അലി (റ:ഹ്) തുടങ്ങിയ മഹാ പണ്ഡിതന്മാരുടെ പ്രിയ ശിഷ്യൻ ആകാൻ അദ്ദേഹത്തിന് കഴിഞ്ഞു. ദാറുൽ ഉലൂമിൽ അദ്ദേഹം ചേരുന്നത് മധ്യശ്രേണിയിലെ ഗ്രന്ഥങ്ങൾ പഠിക്കാനായിരുന്നു.അപ്പോൾ ഖാസിം നാനൂതവി (റ:ഹ്) ഉന്നത ശ്രേണിയിലെ ഗ്രന്ഥങ്ങൾ ആയിരുന്നു പഠിപ്പിച്ചിരുന്നത്, ഒരു വർഷത്തിനിപ്പുറം ത്ഥാനവി (റ:ഹ്)അവിടെ എത്തിയപ്പോൾ നാന്നൂതവി (റ:ഹ്) ഇഹലോകവാസം വെടിഞ്ഞു.

ഖുർആൻ പാരായണ നിയമവും അനുബന്ധ വിജ്ഞാന ശാഖകളും വിശ്വപ്രസിദ്ധ പണ്ഡിതനായ ഖാരി മുഹമ്മദ് അബ്ദുല്ല (റ: ഹ്) യിൽ നിന്നും കരഗതമാക്കിയതിനാൽ ത്ഥാനവി (റ: ഹ്) യുടെ പാരായണ ശൈലി മികച്ചതും ഉസ്താദിനോട് വളരെയധികം സാദൃശ്യം പുലർത്തുന്നതുമായിരുന്നു, പലപ്പോഴും പാരായണ വേളയിലെ ശബ്ദ സാമ്യത കാരണം ഗുരുവിനെയും ശിഷ്യനെയും തിരിച്ചറിയപ്പെടാത്ത സാഹചര്യങ്ങൾ പോലും ഉണ്ടായിട്ടുണ്ട്.

*(തുടരും)*

## കാർഗുസാരി

**ഇബ്നു അബ്ദുൽ അസീസ്**

# സന്താനോ ഡു ലിവർമെൻ്റോ - ബ്രസീലിൽ ദീനി അന്തരീക്ഷമുള്ള ഒരു നാട്

ബ്രസീലിന്റെ തെക്കുള്ള ചൂയിയിൽ എട്ടു ദിവസം പരിശ്രമിച്ച ശേഷം, 800 കി.മീറ്റർ അപ്പുറത്തുള്ള സന്താനോ ഡു ലിവർമെന്റോ എന്ന നാട്ടിലേക്കാണ് നമ്മുടെ അടുത്ത യാത്ര. പലസ്തീനികളായ ഹസ്സൻ ഒരാഴ്ചത്തേക്കും അലി മുസ്തഫ മൂന്നു ദിവസത്തേക്കും ഞങ്ങളുടെ കൂടെ പുറപ്പെട്ടു വന്നു.

റമളാൻ മാസത്തിൽ നോമ്പു നോറ്റു കൊണ്ട് പത്തു മണിക്കൂർ യാത്ര ചെയ്യൽ ക്ലേശകരമായതിനാൽ മുമ്പു പ്രവർത്തിച്ച നാടായ പാലോട്ടസിൽ വഴിക്കവെച്ചു എത്തിയപ്പോൾ മുമ്പ് താമസിച്ചിരുന്ന മുസല്ലയിൽ ഒരു രാത്രി കഴിച്ചു കൂട്ടി. ബസ് സ്റ്റാന്റിൽ, വന്ദ്യ വൃദ്ധനായ നയീമും അബൂ ഇബ്രാഹീമും രണ്ടു കാറുകളിലായി സ്വീകരിക്കാൻ എത്തിയിരുന്നു. മുമ്പുണ്ടായിരുന്ന തണുപ്പ് ഇപ്പോഴില്ല. മഴയും പെയ്തു തീർന്നിരുന്നു.

രാവിലെ 9 മണിക്ക് പാലോട്ടസിൽ നിന്ന് പുറപ്പെട്ടു ഉച്ചക്ക് സന്താനോ ഡു ലിവർ മെന്റൊവിൽ എത്തി. വഴിക്കു വെച്ചു ചൂയി ബോർഡറിൽ ചെക്കിങ്ങ് ഉണ്ടായിരുന്നു. രണ്ടു പോലീസുകാർ ഞങ്ങളുടെ പാസ്പോർട്ടുകളും ഒരാളുടെ പെട്ടിയും പരിശോധിച്ചു. അവരുടെ വളരെ ചെറിയ കേമറയിൽ (മൊബൈൽ കേമറ അന്നുണ്ടായിരുന്നില്ല) പാസ്പോർട്ടുകളുടെ ഫോട്ടോ എടുത്തു. പലസ്തീൻ ജമാഅത്തിൽ നിന്ന് വന്നു ഞങ്ങളുടെ കൂടെ കൂടിയ പ്രഫസ്സർ ജമീലിന്റെ വിസയുടെ തീയ്യതി കഴിഞ്ഞതിനാൽ ലക്ഷ്യ സ്ഥലത്തെത്തിയാൽ പിഴയടച്ചു പുതുക്കണമെന്നു ആവശ്യപ്പെട്ടു. പോലീസുകാർ വളരെ മയമുള്ള സ്വഭാവക്കാരായിരുന്നു.

ഞങ്ങളെ സ്വീകരിക്കാൻ കാറുമായി ആളുകൾ ബസ് സ്റ്റാന്റിൽ എത്തിയിരുന്നു. ജുമാ നമസ്ക്കാരത്തിനെത്തിയ ഇമാമടക്കം മസ്ജിദ് അൽ സലാമിന്റെ വെളിയിൽ ഇന്ത്യൻ ജമാഅത്തിനെ സ്വീകരിക്കാൻ കാത്തു നിൽക്കുന്നുണ്ടായിരുന്നു. ഇമാം ആള് ഉഷാർ! കുറുന്ന് തടിച്ച പൂമൊട്ടക്കാരനായ ഇദ്ദേഹം കച്ചവടക്കാരനാണ്. ഒച്ചയെടുത്ത് ഫലിതങ്ങൾ പറഞ്ഞു ആളുകളെ ചിരിപ്പിച്ചു സന്തോഷിപ്പിച്ചു കൊണ്ടാണ് പള്ളിയിലേക്ക് വരവ്. അഞ്ചു നേരവും കറക്ടിന് പള്ളിയിലെത്തും. ഒരു മുക്കാലും ശമ്പളമില്ല.!

ധാരാളം മുസ്ലിം കുടുംബങ്ങളുള്ള ഈ നാട്ടിൽ അധികപേരും പള്ളിയിൽ അഞ്ചു നേരവും വരുന്നവരാണ്. ജമാഅത്തിന്റെ സംസാരം ശ്രവിക്കാൻ ഒന്നിച്ചിരിക്കുകയും പുറപ്പെടാൻ പേരുകൾ പറയുകയും ചെയ്യുന്നു. പലസ്തീനിയായ ഇയാദ് രണ്ടു നാൾ മുമ്പ് നാലു മാസത്തേക്ക് ഇന്ത്യയിലേക്കു പുറപ്പെടാനായി ബ്രസീലിന്റെ തലസ്ഥാന നഗരിയായ സംപോളിലേക്ക് പോയി. അവിടെ അദ്ദേഹത്തോട്

യാത്ര നിർദ്ദേശങ്ങൾ (റവാനഗി) പറയപ്പെടും. ഇവിടെയുള്ള സ്ത്രീകളിലുള്ള ദീനി ബോധമാണ് ഈ നാട്ടിൽ ദീനിയായ ഉണർവിനു കാരണമെന്നു പുരുഷന്മാർ പറയുന്നു.

ഈ നാട്ടിൽ അധികപേരും കച്ചവടക്കാരാണ്. ഹനീനി കുടുംബക്കാരും അബൂ റംസീ കുടുംബക്കാരും ഇവരിൽ പ്രമുഖരാണ്. ഹനീനികളിൽ മൂന്നു പേർ 30 –40 ദിവസങ്ങൾ ജമാഅത്തിൽ പുറപ്പെട്ടു പോയവരാണ്. അബൂ റംസി കുടുംബത്തിലുമുണ്ട് പുറപ്പെട്ടവർ. മുഹമ്മദ് ഹനീനി കവിയും കൂടിയാണ്. 20 ൽ പരം പുസ്തകങ്ങൾ അറബിയിലും പോർച്ചുഗീസ് ഭാഷയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഞങ്ങൾക്കുവേണ്ടി നോമ്പുതുറയും അത്താഴവും കൊണ്ടുവരാൻ ഇവരെല്ലാം കൂടി മത്സരമാണ്. പല തരത്തിലുള്ള ബിരിയാണികൾ, നെയ്യി ൽ പൊരിച്ച പലഹാരങ്ങൾ, ശീതളവും ചൂടുമുള്ള പാനീയങ്ങൾ.

സ്ത്രീകളിൽ ചിലർ മറ്റുസ്ത്രീകൾക്കും കുട്ടികൾക്കും ദീനി വിഷയങ്ങൾ ഫ്രീയായി പഠിപ്പിക്കുന്നു. ജുമുഅക്ക് ശേഷം, ആണുങ്ങളിൽ നിന്ന് മറഞ്ഞ രീതിയിൽ, സ്ത്രീകൾ സ്ത്രീകൾക്ക് ഉപദേശങ്ങൾ കൊടുക്കുന്നു. തല മക്കനയും ശരീരമാസകലം മറയുന്ന വസ്ത്രവും ധരിച്ചു കൊണ്ട് ഭാര്യമാരും പെൺമക്കളും അവരുടെഭർത്താക്കന്മാരെയും ഉപ്പമാരേയും കച്ചവടത്തിൽ സഹായിക്കുന്നു.

സന്ദർശനത്തിനിറങ്ങിയപ്പോൾ വഴിക്ക് വെച്ചു മുഹമ്മദ് ഹനീനിയെ കിട്ടി. അദ്ദേഹം ഞങ്ങളെ കൂട്ടിക്കൊണ്ട് നടന്നു, ഒടുവിൽ ഒരു ബഹുനില ക്കെട്ടിടത്തിനു മുമ്പിൽ എത്തി. ഈ കെട്ടിടം അദ്ദേഹത്തിന്റെതാണ്. വർഷങ്ങൾക്ക് മുമ്പ് പലസ്തീനിൽ നിന്ന് പാലായനം ചെയ്തു ഇവിടെയെത്തി വഴിയരുകിൽ ചെരുപ്പ് വെച്ചു വില്പന തുടങ്ങിയ എനിക്ക് അല്ലാഹു ഐശ്വര്യം നല്കി.'

ഞങ്ങളെയും കൂട്ടി അദ്ദേഹം മേലേക്ക് കയറി. കെട്ടിടത്തിന് ഏറ്റവും മുകളിൽ പള്ളിയുടെ മിനാരം പോലെ ഉയർത്തിക്കെട്ടിയിരിക്കുന്നു. ഈ കെട്ടിടത്തിന്റെ രണ്ടാം നില മുഴുവൻ നമസ്ക്കാര സ്ഥലമാക്കിയിരിക്കയാണ്. നമസ്ക്കാര ഹാളും, മദ്രസ്സ ഹാളും, സ്ത്രീകൾക്കു നമസ്ക്കരിക്കാൻ വേറെ തന്നെ സൗകര്യങ്ങളും, വുളു കുളി മുറി, കക്കൂസുകളും ഉണ്ടാക്കിയിട്ടുണ്ട്. ഈ കെട്ടിട്ടത്തിൽ തന്നെയാണ് അദ്ദേഹവും കുടുംബവും താമസിക്കുന്നത്. നടുവേദനയുണ്ടാവുമ്പോൾ തന്റെ ശയനമുറിയുടെ പകുതി വലുപ്പമുള്ള വലിയ കുളി മുറിയിലെ ബാത്ത്ടബ്ബിൽ ചൂടിന്റെയും തണുപ്പിന്റെയും വെള്ളത്തിന്റെ ടാപ്പുകൾ തുറന്നു വെച്ചു കുറെ നേരം സ്നാനം ചെയ്യും. മൂന്നാം തട്ടിൽ മകളും ഭർത്താവും താമസിക്കുന്നു. ഏറ്റവും മുകളിൽ ടെറസ്സിൽ പ്രാവുകൾ കൂടു കെട്ടി മുട്ടയിട്ടതും കാണിച്ചു തന്നു ! കെട്ടിടത്തിനു മുന്നിൽ ഇരു റോഡുകൾക്കിടയിലുള്ള പുൽതകിടിയിൽ, താൻ കുട്ടികളെ പോറ്റുന്നതു പോലെ താലോചിച്ച് വെള്ളമൊഴിച്ചു നട്ടുവളർത്തിയ സൈത്തൂൻ മരവും വാഴയും ഹനീനി ഉത്സാഹത്തോടെ കാണിച്ചു തന്നു.

ബ്രസീലിന്റെയും ഉറുഗ്വേ യുടെയും അതിർ വരമ്പിലാണ് നമ്മളിപ്പോൾ ഉള്ളതെന്ന് ഹനീനി പറഞ്ഞു.

റോഡിനപ്പുറത്ത് കുട്ടികൾക്കും മുതിർന്നവർക്കും വിനോദിക്കാൻ ധാരാളം ഒരുക്കങ്ങൾ ചെയ്തിട്ടുള്ള ഒരു പാർക്കുണ്ട്. ഈ പാർക്കിന്റെ പകുതി ഭാഗം ബ്രസീലിലും പകുതി ഉറുഗ്വേ രാഷ്ട്രത്തിലും പെട്ടതാണത്രെ. പാർക്കു മുറിച്ചു കടന്നു ഞങ്ങൾ ഉറുഗ്വേയിൽ പ്രവേശിച്ചു. കഴിഞ്ഞ അധ്യായത്തിൽ ചൂയിയെ കുറിച്ചു പറഞ്ഞതു പോലെ ഇവിടെയും ഇരു രാജ്യക്കാർക്കും അങ്ങോട്ടും ഇങ്ങോട്ടും പോയി വരാം – അതിർത്തി ചെക്കിങ്ങും വിസയുമില്ലാതെ ! പടച്ചവനുണ്ടാക്കിയ ഭൂമിക്കു അതിരുകളും മനസ്സിൽ വിവേചനത്തിന്റെ മുൾ വേലികളുമില്ലല്ലൊ. മനസ്സിന് വരമ്പു കെട്ടാത്ത അതിരുകളില്ലാത്ത മനുഷ്യസ്നേഹികളാണീ നാട്ടുകാർ. അതിരും, പാസ്പോർട്ടും,വിസയും ഇവരുടെ ഹൃദയങ്ങളെ വിവേചിച്ചി ടുക്കിക്കളഞ്ഞിട്ടില്ല. അതൊക്കെ ചില മനുഷ്യ നിയമങ്ങൾ കൃത്രിമമായുണ്ടാക്കിയ വിലക്കുകളാണ് ഇവരെ സംബന്ധിച്ച ത്തോളം – രണ്ടു അയൽപക്ക മനുഷ്യർ പട്ടാളക്കുപ്പായം ധരിച്ചു കൊണ്ടു് വേലിക്കപ്പുറവും ഇപ്പുറവും മുഖാമുഖം നിലയറപ്പിച്ചു കൊണ്ട്,മനുഷ്വത്തത്തെ മറന്നു, കണ്ണ് ചിമ്മി, തമ്മിൽ തമ്മിൽ അപരന്റെ മാറിൽ വെടിയുണ്ട ഉതിർക്കാനായി ഉണ്ടാക്കിയ ക്രൂരതയുടെ അതിർ രേഖകളല്ലേ ഈ മുൾ വേലികൾ? ലോകം മുഴുവനും ഒരു മാതൃകാനേതൃത്വത്തിനു കീഴിൽ വരികയും ഈ വേലികൾ പിഴുതെറിയപ്പെടുകയും ചെയ്യുന്ന ഒരു നല്ല കാലം തീർച്ചയായും കാലം കാണുക തന്നെ ചെയ്യും.

സിംഹം സിംഹത്തെ കൊല്ലാറില്ല. തന്റെ ഭക്ഷണമായതിന്റെ പേരിൽ മാനിനെ വേട്ടയാടും. കുറുക്കൻ കുറുക്കനെ കൊല്ലില്ല. കോഴിയെ പിടിക്കും. പൂച്ച പൂച്ചയെ കൊല്ലില്ല. എലിയെ പിടിക്കും. തന്റെ വർഗ്ഗത്തെ വേട്ടയാടുന്ന ഒരേ ഒരു മൃഗം മനുഷ്യൻ മാത്രമാണ്. മനുഷ്യ മൃഗത്തെ തമ്മിൽ സ്നേഹിക്കുന്ന നല്ല മനുഷ്യരാക്കാനുള്ള ഉദാത്തമായ പരിശ്രമത്തിന്റെ പേരാണ് ദഅവത്ത് – നബിമാർ ചെയ്ത പരിശ്രമം. അതിപ്പോൾ ചെയ്യേണ്ടവർ ഞാനും നിങ്ങളും. പക്ഷെ കുറുന്തോട്ടിക്ക് തന്നെ വാതം പിടിച്ചാൽ ചികിത്സ എന്തുണ്ട്, അല്ലാഹുവിന്റെ

വഴിയിൽ പുറപ്പെടുവിക്കലല്ലാതെ?

മുഹമ്മദ് ഹനീനിയുടെ ഭാര്യ പാർക്കിനപ്പുറം ഉറുഗ്വേയിലും ഹനീനി പാർക്കിനിപ്പുറം ബ്രസീലിലുമാണ് ഇപ്പോൾ താമസം. എപ്പോൾ വേണമെങ്കിലും ഒരു തടസ്സവുമില്ലാതെ അവർക്ക് പരസ്പരം പ്രാപിക്കാം.

നല്ല ഒതുക്കമുള്ള സുമുഖനായൊരു പലസ്തീനി റെഡിമെയിഡ് കച്ചവടക്കാരനാണ് സലേഹ്. അദ്ദേഹത്തിന്റെ മകൻ ദുബായിൽ ശെയിഖ് ഹംദാൻ നടത്തുന്ന മദ്രസയിൽ ഖുർആൻ ഹിഫ്ള് ചെയ്തു കൊണ്ടിരിക്കയാണ്. ജീവനു തുല്യം സ്നേഹിക്കുന്ന മകനെ ഉമ്മ പ്രേരിപ്പിച്ചു, തന്നിൽ നിന്ന് പറിച്ചു മാറ്റി അയച്ചതാണ്. ഞങ്ങളദ്ദേഹത്തിന്റെ കടയിൽ സന്ദർശനത്തിനു ചെന്നപ്പോൾ ദുബായിലേക്ക് ഫോൺ വിളിച്ചു മകനെ പരിചയപ്പെടുത്തിത്തന്നു. ഞങ്ങൾ കുറെ നേരം മകനുമായി കുശലം ചെയ്തു. ഞാനാലോചിച്ചു പോയി : ബ്രസീലിലെ ജീർണിച്ച പാശ്ചാത്യ സംസ്ക്കാരത്തിന്റെ അതിപ്രസരത്തിൽ യുവ ജീവിതങ്ങൾ ഹോമിക്കപ്പെടുമ്പോൾ, ഒരു പിതാവ് തന്റെ മകനെ ഖുർആൻ ഹിഫ്ള് ചെയ്യാൻ അങ്ങകലെ കടലിനപ്പുറമുള്ള മദ്രസ്സയിൽ അയക്കുക എന്നത് എത്ര ഉയർന്നതും സ്തുതിയർഹമായതുമായ കാര്യമാണ്! ലിവർ മെന്റൊ വിലെ ദീനിയായ ഉണർവിനെയും അതിൽ ഇവിടുത്തെ ഉമ്മമാർ വഹിക്കുന്ന നിസ്തുല്യമായ പങ്കിനെയും ഇതു വിളിച്ചോതുന്നു.

പൊതുജന സന്ദർശനങ്ങൾ, ഹദീസു കിത്താബുകൾ വായിക്കുമ്പോൾ രണ്ടു പേർ പുറത്ത് ചെന്നു ആ സദസ്സിലേക്ക് കുറച്ചു സമയത്തേക്ക് ആളുകളെ ക്ഷണിച്ചു കൊണ്ടുവന്നു പങ്കെടുപ്പിക്കൽ, സ്ഥലത്തെ പ്രധാനികളെ ചെന്നു കാണൽ, ജമാഅത്തിൽ പുറപ്പെടാൻ പ്രേരണ നൽകാൻ വേണ്ടി വീട്ടിലൊ കടയിലൊ ചെന്നു മുസ്‌ലിംകളെ പ്രോത്സാഹിപ്പിക്കൽ, പുറപ്പെടാൻ തയ്യാറുള്ളവരെ കൈയ്യോടെ വസൂൽ ചെയ്തു ജമാഅത്തിൽ ചേർക്കൽ, തുടങ്ങിയ അഞ്ചു രീതിയിലുള്ള ദഅവത്തിന്റെ പരിശ്രമങ്ങൾ ഞങ്ങൾ ചെയ്തു കൊണ്ടിരുന്നു. ഇതിനായി ഒറ്റയായും കൂട്ടമായും ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിച്ചു കൊണ്ടിരുന്നു. ഈ അഞ്ചും ചെയ്യുമ്പോഴാണ് വ്യക്തികളോ ജമാഅത്തുകളോ അല്ലാഹുവിന്റെ മാർഗത്തിലേക്ക് പുറപ്പെടുന്നത്. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവനെക്കാൾ നല്ല വർത്തമാനം പറയുന്നവൻ ആരാണുള്ളത്.

അവൻ, അള്ളാഹു, ഉണ്ട്. അവൻ എല്ലാത്തിനേയും ഉണ്ടാക്കിയവൻ എന്നെന്നും ഉള്ളവൻ 'തുടക്കം ഇല്ലാത്തവൻ' 'അവസാനം ഇല്ലാത്തവൻ' 'എന്നെന്നും നിലനിൽക്കുന്നവൻ' 'എന്നെന്നും ജീവിച്ചിരിക്കുന്നവൻ എല്ലാം അറിയുന്നവനും കേൾക്കുന്നവനും എല്ലാം കാണുന്നവനും ഒരു കാര്യം ഉണ്ടാവുക എന്നത് അവന്റെ ഉദ്ദേശത്തിന്റെ പേരാണ് അവൻ അതുല്യൻ, അജയൻ, വലിയവൻ,മഹത്വ പൂർണ്ണൻ. അവൻ മറഞ്ഞതും വെളിവായതും ഒരേ സമയം കാണുന്നവൻ. ചെറുതും വലുതും കാണുന്നവൻ. മേലെയും താഴെയും മുന്നിലും പിന്നിലും ഇടതും വലതും ഒരേ സമയം കാണുന്നവൻ, ഒരേ സമയം കേൾക്കുന്നവൻ. കഴിഞ്ഞു പോയതും നിലവിലുള്ളതും വരാൻ പോകുന്നതും ഒരേ സമയം കണ്ടവൻ. ഒന്നും അവനിൽ നിന്ന് ഒളിച്ചുവെക്കപ്പെടാത്തവൻ. ഇരുട്ടത്തും വെളിച്ചത്തും കാണുന്നവൻ. രാത്രിയും പകലും കാണുന്നവൻ. വൻകടലിലെ മത്സ്യങ്ങളെയും ആകാശത്തിലെ പറവകളെയും ഒരേസമയം കാണുന്നവൻ. മനുഷ്യരെയും മലക്കുകളെയും ജിന്നുകളെയും കാണുന്നവൻ. ദുനിയാവിനെയും പരലോകത്തെയും കാണുന്നവൻ. അവൻ ഏഴു ആകാശങ്ങളെയും ഏഴ് ഭൂമികളെയും അവക്കുള്ളി ലുള്ള സർവ്വതിനേയും കാണുന്നവൻ. അവൻ സ്വർക്ഷത്തിലെ ഹൂർലീങ്ങളേയും ഭൂമിക്കടിയിലെ പുഴുക്കളെയും കടലിലെ മത്സ്യങ്ങളെയും കാണുന്നവൻ. മലകളെയും മണൽത്തരികളേയും കാണുന്നവൻ. അവൻ എവറസ്റ്റ് കൊടുമുടിയും അറ്റ്ലാൻറിക് സമുദ്രത്തിന്റെ അടിത്തട്ടും കാണുന്നവൻ. ഹൃദയം സ്പന്ദിക്കുന്നതും, രക്തം ഓടുന്നതും, രാസ പരിണാമങ്ങൾ നടക്കുന്നതും, പൾസ് മിടിക്കുന്നതും, സൃഷ്ടികൾ കണ്ണുകൊണ്ട് നോക്കിക്കൊണ്ടിരിക്കുന്നതിനേയും, നോക്കുന്ന എല്ലാ ദൃഷ്ടിയേയും കാണുന്നവൻ. ഒരു ദൃഷ്ടിയും അവനെ കാണാത്തവൻ. അവൻ കാണാത്തതായി ഒന്നുമില്ല. ദൃശ്യവും അദൃശ്യവും അറിയുന്നവൻ. അവനെ പോലെ ഒന്നുമില്ല. ലൈസ കമിസ് ലിഹീ ശൈയുൻ.

വിശ്വാസികളെ അന്വേഷിച്ചു കൊണ്ടു ബഞ്ചർ ബസ്തിയിലേക്ക്...പതിനഞ്ചോളം മുസ്‌ലിം കുടുംബങ്ങൾ 150 കി.മീറ്റർ അപ്പുറത്തുള്ള ബാജേയിൽ ഉണ്ടെന്നറിഞ്ഞു, ലിവർമെന്റുകാരായ മൂന്നുപേരേയും കൂട്ടി ജമാഅത്തിലുള്ള നാലു പേർ രണ്ടു കാറുകളിലായി ചെന്നു. വിശ്വാസികളുണ്ടായിട്ടും പള്ളിയും നമസ്ക്കാരക്കാരും ഇല്ലാതെ, ദീനിയായ ഒരു ചലനവുമില്ലാതെ മൃതമായി കിടക്കുന്ന, മുസ്‌ലിംകളുള്ള നാടകൾക്കാണല്ലൊ ബഞ്ചർ ബസ്തി എന്നു വിളിക്കാറ്. ബാജെയിൽ റംളാൻ മാസമായിട്ടും, ജൂമാ നമസ്ക്കാരമൊ പള്ളിയോ ഇല്ല. വൃദ്ധനായ, ജമാ എന്നു പേരുള്ള കച്ചവടക്കാരന്റെ കടയിൽ ഞങ്ങൾ ളുഹർ നമസ്ക്കരിച്ചു. രണ്ടു ചെറിയ റൂമും കുളിമുറിയുമുള്ള, നാസറിന്റെ പൂട്ടിയിട്ട വീടു തുറന്നു തന്നു. അവിടെ അടുത്ത ദിവസം അസർവരെ ഞങ്ങൾ തങ്ങി. ഇടയി

ലുള്ള നമസ്ക്കാരങ്ങൾക്കായി ജനങ്ങളെ കൂട്ടിക്കൊണ്ടുവന്നു നമസ്ക്കരിപ്പിച്ചു കൊണ്ടിരുന്നു. തങ്ങൾ നാളിതുവരെയായി ഒരു പള്ളിയുണ്ടാക്കിയില്ലല്ലോ എന്നതിൽ അവർക്കെല്ലാം ഖേദം തോന്നി. അവർ പറഞ്ഞു: മുസല്ലയുണ്ടാക്കാൻ ഞങ്ങൾ തയ്യാറാണ്, പക്ഷെ ഇമാമത്തിനും ഖുതുബ ചെയ്യാനുമൊന്നും അറിവുള്ള ആരും ഞങ്ങളിൽ ഇല്ല.

പെലോട്ടസിൽ നിന്നു ശേഖ് നയീമും ലെബനാനിയായ കമാലും ഞങ്ങളുടെ കൂടെ നുസ്രത്തിനായി (സഹായിക്കാനായി) വന്നു. നയീം അവരോടു പറഞ്ഞു: ആദ്യം നിങ്ങൾ മസ്ജിദുണ്ടാക്കൂ. അപ്പോൾ അല്ലാഹു ഇമാമിനെ തന്നുകൊള്ളും.

യുവാക്കൾക്ക് കലിമയും ഫാതിഹയും വുളുവും നമസ്ക്കാരവുമൊന്നും നേരാംവണ്ണം അറിഞ്ഞുകൂടാ. നമ്മുടെ മർഹൂം മുഹമ്മദ് ഇഞ്ചനീയർ (അദ്ദേഹത്തിന്റെ ഖബർ പ്രകാശ പൂരിതമാകട്ടെ) അവരെയൊക്കെ ഇരുത്തി ഫാതിഹ പഠിപ്പിച്ചു കൊണ്ടിരുന്നു. നാസർ എന്ന ചെറുപ്പക്കാരനോടും അബൂ യൂസുഫിനോടും വൃദ്ധനായ ജുമയോടും മറ്റും മുറി വാടകക്കെടുത്ത് മുസല്ല തുടങ്ങാൻ പ്രേരിപ്പിച്ചു. ഇതൊക്കെ നിലവിൽ വരാൻ വേണ്ടി ഏറ്റവും നല്ല പരിഹാരം, ആളുകളെ ജമാഅത്തിൽ പുറപ്പെടുവിച്ചു ഈമാനിയായ ശക്തിയുണ്ടാക്കലാണ് എന്നതു കൊണ്ടു അതിനു വേണ്ടി പതിനഞ്ചു കുടുംബങ്ങളിലും കയറിയിറങ്ങി പരിശ്രമിച്ചു കൊണ്ടിരുന്നു. 'പുറപ്പെടൽ'എന്ന വലിയ ഗുണം ഉണ്ടാവുമ്പോൾ അതു എല്ലാ ഗുണങ്ങളേയും വലിച്ചടുപ്പിക്കും. പുറപ്പെടൽ ഇല്ലാതാവുമ്പോൾ ഓരോ ഗുണങ്ങളും ഇല്ലാതായിക്കൊണ്ടിരിക്കും. പുറപ്പെടൽ പുറപ്പെട്ടു പോയപ്പോൾ ഗുണങ്ങൾ ഒരോന്നായി പുറപ്പെട്ടു പോയി. പുറപ്പെടൽ തിരിച്ചു വന്നാൽ നഷ്ടപ്പെട്ടു പോയ ഗുണങ്ങൾ എല്ലാം തിരിച്ചു വരും - സ്വഹാബാക്കളിലും അവരിൽ കൂടി ലോകത്തും ഗുണങ്ങൾ ഉണ്ടായതു പോലെ.

ഇവിടെ രണ്ടു ദിവസം പ്രവർത്തിച്ചു ലിവർമെന്റോവിലേക്ക് തിരിക്കുമ്പോൾ ഞങ്ങളുടെ കൂടെ ജമാഅത്തിൽ ദിവസങ്ങൾ ചെലവഴിക്കാൻ ബാജേയിലുള്ള പുതിയ രണ്ടു പേർ ഒന്നിച്ചു വന്നു - യുസുഫും ചെറുപ്പക്കാരനായ ഇമാദും. കുറഞ്ഞ ദിവസത്തെ മെനക്കെടൽ കൊണ്ട് കിട്ടിയ വൻലാഭം തന്നെയായിരുന്നു അത് ! ഇൻശാ അല്ലാഹ്, ഇവർ ജമാഅത്തിൽ സമയം ചെലവഴിച്ചു ബാജേയിലേക്ക് തിരിച്ചെത്തിയാൽ ഈ നാട്ടിലെ മൃതാവസ്ഥയിലുള്ള ദീനിയായ അവസ്ഥക്ക് പുനർജീവൻ നല്കാൻ ദീനിന്റെ ദാഇകളായി തിരിച്ചെത്തുന്ന ഇവർ, കാരണമാവില്ലേ? ഇവരെ പുറപ്പെടുവിക്കാൻ മെന

**“ പെലോട്ടസിൽ നിന്നു ശേഖ് നയീമും ലെബനാനിയായ കമാലും ഞങ്ങളുടെ കൂടെ നുസ്രത്തിനായി (സഹായിക്കാനായി) വന്നു. നയീം അവരോടു പറഞ്ഞു: ആദ്യം നിങ്ങൾ മസ്ജിദുണ്ടാക്കൂ. അപ്പോൾ അല്ലാഹു ഇമാമിനെ തന്നുകൊള്ളും. ”**

കെട്ടവരുടെ പരലോകത്തേക്കിതെത്ര വൻ നേട്ടമായിരിക്കും? ഈ രാജപാത, അല്ലാഹു എല്ലാവർക്കുമായി തുറന്നിട്ടിരിക്കുന്നു. പ്രിയമുള്ള വായനക്കാരാ, സഞ്ചരിക്കാം താങ്കൾക്കും, ഇതിലൂടെ... അനുഭവങ്ങൾ താളുകളിൽ അച്ചടിച്ചു താങ്കളുടെ കൈയിൽ എത്തിക്കുന്നതിന്റെ ലക്ഷ്യം വായിച്ചു രസിപ്പിക്കലല്ല. പുറപ്പെട്ടു ആഖിറം സമ്പാദിക്കലാണ്. താങ്കളെന്തു പറയുന്നു?

നോമ്പു തുറക്കുവാൻ തിരിച്ചു ലിവർമെന്റെവിലെ മസ്ജിദ് സലാമിൽ എത്തേണ്ടിയിരിക്കന്നു. ബജയിൽ നിന്നു ഞങ്ങളേയും കയറ്റി വാഹനങ്ങൾ നൂറ്റമ്പതു കി.മീറ്റർ ചീറിപ്പാഞ്ഞു...

ഒരാഴ്ചയായി ഞങ്ങൾ ലിവർമെന്റവിൽ പരിശ്രമിച്ചു കൊണ്ടിരിക്കയാണല്ലൊ. ബ്രസീലിലെ നമ്മുടെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു. ഇനിയും കുറെ നാടുകളിൽ എത്തേണ്ടിയിരിക്കുന്നു.

ഞങ്ങൾ നാളെ രാവിലെ ലിവർമെന്റോ വിടുകയാണെന്നും ഞങ്ങളുടെ കൂടെ പുറപ്പെടാൻ തയ്യാറുള്ളവർ മാറി ഇരിക്കണമെന്നും തറാവീഹ് നമസ്ക്കാരത്തിനു ശേഷം ഞങ്ങൾ വിളമ്പരം ചെയ്തു. രസികനായ ഇമാം സാഹിബ്, തെല്ലൊരു അരിശത്തോടെ, ഇരുന്ന ഇരുപ്പിൽ സദസ്സിനു നേരെ തിരിഞ്ഞു കൊണ്ടു വിളിച്ചു പറഞ്ഞു: 'ഇത്രപെട്ടെന്നു സ്ഥലം വിടുന്ന ഒരു ജമാഅത്തിനെയും ഈ പള്ളിയിൽ ഇനി മുതൽ കേറ്റാതിരിക്കാൻ ഇനിയെങ്കിലും സൂക്ഷിക്കണേ'. ജനങ്ങളിൽ പലരും കേണപേക്ഷിക്കുന്നതു പോലെ പറഞ്ഞു കൊണ്ടിരുന്നു : നോ നോ നോ... നിങ്ങൾ നാളെത്തന്നെ പോവരുത്.

നല്ലവരായ ഇന്നാട്ടുകാരുടെ നിഷ്ക്കളങ്കമായ ആഗ്രഹത്തെ മാനിച്ചു കൊണ്ട്, ഇവിടെ ചില ദിവസങ്ങൾ കൂടി പാർത്തു കൊണ്ട് ക്വറാനയിലും ഉറുഗ്വാനയിലും റൊസാരിയിലും പ്രവർത്തിക്കാമെന്ന് ഞങ്ങൾ കൂടിയാലോചിച്ചു തീരുമാനിച്ചു.

●

*(തുടരും, ഇ:അ:)*

ലേഖനം

സാലിഹ് പുതുപൊന്നാനി

# ഹസ്രത്ത് ഹുസൈൻ (റ) ഘാതകർ ശിയാക്കൾ

ഹുസൈൻ തങ്ങളെ വധിച്ചത് ഞങ്ങൾ തന്നെ. അതായത് ഞങ്ങളുടെ പിതാമഹന്മാർ, ശിയാക്കൾ, കൂഫക്കാർ, അലിയെയും(റ) ഹുസൈനെയും (റ) ചതിച്ചവർ..

വഞ്ചകരായ കൂഫക്കാരുടെ ചതിയിൽ പെടുകയായിരുന്നുവല്ലോ മഹാനായ ഹുസൈൻ തങ്ങൾ.. കൂഫക്കാർ നേരത്തെ തന്റെ പിതാവിനെയും ചതിച്ചിട്ടുണ്ട്. അക്കാര്യം ഓർമ്മപ്പെടുത്തി ഹുസൈൻ തങ്ങളെ കൂഫയിലേക്ക് പോകുന്നത് കാരണവന്മാർ പലരും തടഞ്ഞതായിരുന്നു. അതുതന്നെ സം'വിച്ചു. കൂഫക്കാർ ചതിച്ചു. യുദ്ധമുഖത്ത് അദ്ദേഹത്തെ തള്ളിയിട്ട ശേഷം അവരിൽ ചിലർ മറുപക്ഷത്തെ സൈന്യത്തിൽ ചേർന്നു?! സൈന്യത്തെ പ്രകോപിപ്പിച്ചും പ്രേരിപ്പിച്ചും അവർ ഹുസൈൻ തങ്ങളെയും കുടുംബത്തെയും വകവരുത്തി. ശമിരിബിൻ ദിൽ ജൌഷൻ എന്ന കൂഫക്കാരനായ ശിയാ അവരിൽ വിദഗ്ദ്ധനായിരുന്നു.. ശിയാക്കളുടെ ചതി മനസ്സിലാക്കിയ ഹുസൈൻ തങ്ങൾ അന്നുതന്നെ അവർക്കെതിരെ പ്രാർഥിച്ചു. അല്ലാഹുവേ, അവർക്ക് ജീവിക്കാൻ നീ അവസരം നൽകുന്നുവെങ്കിൽ അവരെ നീ ചിന്നഭിന്നമാക്കണം. അവരെ വിവിധ വഴികളാക്കി തകർക്കണം. അവരെ നീ ഒരിക്കലും ഇഷ്ടപ്പെടരുത്. അവർ നമ്മെ സഹായിക്കുന്നതായി നടിച്ച് പിന്നെ നമ്മുടെ മേൽ ചാടിവീണ് വധിക്കാനുള്ള പുറപ്പാടിലാണ് (ശിഈ ആധികാരിക പണ്ഡിതൻ മുഫീദ് എഴുതിയ ഇർശാദിൽ നിന്നും)

ഹുസൈൻ തങ്ങളുടെ പ്രിയ പുത്രൻ സൈനുൽ ആബിദീൻ തങ്ങൾ ശിയാക്കളോട് പിന്നീട് തുറന്നടിക്കുന്നത് കാണുക:

എന്റെ പ്രിയ പിതാവിന് നിങ്ങൾ കത്തെഴുതി വഞ്ചിച്ചത് അറിയാമോ നിങ്ങൾക്ക്?! പിന്തുണക്കാം എന്ന്കരാർ നല്കിയ നിങ്ങൾ പിന്നീട് അദ്ദേഹത്തെ ചതിച്ചു കൊന്നു കളഞ്ഞില്ലേ.! 'നിങ്ങൾ എന്റെ മകനെ കൊന്നുവല്ലേ, എന്നോടുള്ള ബഹുമാനം നിങ്ങൾ തകർത്തു കളഞ്ഞുവല്ലേ, നിങ്ങൾ എന്റെ ഉമ്മത്തിൽ ഉൾപ്പെടില്ല' എന്നിങ്ങനെ നാളെ തിരുദൂതർ(സ്വ) ചോദിക്കുമ്പോൾ നിങ്ങൾ ഏതു കണ്ണ് കൊണ്ടാണ് വഞ്ചകരേ തിരുദൂതരെ നോക്കുക?! (അൽ ഇഹ്തിജാജ് 2/32)

ഹിബത്തുദ്ധീൻ ശഹ്രസ്താനി എന്ന ശിഈ പണ്ഡിതൻ, പ്രസിദ്ധ ശിഈ സാഹിത്യകാരനായ ജാഹിളിൽ നിന്നും ഉദ്ധരിക്കുന്നു: ഖുസൈമത്തുൽ അസദി പറഞ്ഞു: ഞാൻ കൂഫയിൽ പോയ വേളയിൽ, അലി ബിൻ ഹുസൈൻ(റ) കൂടെയുള്ള കുട്ടികളുമായി കർബലയിൽ നിന്നും ഉബൈദുള്ള ബിൻ സിയാദിന്റെ അടുത്തേക്ക് പോകുന്ന രംഗം ഞാൻ കണ്ടതാണ്. വഴിയിൽ മാറത്തടിച്ച് നിലവിളിക്കുന്ന സ്ത്രീകളെ നോക്കി ഉച്ചത്തിൽ ഹുസൈൻ (റ) പുത്രൻ അലി(റ) അവരോടു പറഞ്ഞു:

അവർ നമുക്ക് വേണ്ടി കരയുന്നു പോലും ! അവ



രല്ലാതെ ആരാണ് നമ്മെ വധിച്ചത്?!'' (അൽഇഹ്തിജാജ് 2/29)

സൈനുൽ ആബിദീൻ തങ്ങളുടെ പുത്രി ഫാത്വിമ സുഗ്രാ ശിയാക്കളെ വിളിച്ചു പറഞ്ഞു :

കൂഫക്കാരേ, വഞ്ചനയുടെയും ചതിയുടെയും കുരുട്ടിന്റെയും ആളുകളേ, ഞങ്ങൾ അഹ്ലുല്ബൈത്ത് നിങ്ങൾ കാരണം ദുരിതത്തിലായി. ഞങ്ങൾ നിമിത്തം നിങ്ങളും അപകടത്തിലായി. എന്നാൽ,ഞങ്ങളുടെ ബലാഇനെ അല്ലാഹു ഉത്തമമാക്കി(ഗുണകരമാക്കി). നിങ്ങൾ ഞങ്ങളെ നിഷേധിച്ചു, അവിശ്വസിച്ചു.! ഞങ്ങളെ വധിക്കുന്നത് നിങ്ങൾ ഹലാലായി കണ്ടു, ഞങ്ങളുടെ സമ്പത്ത് തട്ടിയെടുക്കാവുന്നതായും.?! ഇന്നലെ ഞങ്ങളുടെ പിതാമഹനെ നിങ്ങൾ കശാപ്പ് ചെയ്തതുപോലെ, നിങ്ങളുടെ വാളുകളിൽ ഞങ്ങൾ അഹ് ലുബൈത്തിന്റെ ചുടുചോര ഒഴുക്കിയ പോലെ, നിങ്ങൾക്ക് നാശം, ശാപവും തീരാ ശിക്ഷയും നിങ്ങൾക്കുമേൽ ഇറങ്ങിക്കഴിഞ്ഞു. നിങ്ങൾ പരസ്പരം ദുരിതം അനു'വിപ്പിക്കും. നിങ്ങൾ ചെയ്ത അക്രമം നിമിത്തമായി ഉയിർപ്പുനാളിൽ വേദനാജനകമായ ശിക്ഷയിൽ നിങ്ങൾ നിത്യവാസം അനു'വിക്കും. അറിഞ്ഞോളൂ, അക്രമികളുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ട്. കൂഫക്കാരേ, നിങ്ങൾ നശിക്കട്ടെ. നിങ്ങൾ തിരുനബിയുടെ സന്ദേശങ്ങൾ എത്രയെത്ര പഠിച്ചു?! എന്നിട്ടും നിങ്ങൾ അവിടുത്തെ പ്രിയ സഹോദരനും എന്റെ പിതാമാഹനുമായ അലി(റ)യോട് വഞ്ചന കാണിച്ചു, അദ്ദേഹത്തിന്റെ പുത്രനോടും സന്താന പരമ്പരയോടും..'

അലി (റ) യുടെ പുത്രി സൈനബ് (റളി:) ശിയാക്കളെ ആക്ഷേപിച്ചുകൊണ്ട് പറയുന്നു : കൂഫക്കാരെ, വഞ്ചകരേ, ചതിയന്മാരേ, നല്ല ഉറപ്പുള്ള പാശമാകുവോളം പിരിച്ചുണ്ടാക്കിയ ശേഷം ആ കയറിന്റെ ഇഴകൾ ഓരോന്നും അഴിച്ചുകളഞ്ഞ (മക്കയിലെ ഭ്രാന്തിയായ) സ്ത്രീയാണ് നിങ്ങൾക്ക് യോജിക്കുന്ന ഉദാഹരണം. നിങ്ങളിൽ അഹന്തയും പകയും കള്ളവും അല്ലാതെ വല്ലതും ഉണ്ടോ?! എന്റെ സഹോദരൻ ഹുസൈനു വേണ്ടി കരയുന്നത് നിങ്ങളോ, മഹാത്ഭുതം! അങ്ങനെ ആകട്ടെ, അല്ലാഹുവാണെ ! നിങ്ങൾ ധാരാളം കരയുകയും കുറച്ചുമാത്രം ചിരിക്കുകയും ചെയ്യുക. അങ്ങനെ അതിന്റെ അപമാനം പേറി നരകിക്കുക. അന്ത്യ പ്രവാചകരുടെ പുന്നാര മക്കളെ വധിച്ചു കളഞ്ഞത് നിസ്സാരമായി നിങ്ങൾ എങ്ങനെ കാണുന്നു?!'

ശിഈ ഗ്രന്ഥങ്ങളിൽ തന്നെ അനുസ്മരിക്കുന്ന ഈ വക അനിഷേധ്യമായ സം'വങ്ങളുടെ അടിസ്ഥാനത്തിൽ, നജഫിലെ ശിയാക്കളുടെ ആധികാരിക വക്താവായ മൂസവി വ്യക്തമാക്കുന്നു: ' സുവ്യക്തമായ ഇത്തരം പരാമർശങ്ങൾ ആരാണ് ഹുസൈന്റെ ഘാതകരെന്നു വ്യക്തമാക്കുന്നു, അത് ശിയാക്കൾ തന്നെ, കൂഫക്കാർ. അതായത് നമ്മുടെ പിതാമഹന്മാർ ! അതുകൊണ്ടത്രേ സുന്നികൾ ഹുസൈൻ വധത്തിന്റെ ഉത്തരവാദിത്തം നമ്മുടെമേൽ ചുമത്തുന്നത്...' (അഅയാൻശീഅ/ 1/34)

*കടപ്പാട്.*